32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 05, 2024 | Vol. XXXII No. 01 | Periodicals Postage Paid

4 ഇന്ത്യൻ നാവികരുടെ വധശിക്ഷ റദ്ദാക്കി

5 ഇ.വി.എമ്മിന്റെ പ്രവർത്തനം കുറ്റമറ്റത്:

8 പ്രിയങ്കയ്ക്കും ഭർത്താവിനും എതിരേ ഇ.ഡി. അന്വേഷണം

11 വൈക്കം സത്യഗ്രഹ ശതാബ്ദി ആഘോഷിച്ചു

14 പ്രസ്ക്ലബ് ചിക്കാഗോ ചാപ്റ്ററിന് പുതിയ നേതൃത്വം

### പുതുവത്സരാശംസകൾ

## കേരളാ എക്സ്പ്രസ്സിന് മുപ്പത്തിരണ്ട് വയസ്

അമേരിക്കൻ മലയാളികളുടെ വായനയേയും ചിന്തകളേയും സമൃദ്ധമാക്കിയ കേരളാ എക്സ്പ്രസ് വർത്തമാനപത്രം മുപ്പത്തിരണ്ടാം വർഷത്തിലേക്ക് കടന്നിരിക്കുന്നു. ഏതാണ്ട് എട്ടുലക്ഷത്തിലധികം മലയാളികൾ ഉള്ള അമേരിക്കയിൽ മലയാളികളുടെ അക്ഷര സ്നേഹത്തിന്റെ ഭാഗമാകാൻ കഴിഞ്ഞത് ഞങ്ങളുടെ നിയോഗമായി കരുതുന്നു. മാവേലിക്കര സ്വദേശിയായ കെ.എം. ഈപ്പന്റെ നേതൃത്വത്തിൽ 1992-ൽ ആരംഭിച്ച കേരളാ എക്സ്പ്രസ്



കെ.എം. ഈപ്പൻ



ജോസ് കണിയാലി

മാതൃഭാഷയ്ക്കും, നമ്മുടെ സംസ്കാരവും പൈതൃകവും അമേരിക്കൻ മണ്ണിലും നിലനിൽക്കാൻ നടത്തിയ ശ്രമത്തിന്റെ വിജയവഴികളാണ് കഴിഞ്ഞ മുപ്പത്തിയൊന്ന് വർഷങ്ങൾ.

കേരളാ എക്സ്പ്രസ്സിന്റെ എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുടെ നേതൃത്വത്തിൽ മലയാളത്തിലെ ആദ്യത്തെ ഓൺലൈൻ ന്യൂസ് പോർട്ടൽ കൂടിയായ കേരളാ എക്സ്പ്രസ് ഡോട്ട് കോം ഇപ്പോൾ അമേരിക്കൻ മലയാളികളുടെ ദൈനംദിന വാർത്തകളുടെ നേർ ചിത്രമായി മാറിക്കഴിഞ്ഞു. അമേരിക്കൻ മലയാളികളുടെ വാർത്തകൾക്ക്, ജീവിതത്തിന്റെ നേർചിത്രങ്ങൾക്ക് പ്രാധാന്യം നൽകുന്ന കേരളാ എക്സ്പ്രസ് പുതുവത്സരത്തിലേക്ക് കടക്കുമ്പോൾ 2024 ഞങ്ങൾക്ക് പ്രതീക്ഷകളുടേതാണ്.

കേരളാ എക്സ്പ്രസ്സിന്റെ വഴികളിൽ താങ്ങും തണലുമായി നിന്ന എല്ലാ അമേരിക്കൻ മലയാളികൾക്കും സംഘടനാ സുഹൃത്തുക്കൾക്കും വിശിഷ്യ വായനക്കാർ, പരസ്യ ദാതാക്കൾ, എഴുത്തുകാർ തുടങ്ങി എല്ലാ വ്യക്തികൾക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി.

**ഏവർക്കും പുതുവത്സരാശംസകൾ**

**കെ.എം. ഈപ്പൻ (ചീഫ് എഡിറ്റർ)** **ജോസ് കണിയാലി (എക്സിക്യൂട്ടീവ് എഡിറ്റർ)**

# വികസിത ഭാരതത്തിന് അയോധ്യയിൽനിന്ന് പുതിയ കുതിപ്പ്: നരേന്ദ്ര മോദി

ന്യൂഡൽഹി: പുതിയ ഭാരതത്തിൽ വികസനവും പാരമ്പര്യവും ഒരുമിച്ചു കുതിക്കുന്നതിന്റെ തെളിവാണ് അയോധ്യയിലെ രാമക്ഷേത്രമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ക്ഷേത്ര നഗരിയായ അയോധ്യയിൽ 15,700 കോടിയുടെ പദ്ധതി ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിച്ചശേഷം അയോധ്യയിൽ നടന്ന പൊതുസമ്മേളനത്തിലും നരേന്ദ്ര മോദി പ്രസംഗിച്ചു. അയോധ്യയിൽ നടന്ന റോഡ് ഷോയ്ക്കുശേഷമാണ് വികസന പദ്ധതികളുടെ ഉദ്ഘാടനം നടന്നത്. അയോധ്യയിലെ മഹർഷി വാല്മീകി അന്താരാഷ്ട്ര വിമാനത്താവളം ഉദ്ഘാടനം ചെയ്തു. ശ്രീരാമ കിരീട മാതൃക ചൂടിയ അയോധ്യ ധാം റെയിൽവേ സ്റ്റേഷൻ,



അയോധ്യയിൽ റോഡിനിരുവശവും കാത്തുനിന്നവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിവാദ്യം ചെയ്യുന്നു

(ശേഷം 24-ാം പേജിൽ)

# സിൽവർലൈനിന് ഭൂമി നൽകാനാകില്ലെന്ന് ദക്ഷിണ റെയിൽവേ

തിരുവനന്തപുരം: സിൽവർലൈൻ വേഗറെയിൽ പദ്ധതിക്കു ദക്ഷിണ റെയിൽവേയുടെ ചുവപ്പുകൊടി. കേരളത്തിൽ ഭാവി റെയിൽ വികസനവും വേഗംകൂട്ടലും തടസ്സപ്പെടുമെന്നതിനാൽ ഇപ്പോഴത്തെ അലൈൻമെന്റ് അനുസരിച്ച് ഒരിഞ്ചു ഭൂമി പോലും വിട്ടുനൽകാനാകില്ലെന്നു ദക്ഷിണ റെയിൽവേ കേന്ദ്ര റെയിൽവേ ബോർഡിന് റിപ്പോർട്ട് നൽകി. തിരുവനന്തപുരം മുതൽ കാസർകോട് വരെ കെ-റെയിൽ ആവശ്യപ്പെട്ട മുഴുവൻ റെയിൽവേ ഭൂമിയിലും തടസ്സവാദം ഉന്നയിച്ചാണു റിപ്പോർട്ട്. റെയിൽവേ ഭൂമിയിൽ കെ-റെയിലുമായി ചേർന്നുനടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് നൽകണമെന്നു റെയിൽവേ ബോർഡ് ഒക്ടോബറിൽ ആവശ്യപ്പെട്ടിരുന്നു. തിരുവനന്തപുരം മുതൽ തൃശൂർ വരെ ഇടവിട്ടും അതിനുശേഷം ഏതാണ്ട് പൂർണമായും റെയിൽവേ ട്രാക്കിനു സമാന്തരമായി കടന്നുപോകുന്ന സിൽവർ ലൈനിന് 183 ഹെക്ടർ റെയിൽവേ ഭൂമിയാണു വേണ്ടത്. ആശയവിനിമയം നടത്താതെയാണ് അലൈൻമെന്റ് അന്തിമമാക്കിയതെന്നും റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നു.

(ശേഷം 24-ാം പേജിൽ)

## ധനകാര്യ കമ്മീഷൻ ചെയർമാനായി ഡോ. അരവിന്ദ് പനഗാരിയ



ന്യൂഡൽഹി: നീതി ആയോഗിന്റെ ആദ്യ വൈസ് ചെയർമാൻ ആയിരുന്ന ഡോ. അരവിന്ദ് പനഗാരിയയെ ചെയർമാനാക്കി കേന്ദ്ര സർക്കാർ 16-ാം ധനകാര്യ കമ്മീഷൻ രൂപീകരിച്ചു. അംഗങ്ങളുടെ നിയമനം പ്രത്യേകമായി വിജ്ഞാപനം ചെയ്യും. ധനമന്ത്രാലയം ജോയിന്റ് സെക്രട്ടറി റിതിക് രഞ്ജനം പാണ്ഡെയെയാണ് സെക്രട്ടറി. കേന്ദ്ര, സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ

(ശേഷം 24-ാം പേജിൽ)

## രാമചന്ദ്രൻ കടന്നപ്പള്ളിയും കെ.ബി. ഗണേഷ്കുമാറും മന്ത്രിമാരായി സ്ഥാനമേറ്റു



രാമചന്ദ്രൻ കടന്നപ്പള്ളിയും കെ.ബി. ഗണേഷ്കുമാറും സത്യപ്രതിജ്ഞയ്ക്കുശേഷം സദസിനെ അഭിവാദ്യം ചെയ്യുന്നു.

തിരുവനന്തപുരം: രാമചന്ദ്രൻ കടന്നപ്പള്ളിയും കെ.ബി. ഗണേഷ്കുമാറും മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. ഡിസംബർ 29-ന് വൈകുന്നേരം നാലിന് രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്തു. അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരനാണ് സത്യപ്രതിജ്ഞാ ചടങ്ങ് നടത്തുന്നതിന് ഔപചാരികമായി ഗവർണറെ ക്ഷണിച്ചത്. രജിസ്ട്രേഷൻ, മ്യൂസിയം,

(ശേഷം 24-ാം പേജിൽ)



# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** ATLANTA : 404 633 4200 / CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**


Salu K. Kunnatha


Reena Emmanuel


Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com


## Sixth Death Anniversary

**1-10-2024**



# JAMES KOLADIYIL

## CHICAGO

*Inserted By*
*Sorrowing Family*

SHARON FELLOWSHIP CHURCH CHICAGO

# SEEKING SENIOR PASTOR

## Qualifications

- Ordained by an accredited Pentecostal organization
- 5 years of pastoral experience
- Must be Married
- Fluent in English & Malayalam
- Firm belief in fundamental Pentecostal doctrines
- US Citizen or Permanent Resident

**Term starts August 2024**
**Please send your CV & Portfolio to**
**sfccpastorsearch@gmail.com**
Subject: Full Time Pastor

**For more information about Sharon Fellowship Church - Chicago, visit our website at www.sfcchicago.com**



MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED

# MEDICARE

Medicare coverage can be confusing and it is important to make the best decision for you and your health.
There are four different parts of Medicare:

| | |
|---|---|
| Part A<br>Hospital Insurance | Part C<br>$0 Premium Medicare Advantage Plans |
| Part B<br>Medical Insurance | Part D<br>Prescription Drug Coverage |

Medicare Supplement Plans Offered by Various Companies at competitive Rates

CALL or TEXT **RAJ SURENDRAN**

Senior Medicare Specialist
Investment Advisor Representative, MBA

**708-945-3985**

www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com



*There is no obligation,*
*All consultations are complimentary!*





Michael Crifase Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm
## Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau
AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

# ഖത്തറിൽ എട്ട് മുൻ ഇന്ത്യൻ നാവികരുടെ വധശിക്ഷ റദ്ദാക്കി

ന്യൂഡൽഹി: ഖത്തറിൽ തടവിൽ കഴിയുന്ന മലയാളി ഉൾപ്പെടെ എട്ട് മുൻ ഇന്ത്യൻ നാവികരുടെ വധശിക്ഷ റദ്ദാക്കി. പൂർണേന്ദു തിവാരി, സുഗുണകർ പകല, അമിത നാഗ്പാൽ, സഞ്ജീവ് ഗുപ്ത, നവ്തേജ് സിങ് ഗിൽ, ബിരേന്ദ്രകുമാർ വർമ, സൗരഭ് വസിഷ്ഠ്, രാഗേഷ് ഗോപകുമാർ എന്നിവരുടെ വധശിക്ഷയാണു ജയിൽ ശിക്ഷയായി അപ്പീൽ കോടതി കുറച്ചത്. കോടതി ഉത്തരവ് പുറത്തുവരാത്തതിനാൽ ജയിൽശിക്ഷാ കാലാവധിയെക്കുറിച്ചു വ്യക്തതയില്ല. ദോഹയിലെ അഭിഭാഷകരുടെ സംഘവുമായി ആശയവിനിമയം തുടരുകയാണെന്നും കോടതി ഉത്തരവ് ലഭിച്ചാലുടൻ തുടർനടപടി സ്വീകരിക്കുമെന്നും കേന്ദ്ര വിദേശകാര്യമന്ത്രാലയം അറിയിച്ചു. 2015-ലെ ഇന്ത്യ-ഖത്തർ ധാരണ പ്രകാരം ആ രാജ്യത്ത് തടവ് ശിക്ഷ ലഭിച്ചവർക്ക് ഇന്ത്യയിലെ ജയിലുകളിൽ കഴിയാനാകും. ഇത് അവരെ നാട്ടിലെത്തിക്കാനുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്കു കരുത്ത് പകരും.

ഇന്ത്യൻ നാവികസേനയിൽനിന്നു വിരമിച്ച ശേഷം ഖത്തറിലെ ഒരു പ്രതിരോധ സേവന കമ്പനിയിൽ ജോലി ചെയ്ത് വരികയായിരുന്ന എട്ട് ഉദ്യോഗസ്ഥരെ ചാരപ്രവർത്തനം ആരോപിച്ച് 2022 ഓഗസ്റ്റ് 30-ന് അർധരാത്രിയിലാണു ഖത്തർ തടവിലാക്കിയത്. അവർക്കൊപ്പം മറ്റ് രണ്ടുപേരും പിടിയിലായി. അവർ ഇസ്രയേലിനുവേണ്ടി ചാരവൃത്തി നടത്തിയെന്നായിരുന്നു ആരോപണം. ഇക്കാര്യം ഖത്തർ സ്ഥിരീകരിച്ചുമില്ല. ഖത്തർ നാവികസേനാ പദ്ധതികളുടെ ഭാഗമായിരുന്നു യാത്രയെന്നും അവർ ചാരന്മാർ അല്ലെന്നുമായിരുന്നു ബന്ധുക്കളുടെ നിലപാട്. ഇതേത്തുടർന്നായിരുന്നു കേന്ദ്രസർക്കാർ ഇടപെടൽ.

ദഹ്റ ഗ്ലോബൽ ടെക്നോളജീസ് ആൻഡ് കൺസൾട്ടൻസി എന്ന കമ്പനിയിലെ ജീവനക്കാരായിരുന്നു അവരപ്പോൾ. അറസ്റ്റിനു പിന്നാലെ അവർക്കു ജാമ്യം നിഷേധിച്ച് ഏകാന്തതടവിലാക്കി. കഴിഞ്ഞ മാർച്ചിലാണു വിചാരണ തുടങ്ങിയത്. കഴിഞ്ഞ ഒക്ടോബർ 26-നാണു ഖത്തർ കോടതി വധശിക്ഷ വിധിച്ചത്. ഇവർക്കെതിരെയുള്ള കുറ്റപത്രം പുറത്തുവിടാൻ ഖത്തർ ഭരണകൂടം വിസമ്മതിക്കുകയും ചെയ്തു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരിൽ യുദ്ധക്കപ്പലുകളിൽ കമാൻഡർ, ക്യാപ്റ്റൻ തുടങ്ങി ഉയർന്ന തസ്തികകളിൽ പ്രവർത്തിച്ചവരും ഉണ്ടായിരുന്നു. ഇന്ത്യയുടെ ഇടപെടലിനെ തുടർന്നായിരുന്നു അപ്പീൽ സ്വീകരിച്ചത്. ദുബായിൽനടന്ന കോപ്പ് 28 ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഖത്തർ ഭരണാധികാരി ഷെയ്ക് തമീം ബിൻ ഹമദ് അൽതാനിയും നടത്തിയ കൂടിക്കാഴ്ചയിൽ വിഷയം ചർച്ചചെയ്തിരുന്നു. ദോഹയിലെ ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥനുമായി മുൻപരിചയമുണ്ടായിരുന്നുവെന്നും തുടർന്നുണ്ടായ സൗഹൃദസംഭാഷണമാണു സംശയത്തിലേക്കും അറസ്റ്റിലേക്കും നീണ്ടതെന്നും സൂചനപുറത്തുവന്നിരുന്നു. പാകിസ്താൻ നൽകിയ തെറ്റായ വിവരങ്ങളാണു പ്രശ്നമുണ്ടാക്കിയതെന്നും റിപ്പോർട്ടുകളുണ്ടായിരുന്നു.

## ഓപ്പറേഷൻ യാത്രി സുരക്ഷ: കണ്ടെത്തിയത് 1.38 കോടിയുടെ മോഷണമുതൽ

ന്യൂഡൽഹി: 'ഓപ്പറേഷൻ യാത്രി സുരക്ഷ'യുടെ ഭാഗമായി ഇന്ത്യയിൽ കഴിഞ്ഞ ഏഴു മാസത്തിനിടെ റെയിൽവേ പോലീസ് കണ്ടെടുത്തത് 1.38 കോടിയുടെ മോഷണമുതൽ. ഈ വർഷം ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ കണ്ടെത്തിയ മോഷണമുതലിന്റെ കണക്കുകളാണ് സെൻട്രൽ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് (ആർ.പി.എഫ്.) പുറത്തുവിട്ടത്. സോലാപുർ ഡിവിഷനിലാണ് ഏറ്റവും കൂടുതൽ മോഷണമുതൽ കണ്ടെടുത്തത്. 99.29 ലക്ഷം രൂപ വിലവരുന്ന മോഷണവസ്തുക്കൾ പിടിച്ചെടുത്ത സോലാപുരിൽ 33 കേസുകൾ രജിസ്റ്റർചെയ്യുകയും 102 പേരെ ശിക്ഷിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തത് മുംബൈ ഡിവിഷനിലാണ്. 169 കേസുകളാണ് മുംബൈയിൽ രജിസ്റ്റർ ചെയ്തത്. 287 പേരെയാണ് കുറ്റക്കാരെന്നു കണ്ടെത്തിയത്. ഭുസാവൽ ഡിവിഷനിൽ 23 ലക്ഷം രൂപയുടെ മോഷണമുതൽ പിടിച്ചെടുക്കുകയും 77 കേസുകൾ രജിസ്റ്റർ ചെയ്യുകയുംചെയ്തു. നാഗ്പുരിൽനിന്ന് 4.09 ലക്ഷം രൂപയുടെയും പൂന ഡിവിഷനിൽനിന്ന് 2.10 ലക്ഷം രൂപയുടെയും മോഷണമുതൽ കണ്ടെടുത്തു.

'ഓപ്പറേഷൻ യാത്രി സുരക്ഷ' പദ്ധതിയിലൂടെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുമെന്നും റെയിൽവേ പോലീസുമായി ചേർന്ന് യാത്രക്കാർക്കു നേരെയുള്ള അതിക്രമങ്ങൾ പരമാവധി തടയാനാണു ശ്രമമെന്നും ആർ.പി.എഫ്. വ്യക്തമാക്കി.

## തൃശൂർ പൂരം പ്രതിസന്ധി പരിഹരിച്ചു

തിരുവനന്തപുരം: തൃശൂർ പൂരം നടത്തിപ്പിലെ പ്രദർശന വാടക നിശ്ചയിക്കൽ വിഷയത്തിൽ നിലവിലുള്ള ധാരണ പ്രകാരം ഇത്തവണത്തെ പൂരം നടത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. കഴിഞ്ഞ വർഷത്തെ വാടകയായ 42 ലക്ഷം രൂപയാകും ഇത്തവണയും ഈടാക്കുക. മറ്റു കാര്യങ്ങൾ പൂരത്തിനുശേഷം ചർച്ചചെയ്ത് തീരുമാനിക്കാമെന്നും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ നിർദേശം പറമേക്കാവ്, തിരുവമ്പാടി ദേവസ്വം പ്രതിനിധികൾ സ്വാഗതം ചെയ്തതായി മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. ഇക്കാര്യം ആലോചിക്കാൻ വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിലാണ് തീരുമാനം.

കൊച്ചിൻ ദേവസ്വം ബോർഡും പാറമേക്കാവ്, തിരുവമ്പാടി ദേവസ്വങ്ങളും തമ്മിൽ നിലവിലുള്ള ധാരണ പ്രകാരം ഇത്തവണ പൂരം ഭംഗിയായി നടത്തണം. ഇന്ത്യയിലെ തന്നെ പ്രധാന ശ്രദ്ധാകേന്ദ്രമാണ് തൃശൂർ പൂരം. പൂരം ഭംഗിയായി നടക്കുക നാടിന്റെ ആവശ്യമാണ്.

ലോകത്തിന്റെ പല ഭാഗങ്ങളിലും ഐക്കൺ ആണ് തൃശൂർ പൂരം. ഇതിൽ ഒരു വിവാദവും പാടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രിമാരായ കെ. രാധാകൃഷ്ണൻ, കെ. രാജൻ, ആർ. ബിന്ദു, ടി.എൻ. പ്രതാപൻ എം.പി, പി. ബാലചന്ദ്രൻ എം.എൽ.എ, അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ദേവസ്വം സ്പെഷൽ സെക്രട്ടറി എം.ജി. രാജമാണിക്യം, തിരുവമ്പാടി, പാറമേക്കാവ്, കൊച്ചിൻ ദേവസ്വം പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## കണ്ണൂരിൽ 'ഗവർണർ പാപ്പാഞ്ഞി' കത്തിച്ച് എസ്.എഫ്.ഐ.



എസ്.എഫ്.ഐ. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ 30 അടി ഉയരമുള്ള കോലം കത്തിക്കാനായി കണ്ണൂർ പയ്യാമ്പലത്ത് ഒരുക്കിയപ്പോൾ

കണ്ണൂർ: പയ്യാമ്പലം ബീച്ചിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ 'പാപ്പാഞ്ഞി' മാതൃകയിലുള്ള കോലം കത്തിച്ച് എസ്.എഫ്.ഐ. പ്രതിഷേധം. വൈക്കോലും വെള്ളത്തുണിയും കൊണ്ടു നിർമിച്ച, 30 അടി ഉയരമുള്ള കോലമാണു കത്തിച്ചത്. ഗവർണർ സർവകലാശാലകളെ കാവിവൽക്കരിക്കുന്നു, എസ്.എഫ്.ഐയുടെ സമരത്തെയും കണ്ണൂരിനെയും അധിക്ഷേപിച്ചു എന്നീ ആരോപണങ്ങൾ ഉയർത്തിയാണ് ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചത്.

ജില്ലാ പഞ്ചായത്തിന്റെ 'ഷീ നൈറ്റ്' അടക്കമുള്ള പുതുവത്സര പരിപാടികൾ പയ്യാമ്പലത്തു നടക്കുന്നതിനാൽ, സ്ഥലത്തുണ്ടായിരുന്ന കനത്ത പോലീസ് സംഘത്തെ സാക്ഷിനിർത്തിയാണ് കോലം കത്തിച്ചത്. സംസ്ഥാന പ്രസിഡണ്ട് കെ. അനുശ്രീ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് സി.വി. വിഷ്ണു വിനോദ് അധ്യക്ഷത വഹിച്ചു.

അതിനിടെ, പയ്യാമ്പലം കടൽത്തീരത്ത് ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ കോലം കത്തിച്ച സംഭവത്തിൽ എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെ കേസെടുത്തു.

എസ്.എഫ്.ഐ. സംസ്ഥാന പ്രസിഡണ്ട് കെ. അനുശ്രീ ഉൾപ്പെടെ ഏഴുപേർക്കെതിരെയാണു കണ്ണൂർ ടൗൺ പോലീസ് കേസെടുത്തത്.

## പ്രധാനമന്ത്രിയെ വിമർശിച്ച് രാഹുൽ ഗാന്ധി

ന്യൂഡൽഹി: കായികതാരം വിനേഷ് ഫോഗട്ട് ഖേൽരത്നയും അർജുന അവാർഡും തിരിച്ചു നൽകിയതിനു പിന്നാലെ പ്രധാനമന്ത്രി നരേന്ദ്രമോദിയെ വിമർശിച്ച് രാഹുൽ ഗാന്ധി.

ഇന്ത്യയിലെ ഓരോ പെൺമക്കൾക്കും ആദ്യം ആത്മാഭിമാനമാണു നൽകേണ്ടതെന്നും മെഡലും ബഹുമതികളും അതിനു ശേഷമേ വരുന്നുള്ളൂവെന്നുമാണ് രാഹുൽ സമൂഹമാധ്യമമായ എക്സിൽ കുറിച്ചത്. പ്രഖ്യാപിതനായ ഒരു കരുത്തനിൽനിന്ന് ഉരുത്തിരിയുന്ന രാഷ്ട്രീയനേട്ടങ്ങൾ ധീരരായ പെൺമക്കളുടെ കണ്ണീരിനേക്കാൾ വലുതാണോയെന്നും അദ്ദേഹം എഴുതി. പ്രധാനമന്ത്രി ഇന്ത്യയുടെ രക്ഷിതാവാണെന്നും അദ്ദേഹത്തിന്റെ നിസംഗത വേദനാജനകമാണെന്നും പറഞ്ഞാണ് രാഹുൽ കുറിപ്പ് അവസാനിപ്പിക്കുന്നത്.

ഗുസ്തിക്കാർ നീതി ലഭിക്കാൻ പാടുപെടുമ്പോൾ ഖേൽരത്നയും അർജുന അവാർഡും പോലെയുള്ള ബഹുമതികൾ അർത്ഥശൂന്യമാകുന്നതായി അഭിപ്രായപ്പെട്ടാണ് വനിതാ ഗുസ്തിതാരം വിനേഷ് ഫോഗട്ട് അവ തിരിച്ചു നൽകാൻ തീരുമാനിച്ചത്.

പ്രധാനമന്ത്രിക്കയച്ച കത്തിലൂടെ ഈ തീരുമാനം അവർ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച് മെഡലുകളുമായെത്തിയ ഫോഗട്ടിനെ പ്രധാനമന്ത്രിയുടെ ഓഫീസിൽ പ്രവേശിക്കുന്നതിൽനിന്ന് പോലീസ് തടഞ്ഞു. തുടർന്ന് രണ്ട് അവാർഡുകളും അവർ ന്യൂഡൽഹിയിലെ കർത്തവ്യപഥ് പാതയിൽ ഉപേക്ഷിക്കുകയായിരുന്നു. ഇതോടനുബന്ധിച്ചുള്ളതാണ് രാഹുൽ ഗാന്ധിയുടെ പ്രതികരണം. പെൺമക്കളുടെ ആത്മാഭിമാനം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശം ലൈംഗികാരോപണങ്ങൾ നേരിടുന്ന ഗുസ്തി ഫെഡറേഷൻ മുൻ അധ്യക്ഷൻ ബ്രിജ് ഭൂഷൺ സിങ്ങിനെ പരോക്ഷമായി സൂചിപ്പിക്കുന്നതാണ്.

പുരസ്കാരങ്ങൾ തിരിച്ചു നൽകിയ വിനേഷ് ഫോഗട്ട് ഏഷ്യൻ ഗെയിംസിൽ സ്വർണ മെഡൽ ജേതാവാണ്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 01
January 05, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008) is published Weekly for $54.00 per year by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്‌വചനം

പ്രയത്നം ശരീരത്തെ ബലപ്പെടുത്തും. കഷ്ടത മനസിനെയും.
**പാർക്കർ**

നീ പുഞ്ചിരിക്കുന്നില്ലെങ്കിൽ നിന്റെ വസ്ത്രധാരണം പൂർണമല്ല.
**ഷേക്സ്പിയർ**

# ഇ.വി.എമ്മിന്റെ പ്രവർത്തനം കുറ്റമറ്റത്: തെരഞ്ഞെടുപ്പു കമ്മീഷൻ

ന്യൂഡൽഹി: പുറത്തുനിന്നുള്ള ഏജൻസികൾക്ക് ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ (ഇ.വി.എം.) പ്രവർത്തനം നിയന്ത്രിക്കാൻ കഴിയില്ലെന്നു തെരഞ്ഞെടുപ്പു കമ്മീഷൻ. ഇ.വി.എമ്മിൽ ക്രമക്കേട് നടത്താനാകുമെന്ന പ്രതിപക്ഷ ഇന്ത്യ സഖ്യത്തിന്റെ ആരോപണത്തിന് മറുപടി നൽകുകയായിരുന്നു കമ്മീഷൻ. വോട്ടിംഗ് യന്ത്രത്തിന്റെ പ്രവർത്തനം കുറ്റമറ്റതാണെന്നും ഭയം വേണ്ടെന്നും ഇന്ത്യ സഖ്യത്തിനു നൽകിയ മറുപടിയിൽ തെരഞ്ഞെടുപ്പു കമ്മീഷൻ വ്യക്തമാക്കി.

ഇ.വി.എമ്മിന്റെ ആധികാരികതയും പ്രവർത്തനവുമായി ബന്ധപ്പെട്ടതുമായ നിരവധി സംശയങ്ങൾ ഇന്ത്യ സഖ്യം തെരഞ്ഞെടുപ്പു കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. വിവിപാറ്റ് സ്ലിപ് വോട്ടർക്കു നൽകണം, നൂറുശതമാനവും എണ്ണണം തുടങ്ങിയ നിർദേശങ്ങളും ഇന്ത്യമുന്നണി തെരഞ്ഞെടുപ്പു കമ്മീഷണർ മുമ്പാകെ വെച്ചിരുന്നു. ഇതിനു മറുപടിയായാണ് ഇപ്പോൾ തെരഞ്ഞെടുപ്പു കമ്മീഷൻ രംഗത്തെത്തിയത്. ശക്തമായ സുരക്ഷാ ക്രമീകരണങ്ങളോടെയാണു ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡും ഇലക്ട്രോണിക്സ് കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡും വോട്ടിംഗ് മെഷീന്റെ നിർമാണവും അതിലേക്കുള്ള പ്രോഗ്രാമുകളും ചെയ്യുന്നത്. മൈക്രോ കൺട്രോളർ നിർമാണ മേഖലയിലേക്ക് നിർദേശിക്കപ്പെട്ട എഞ്ചിനീയർമാർക്കും ഉദ്യോഗസ്ഥർക്കും കാർഡ് മുഖേന അല്ലെങ്കിൽ ബയോമെട്രിക് സ്കാൻ മുഖേന മാത്രമാണു പ്രവേശനമുള്ളതെന്നും പുറത്തുനിന്നുള്ള ഏജൻസികളെ ആഭ്യന്തര, വിദേശ കൈകടത്തലുകളോ മൈക്രോ കൺട്രോളർ പ്രോഗ്രാമിൽ ഇല്ലെന്നും തെരഞ്ഞെടുപ്പു കമ്മീഷൻ വ്യക്തമാക്കി.

വിവിപാറ്റിന് രണ്ടു തരത്തിലുള്ള മെമ്മറികളാണുള്ളത്. ഒന്ന് പ്രോഗ്രാം നിർദേശങ്ങൾ മൈക്രോ കൺട്രോളറിലേക്ക് ഒരുതവണ മാത്രം നൽകാനുള്ളതും മറ്റൊന്ന് ചിഹ്നങ്ങളടങ്ങിയ ഗ്രാഫിക് ഇമേജുകൾ സ്ഥാനാർത്ഥികളുടെയോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ സൂക്ഷിക്കാനുള്ളതുമാണ്. മൊബൈൽ ഫോൺ അല്ലെങ്കിൽ ബ്ലൂടൂത്ത് ഉപയോഗിച്ച് ഇ.വി.എം. മെഷീൻ നിയന്ത്രിക്കാൻ കഴിയില്ലെന്നും ഇത്തരത്തിൽ ഇ.വി.എം. മെഷീനെ നിയന്ത്രിക്കാനാകുമെന്നത് അശാസ്ത്രീയമായ കാര്യമാണെന്നും തെരഞ്ഞെടുപ്പു കമ്മീഷൻ വ്യക്തമാക്കി.

ഇ.വി.എം. ജർമനിയിൽ നിരോധിച്ച വോട്ടിംഗ് യന്ത്രവുമായി എങ്ങനെയാണു വ്യത്യാസപ്പെട്ടിരിക്കുന്നത് എന്ന ചോദ്യത്തിന്, ജർമൻ നിയമവുമായി ബന്ധപ്പെട്ട് ജർമൻ ഭരണഘടനാ കോടതിയുടെ നിരീക്ഷണത്തിലാണ് അവരുടെ തെരഞ്ഞെടുപ്പുകളിൽ ഇ.വി.എം. വിലക്കിയതെന്ന് കമ്മീഷൻ വ്യക്തമാക്കി. ഇന്ത്യൻ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ സുരക്ഷിതവും വ്യത്യസ്തവും താരതമ്യപ്പെടുത്താനാകാത്തതുമായ സാങ്കേതികവിദ്യകളും പ്രക്രിയകളും നടപ്പിലാക്കുന്ന ഒന്നാണെന്നും സുപ്രീംകോടതിയും വിവിധ ഹൈക്കോടതികളും പലതവണ പരിശോധിക്കുകയും ഇ.വി.എമ്മിലുള്ള വിശ്വാസമുറപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ കൂട്ടിച്ചേർത്തു.

# ഒരു കുടുംബത്തിലെ 5 പേരുടെ അസ്ഥികൂടം കണ്ടെത്തി

ബംഗ്ളൂരു: കർണാടകയിലെ ചിത്രദുർഗ ജില്ലയിലെ ഒരു വീട്ടിനുള്ളിൽ നിന്ന് ഒരു കുടുംബത്തിലെ അഞ്ചുപേരുടെ അസ്ഥികൂടം കണ്ടെത്തി. അവരുടെ വീട് പൂട്ടി ഇട്ടിരിക്കുകയായിരുന്നെന്നും ഇവരെ അവസാനമായി കണ്ടത് 2019 ജൂലൈയിലാണെന്നും ബന്ധുക്കൾ പറഞ്ഞു. കുടുംബം തീർത്തും ഒറ്റപ്പെട്ട ജീവിതമാണ് നയിച്ചരുന്നത്. കടുത്ത ആരോഗ്യപ്രശ്നങ്ങളാൽ വലയുകയായിരുന്നെന്നും അടുത്ത ബന്ധുക്കൾ പോലീസിനോട് പറഞ്ഞു.

രണ്ട് മാസം മുമ്പ് പ്രഭാതസവാരി നടത്തുകയായിരുന്ന നാട്ടുകാരിൽ ചിലർ വീടിന്റെ പ്രധാന തടിവാതിൽ തകർന്നതായി ശ്രദ്ധിച്ചു. പക്ഷേ, അവരത് അന്ന് പോലീസിനെ അറിയിച്ചില്ല. പിന്നീട് വാതിലുകൾ കൂടുതൽ തകർന്ന നിലയിൽ കാണപ്പെട്ടു. ആരോ ഉള്ളിൽ കടന്ന് കൊള്ളയടിച്ചതായും കണ്ടെത്തി. പോലീസ് സ്ഥലത്തെത്തിയപ്പോൾ ഒരു മുറിയിൽ നിന്ന് നാല് അസ്ഥികൂടങ്ങളും (കട്ടിലിൽ രണ്ട്, തറയിൽ രണ്ട്), മറ്റൊരു മുറിയിൽ നിന്ന് ഒരു അസ്ഥികൂടവും കണ്ടെത്തി.

തെളിവെടുപ്പിനായി ദേവൻഗെരെയിൽ നിന്നുള്ള ഫോറൻസിക് സയൻസ് ലബോറട്ടറി ടീമിനെയും സീൻ ഓഫ് ക്രൈം ഓഫീസർമാരെയും വിളിച്ചുവരുത്തി. അവർ തെളിവുകൾ ശേഖരിച്ചു. വീടിനു ചുറ്റും സുരക്ഷ ശക്തമാക്കുകയും ചെയ്തു. പരിചയക്കാർ, ബന്ധുക്കൾ എന്നിവരുടെ മൊഴികളും കുടുംബചരിത്രവും അന്വേഷിച്ച ശേഷമാണ് അസ്ഥികൂടങ്ങൾ വൃദ്ധ ദമ്പതികളുടെയും അവരുടെ പ്രായമായ മകന്റെയും മകളുടെയും 57 വയസുള്ള ചെറുമകന്റെയുമാണെന്ന നിഗമനത്തിലെത്തിയത്. എന്നാൽ, ഫോറൻസിക് റിപ്പോർട്ട് ലഭിച്ച ശേഷമേ ഇക്കാര്യം വ്യക്തമായി സ്ഥിരീകരിക്കാനൊക്കൂ.

# സജി ചെറിയാന്റെ പ്രസ്താവന സ്വീകാര്യമല്ല: കെസിബിസി

കൊച്ചി: പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഔദ്യോഗിക വസതിയിൽ നടത്തിയ വിരുന്നിൽ പങ്കെടുത്ത ക്രൈസ്തവസഭാ നേതാക്കൾക്കെതിരെ രൂക്ഷ വിമർശനം നടത്തിയ മന്ത്രി സജി ചെറിയാനെതിരെ കെസിബിസി. മന്ത്രി നടത്തിയ പരാമർശം അനുചിതമെന്നും മന്ത്രിസ്ഥാനത്തിന്റെ ഔന്നത്യത്തിന് അനുസരിച്ച് വേണം അഭിപ്രായപ്രകടനം നടത്താനെന്നും കെസിബിസി വക്താവ് ഫാ. ജേക്കബ് പാലക്കാപ്പിള്ളി പറഞ്ഞു. ബിജെപി വിരുന്നിനു വിളിച്ചപ്പോൾ ചില ബിഷപ്പുമാർക്കു രോമാഞ്ചം ഉണ്ടായെന്നും വിമർശിക്കുമ്പോഴും പ്രതിപക്ഷ ബഹുമാനം കാത്തുസൂക്ഷിക്കണമെന്നും രാഷ്ട്രീയം വേണമോയെന്നത് പങ്കെടുക്കുന്നവരുടെ ഔചിത്യമാണെന്നും ഫാ. ജേക്കബ് പറഞ്ഞു.



കേക്കും മുന്തിരിയിട്ട സാധനവും കഴിച്ചപ്പോൾ ബിഷപ്പുമാർ മണിപ്പൂർ കലാപവും ഇരയായവരുടെ അവസ്ഥയും ഉന്നയിക്കാൻ ആർജവം കാണിച്ചില്ലെന്നായിരുന്നു മന്ത്രി സജി ചെറിയാൻ വിമർശനമുന്നയിച്ചത്. കെസിബിസിയുടെ ആസ്ഥാന കാര്യാലയത്തിൽ ക്രിസ്മസ് കൂട്ടായ്മ നടത്തി. വിവിധ രാഷ്ട്രീയനേതാക്കൾ അതിൽ പങ്കെടുത്തു. അതിനെ സഭ്യമല്ലാത്ത രീതിയിൽ കെ.ടി. ജലീൽ വിമർശിച്ചു. ചില വ്യക്തികൾ സ്ഥാനം മറന്നു പ്രതികരിക്കുന്നു. അത് മുഴുവൻ പ്രസ്ഥാനത്തിന്റെ ഭാഗമാണെന്ന് ചിന്തിക്കേണ്ടതില്ലെന്നും ഫാ. ജേക്കബ് പറഞ്ഞു.

ഭരണഘടനയെ മാനിക്കാത്തതിന്റെ പേരിൽ മന്ത്രിസ്ഥാനം നഷ്ടപ്പെട്ട ആളാണ് സജി ചെറിയാൻ. സമൂഹത്തിലെ ഉന്നതരായ വ്യക്തികളെ സംബോധന ചെയ്യുമ്പോൾ ഉപയോഗിക്കാൻ വേണ്ടി മാത്രമുള്ള നിഘണ്ടു അവരുടെ കൈയിലുണ്ട്. ഇത്തരം നിഘണ്ടു ഉപയോഗിക്കുന്ന ഒരു സ്കൂളിൽനിന്നു വരുന്ന വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തിൽ നിന്നു കൂടുതൽ പ്രതീക്ഷിക്കേണ്ട. ക്രൈസ്തവർ ഏത് രാഷ്ട്രീയം സ്വീകരിക്കണം, ഏതു നിലപാട് സ്വീകരിക്കണം എന്നു മറ്റു രാഷ്ട്രീയ പാർട്ടികളല്ല പറയേണ്ടത്. ഏതെങ്കിലും വിരുന്നിനു പോയതിന്റെ പേരിൽ ആ രാഷ്ട്രീയപാർട്ടിയോടാണ് ക്രൈസ്തവ സമൂഹത്തിന് ചായ്‌വ് എന്ന് സ്ഥാപിച്ചെടുക്കേണ്ട താല്പര്യം എന്താണ്. ക്രൈസ്തവർ രാജ്യത്തു ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളെക്കുറിച്ച് അവരോട് സംസാരിക്കാൻ രാജ്യത്തെ പ്രധാനമന്ത്രി ആദ്യമായിട്ട് വിളിക്കുന്ന വിരുന്നു സൽക്കാരമാണ്. അതിൽ നിഷേധാത്മക നിലപാട് സ്വീകരിക്കേണ്ടതില്ല. അത് രാജ്യത്തോടുള്ള ക്രൈസ്തവരുടെ പ്രതിബദ്ധതയുടെ ഭാഗമാണ്: ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി പറഞ്ഞു.

# ഗുരുദേവ ദർശനങ്ങൾ പ്രാവർത്തികമാക്കേണ്ടത് ഗുരു പിറന്ന മണ്ണിൽ: മന്ത്രി വി. മുരളീധരൻ

ശിവഗിരി: ശ്രീനാരായണ ഗുരു പിറവിയെടുത്ത കേരളത്തിൽ പോലും ഗുരുദേവ ദർശനങ്ങൾ പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ടോയെന്ന് ചിന്തിക്കേണ്ട സമയം സമാഗതമായിരിക്കുന്നുവെന്നു കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ.

ശിവഗിരിയിൽ 91-ാമത് തീർത്ഥാടന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അങ്ങേയറ്റം ഹിംസാത്മകമായിട്ടുള്ളതും സഹജീവികളോട് യാതൊരു കരുണയും സഹാനുഭൂതിയുമില്ലാത്ത സമൂഹമായി നാം മാറുകയാണ്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന്റെ തല ചെടിച്ചട്ടികൊണ്ട് അടിച്ചുപൊളിക്കുമ്പോൾ അതിനെ രക്ഷാപ്രവർത്തനം എന്നു വിശേഷിപ്പിക്കുന്ന നാട്ടിലാണ് ഗുരുദേവൻ ഒരു പീഡ ഒരു ഉറുമ്പിലും വരുത്തരുത് എന്നു നമ്മെ പഠിപ്പിച്ചത്. അനുകമ്പാ ശീലരായിരിക്കാനാണ് ഗുരുദേവൻ പഠിപ്പിച്ചത്.

ഗുരുദേവൻ ഒരു മതവും സ്ഥാപിച്ചിട്ടില്ല, മറിച്ച് താൻ ജനിച്ചുവളർന്ന സനാതന പാരമ്പര്യത്തിൽ ജീർണതകളും അപഭ്രംശങ്ങളും ഉണ്ടായപ്പോൾ ആ സനാതന പാരമ്പര്യത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാനാണു ശ്രമിച്ചത്. ശങ്കരന്റെ മതമാണ് തന്റേതും എന്നുപറഞ്ഞ ഗുരുദേവൻ ശങ്കരൻ കാശ്മീരിൽ പ്രതിഷ്ഠിച്ച സരസ്വതി ദേവിയായ ശാരദാദേവിയെ ശിവഗിരിയിൽ പ്രതിഷ്ഠിച്ചു.

അങ്ങനെയുള്ള ഗുരുദേവ ദർശനങ്ങളെ മറന്നുകൊണ്ട് ഭാരതീയ തത്വചിന്തയെയും ദർശനങ്ങളെയും സനാതന ധർമ പാരമ്പര്യത്തെ അവഹേളിക്കാനും ചില കേന്ദ്രങ്ങളിൽ ശ്രമം നടക്കുന്നു.

ഹിന്ദുമതത്തിലെ ദേവീദേവന്മാരെ പ്രകീർത്തിച്ച് 30-ലേറെ കീർത്തനങ്ങൾ എഴുതിയ ഗുരുദേവൻ ഹിന്ദു സന്യാസിയല്ലെന്നു ആരെങ്കിലും സമർത്ഥിക്കാൻ ശ്രമിച്ചാൽ എത്രമാത്രം സാക്ഷ്യം നിൽക്കും എന്നത് നമ്മുടെ മുന്നിലുണ്ട്. കാഷായ വസ്ത്രം ധരിച്ചാണ് ഗുരുദേവൻ സിലോണിൽ പോയിട്ടുള്ളത്.

കാവിവസ്ത്രം വെറുക്കപ്പെടേണ്ടതാണെന്നു ഗുരു പറഞ്ഞിട്ടില്ല. സകല കളങ്കങ്ങളും ശുദ്ധീകരിക്കുന്ന കാവിയാണ് സൂര്യോദയവും അസ്തമനവും. വിദേശ പ്രത്യയ ശാസ്ത്രങ്ങൾക്ക് വേദങ്ങളുടെയും ഉപനിഷത്തുകളുടെയും പാരമ്പര്യം ഉൾക്കൊള്ളാനാകില്ല. അങ്ങനെയുള്ളവരാണ് സഹജീവിയുടെ തല അടിച്ചുപൊളിക്കുന്നതിനെ രക്ഷാപ്രവർത്തനം എന്നുവിളിക്കുന്നതെന്നും മുരളീധരൻ പറഞ്ഞു.

സോമശേഖര ക്ഷേത്ര സെക്രട്ടറി സ്വാമി ദിവ്യാനന്ദഗിരിയുടെ ഗുരുസ്മരണയോടെ ആരംഭിച്ച മഹാസമ്മേളനത്തിൽ ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് അധ്യക്ഷൻ സ്വാമി സച്ചിദാനന്ദ അധ്യക്ഷത വഹിച്ചു.




സ്വാമി സൂക്ഷ്മാനന്ദ, എസ്.എൻ. ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭംഗാനന്ദ, അടൂർ പ്രകാശ് എം.പി., കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ., വി. ജോയ് എം.എൽ.എ., ഡോ. സിദ്ദിഖ് അഹമ്മദ്, ഗോകുലം ഗ്രൂപ്പ് ചെയർമാൻ ഗോകുലം ഗോപാലൻ, കെ.ജി. ബാബുരാജ്, ശ്രീനാരായണ സമിതി മുംബൈ ചെയർമാൻ എം.ഐ. ദാമോദരൻ, സ്വാമി ശരധാനന്ദ, സ്വാമി ഋതംഭരാനന്ദ എന്നിവർ സംസാരിച്ചു.

# ഇസ്രയേൽ ബോംബാക്രമണം; അൽ അഖ്സ പള്ളി മുൻ ഇമാം കൊല്ലപ്പെട്ടു

ജെറുസലേം: അൽ അഖ്സ പള്ളി മുൻ ഇമാം ഡോ. യൂസുഫ് സലാമ (68) ഇസ്രയേൽ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടു. 2005-06 കാലത്തു പലസ്തീൻ മതകാര്യ മന്ത്രിയായിരുന്നു. മധ്യ ഗാസയിലെ പാർപ്പിടസമുച്ചയങ്ങൾക്കു നേരെ ഡിസംബർ 30-ന് രാത്രി നടന്ന ബോംബാക്രമണങ്ങളിൽ ഡോ. സലാമ അടക്കം 100 പേരാണു കൊല്ലപ്പെട്ടത്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ അടക്കം 286 പേർക്കു പരുക്കേറ്റു. 1954-ൽ ഗാസയിലെ അഭയാർഥി ക്യാമ്പിൽ ജനിച്ച ഡോ. സലാമ, അൽ അഗ്സർ സർവകലാശാലയിൽ അധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഒട്ടേറെ ഗ്രന്ഥങ്ങളുടെ കർത്താവാണ്. മധ്യ ഗാസയിൽ ബോംബാക്രമണം കനത്തതോടെ ഈജിപ്ത് അതിർത്തിയോടുചേർന്ന റഫയിലേക്കുള്ള പലായനം വർധിച്ചു. ഒരാഴ്ചയ്ക്കിടെ ഒരുലക്ഷം പേരെങ്കിലും റഫയിലേക്ക് എത്തിയെന്നാണ് യു.എൻ. കണക്ക്. ഈജിപ്ത്-ഗാസ മുനമ്പ് അതിർത്തിമേഖല മുഴുവനായും ഇസ്രയേൽ സൈന്യം ഏറ്റെടുക്കുമെന്ന പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിന്റെ പ്രഖ്യാപനത്തോട് ഈജിപ്ത് എതിർപ്പ് അറിയിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഇന്ത്യയുടെ നയതന്ത്ര വിജയം

ഖത്തറിൽ തടവിൽക്കഴിയുന്ന മലയാളിയടക്കം എട്ടു മുൻ നാവികസേനാ ഉദ്യോഗസ്ഥരുടെ വധശിക്ഷ റദ്ദാക്കിയത് ഇന്ത്യയുടെ മികവാർന്ന നയതന്ത്ര വിജയമാണ്. 'സെൻസിറ്റീവ് വിഷയമാണ്. വാർത്തകൾ നൽകുന്നതിൽ സംയമനം പാലിക്കണം. നാവികരെ തിരിച്ചുകൊണ്ടുവരാനുള്ള നിരന്തര ശ്രമങ്ങൾ നടത്തുകയാണ്'- ഖത്തറിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട എട്ട് ഇന്ത്യൻ നാവികരെക്കുറിച്ചു ചോദിക്കുമ്പോൾ വിദേശകാര്യമന്ത്രാലയത്തിന്റെ സ്ഥിരം മറുപടി ഇതായിരുന്നു. 2022 ഓഗസ്റ്റിൽ അറസ്റ്റ് നടന്ന ശേഷം എല്ലാ തലത്തിലും ശക്തമായ ഇടപെടലുകൾ നടത്തുകയായിരുന്നു വിദേശകാര്യ മന്ത്രാലയം.

ഇന്ത്യൻ നാവികസേനയിൽനിന്ന് വിരമിച്ചശേഷം ഖത്തറിലെ ഒരു പ്രതിരോധസേവനക്കമ്പനിയിൽ ജോലി ചെയ്യുകയായിരുന്ന എട്ടുപേരെയാണ് ചാരപ്രവർത്തനം ആരോപിച്ച് 2022 ഓഗസ്റ്റ് 30-ന് അറസ്റ്റുചെയ്തത്. ഖത്തർ നാവികസേനയ്ക്കായി ഇറ്റാലിയൻ കമ്പനി നിർമിക്കുന്ന അന്തർവാഹിനിയുടെ രഹസ്യങ്ങൾ ഇസ്രയേലിനു ചോർത്തിക്കൊടുത്തെന്നായിരുന്നു ആരോപണം. ഇക്കൊല്ലം ഒക്ടോബർ 26-നു വിചാരണക്കോടതി വധശിക്ഷ വിധിച്ചു. ഇപ്പോൾ അപ്പീൽ കോടതിയാണ് ഇതു തടവുശിക്ഷയായി കുറച്ചത്. ഇന്ത്യൻ വിദേശകാര്യ മന്ത്രാലയമാണ് അപ്പീൽ കോടതിയെ സമീപിച്ചത്. അതിനു പുറമേ, ഖത്തർ അധികാരികളുമായി ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥർ വിവിധതലങ്ങളിൽ ഈ വിഷയം ചർച്ചചെയ്തിരുന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള ഊഷ്മളബന്ധം കാര്യങ്ങൾ സുഗമമാക്കി.

കഴിഞ്ഞ ഒക്ടോബർ 26-ന് ഫസ്റ്റ് ഇൻസ്റ്റൻസ് കോടതി വധശിക്ഷ വിധിച്ച നാവികർക്ക് രണ്ട് മാസംകൊണ്ട് ശിക്ഷാ ഇളവ് ലഭിച്ചത് ഇന്ത്യയുടെ നയതന്ത്ര വിജയമാണ്. വിദേശകാര്യ മന്ത്രാലയത്തിലെ ഉന്നതരും ഖത്തറിലെ ഇന്ത്യൻ സ്ഥാനപതിയും ഉദ്യോഗസ്ഥരുമെല്ലാം പല തലങ്ങളിൽ നടത്തിയ ഇടപെടലുകളാണ് അതിലേക്കു വഴിതെളിച്ചത്. കാലാവസ്ഥാ ഉച്ചകോടിക്കു ദുബായിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയുമായി കൂടിക്കാഴ്ച നടത്തി നാലാഴ്ചയ്ക്കകമാണ് അപ്പീൽകോടതിയുടെ തീർപ്പുവരുന്നത്. അവരുടെ ചർച്ചയിൽ ഇക്കാര്യം വിഷയമായോ എന്നു സ്ഥിരീകരണമില്ലെങ്കിലും ഗൾഫ് രാജ്യങ്ങളുമായി ഇന്ത്യയ്ക്കുള്ള ഊഷ്മളബന്ധം അതിലേക്കു നയിച്ചിട്ടുണ്ടെന്നു വ്യക്തമാണ്.

എന്താണ് നാവികർക്കെതിരെ ചുമത്തിയ കുറ്റമെന്ന് ഖത്തറോ ഇന്ത്യയോ വെളിപ്പെടുത്തിയിട്ടില്ല. പക്ഷേ, ഇസ്രയേലിനുവേണ്ടി ചാരവൃത്തി നടത്തിയെന്നതാണ് കുറ്റമെന്ന് ചില വിദേശമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനു സ്ഥിരീകരണമില്ലെങ്കിലും രാജ്യദ്രോഹക്കുറ്റം ആരോപിച്ചാണ് വധശിക്ഷ എന്നതിൽ സംശയമില്ലായിരുന്നു. രാജ്യദ്രോഹക്കുറ്റത്തിനു കടുത്ത ശിക്ഷ നൽകുന്ന ഗൾഫ് രാജ്യങ്ങളിലൊന്ന് അതിൽനിന്നു പിന്നോക്കം പോകുന്നത് അപൂർവങ്ങളിൽ അപൂർവമായ നടപടിയാണ്.

ഇന്ത്യൻ ഉദ്യോഗസ്ഥർ ചാരക്കേസിൽപ്പെട്ടതിൽ പാകിസ്താൻ നൽകിയ തെറ്റായ വിവരങ്ങളും പങ്കുവഹിച്ചതായി നേരത്തേ റിപ്പോർട്ടുകളുണ്ടായിരുന്നു. കേസ് 'രാഷ്ട്രീയ സ്വഭാവ'മുള്ളതാണ് എന്ന വാദമാണ് പ്രധാനമായും ഇന്ത്യൻ നയതന്ത്രജ്ഞർ ഖത്തർ പ്രതിനിധികളുമായുള്ള ചർച്ചകളിൽ ഉന്നയിച്ചത്. ഇറ്റലിയിൽ നിർമിക്കുന്ന അന്തർവാഹിനിയെപ്പറ്റി ഇന്ത്യക്കാരായ പ്രതികൾക്ക് അറിവുണ്ടാകാനിടയില്ലെന്നും വാദിച്ചു. പ്രതികളെ ജയിലിൽ സന്ദർശിക്കാൻ ഇന്ത്യൻ സ്ഥാനപതിക്ക് ഖത്തർ അനുമതി നൽകിയിരുന്നു. ഖത്തറിൽ തടവിലായത് 'ഇന്ത്യയുടെ വിമുക്തഭടന്മാരാണ്' എന്ന് കഴിഞ്ഞവർഷം പാർലമെന്റിൽ പറഞ്ഞ വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഇവരുടെ മോചനത്തിനായി പരമാവധി യത്നിക്കുമെന്ന് കുടുംബാംഗങ്ങൾക്ക് ഉറപ്പുനൽകുകയും ചെയ്തിരുന്നു. ഇന്ത്യയുടെ വലിയ വ്യാപാരപങ്കാളികളിലൊന്നായ ഖത്തറുമായി വർഷങ്ങളുടെ ബന്ധമാണുള്ളത്. ലക്ഷക്കണക്കിനു പ്രവാസി ഇന്ത്യക്കാർ ഖത്തറിൽ ഉള്ളതുകൊണ്ടുതന്നെ കരുതലോടെയായിരുന്നു ഇന്ത്യയുടെ നീക്കം. വധശിക്ഷ വിധിക്കപ്പെട്ടവർക്ക് മേൽക്കോടതിയിൽ അപ്പീലിന് ഇന്ത്യ നിയമസഹായം നൽകിയിരുന്നു. നവംബർ 23, 30, ഡിസംബർ ഏഴ് തീയതികളിൽ അപ്പീലിൽ വിചാരണ നടന്നു. കുറഞ്ഞത് നാല് തവണ തടവുകാരുമായി സംവദിക്കാൻ നയതന്ത്ര ഉദ്യോഗസ്ഥരെ ഖത്തർ അനുവദിച്ചു. ഏകാന്ത തടവിലായിരുന്ന ഉദ്യോഗസ്ഥരെ രണ്ട് പേർ വീതമുള്ള തടവറയിലേക്കു മാറ്റുകയും ചെയ്തിരുന്നു. 2008-ൽ ഡോ. മൻമോഹൻസിങ് ഖത്തർ സന്ദർശിച്ച ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയായി. 2015-ൽ ഖത്തർ ഭരണാധികാരി ശൈഖ് തമീം ബിൻ ഹമദ് അൽതാനി ഇന്ത്യയിലും 2016-ൽ പ്രധാനമന്ത്രി മോദി ഖത്തറിലും സന്ദർശനം നടത്തി. 2015-ലെ സന്ദർശനത്തിനിടെ ഇരുരാജ്യങ്ങളും തമ്മിൽ തടവുകാരെ കൈമാറുന്നതിനുള്ള കരാറിൽ ഒപ്പുവെച്ചിരുന്നു. ഈ കരാറിന്റെ അടിസ്ഥാനത്തിൽ, ഇപ്പോൾ തൂക്കുകയറിൽനിന്നു രക്ഷപ്പെട്ട എട്ടു നാവികസേനാ ഉദ്യോഗസ്ഥരെ സ്വരാജ്യത്ത് എത്തിക്കാനുള്ള നയതന്ത്രശ്രമങ്ങളാണ് ഇനിയുണ്ടാകേണ്ടത്. പിടിയിലായ ഇന്ത്യക്കാർ ചാരന്മാരല്ല, കഴിവും ധീരതയും തെളിയിച്ച വിമുക്തഭടന്മാരാണ് എന്ന നിലപാട് ഇന്ത്യ ആവർത്തിക്കണം.

# ഗൗഡാ ബന്ധം വിച്ഛേദിച്ച് കേരള ജെ.ഡി.എസ്.

തിരുവനന്തപുരം: ദേവഗൗഡ അധ്യക്ഷനായ ജെ.ഡി.എസുമായുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിച്ച് പ്രത്യേകമായി നിൽക്കാൻ കേരളഘടകത്തിന്റെ സംസ്ഥാനനേതൃയോഗം തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ദേശീയപാർട്ടിയിലെ ഭാരവാഹി സ്ഥാനങ്ങൾ നേതാക്കൾ രാജിവെക്കും.

എന്നാൽ, ദേശീയ നിർവാഹകസമിതി അംഗത്വം മാത്യു ടി. തോമസും മന്ത്രി കെ. കൃഷ്ണൻകുട്ടിയും രാജിവെക്കില്ല. രാജി കൂറുമാറ്റ നിരോധനത്തിന്റെ പരിധിയിൽ വന്നേക്കുമെന്ന ആശങ്കയാണ് കാരണം. കേരളഘടകം ഒന്നിച്ച് സംസ്ഥാന പാർട്ടിയായി നിൽക്കുമ്പോൾ ദേശീയ പാർട്ടിയിലെ നിർവാഹകസമിതിയിൽനിന്ന് രാജിവെക്കണമെന്നതിന് പ്രസക്തിയില്ലെന്നാണ് നേതാക്കളുടെ വിശദീകരണം.

സി.കെ. നാണുവിന്റെ നേതൃത്വത്തിൽ ദേവഗൗഡയെ അംഗീകരിക്കാത്തവർ പ്രത്യേകവിഭാഗമായി പ്രവർത്തിച്ചുതുടങ്ങിയതോടെയാണ് സംസ്ഥാനഘടകത്തിലെ ഔദ്യോഗികവിഭാഗം വെട്ടിലായത്.

തങ്ങളാണ് യഥാർഥ ജെഡിഎസ് എന്നും സി.കെ. നാണുവാണ് ദേശീയ പ്രസിഡണ്ടെന്നും കാണിച്ച് അവർ എൽഡിഎഫിന് കത്തുനൽകുകയും ചെയ്തു. നാണുവിന്റെ നേതൃത്വത്തിലുള്ള വിഭാഗത്തെ കേരളത്തിലെ ഔദ്യോഗികവിഭാഗം അംഗീകരിക്കുന്നില്ല.

ഡിസംബർ 27-ന് ചേർന്ന യോഗത്തിൽ സംസ്ഥാനഘടകംതന്നെ ഒരു പാർട്ടിയായി നിൽക്കണമെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ദേവഗൗഡ നേതൃത്വം നൽകുന്ന ജെ.ഡി.എസിലെ ദേശീയഘടകത്തിലെ ഭാരവാഹികളെല്ലാം രാജിവെക്കും. ജനറൽ സെക്രട്ടറിമാരായ നീല ലോഹിതദാസൻ നാടാർ, ജോസ് തെറ്റയിൽ, ദേശീയ സെക്രട്ടറി അഡ്വ. സഫറുള്ള എന്നിവരും ദേശീയ നിർവാഹകസമിതി അംഗങ്ങളുമാണ് രാജിവെക്കുക.

സി.കെ. നാണു വിഭാഗവുമായി സഹകരിക്കുന്നവരെ പാർട്ടിയിലെ എല്ലാ സ്ഥാനങ്ങളിൽനിന്നും പറത്താക്കും. നാണു വിഭാഗവുമായി നീലൻ അടുപ്പം പുലർത്തുന്നുണ്ടെന്നാണ് സൂചന. അദ്ദേഹം ഔദ്യോഗികമായി ഇക്കാര്യം പ്രഖ്യാപിച്ചിട്ടില്ല.

സംസ്ഥാന പാർട്ടിയായി മാറുമ്പോഴും കൂറുമാറ്റത്തിന്റെ പ്രശ്നം ഉണ്ടാകാനുള്ള സാധ്യത കേരളഘടകം കാണുന്നുണ്ട്. ഇക്കാര്യത്തിൽ പരാതിയും കേസുമുണ്ടായാൽ നിയമപരമായി നേരിട്ട് തീരുമാനമുണ്ടാക്കാമെന്ന ധാരണയാണ് യോഗത്തിലുണ്ടായിരുന്നത്. 2006-ൽ ദേവഗൗഡയുടെ നിലപാട് തള്ളി എം.പി. വീരേന്ദ്രകുമാറിന്റെ നേതൃത്വത്തിൽ ജെ.ഡി.എസ്. കേരളഘടകം പ്രത്യേകമായി പ്രവർത്തിച്ചിരുന്നു. അന്ന് നിയമപ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല.

## നവകേരള സദസ്സ്:
# വിലയിരുത്തലുമായി എൽ.ഡി.എഫ്.

കൊല്ലം: നവകേരള സദസ്സിലൂടെ കേരളത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന്റെ കാരണം അണികളെയും അനുഭാവികളെയും ബോധിപ്പിക്കാനായതായി എൽ.ഡി.എഫ്. വിലയിരുത്തൽ. സർക്കാർ ജീവനക്കാരും പെൻഷൻകാർക്കുമിടയിലെ അമർഷം തണുപ്പിക്കാനായതാണ് പ്രധാന നേട്ടമായി കണക്കാക്കുന്നത്. ഡി.എ., ശമ്പള പരിഷ്കരണ കുടിശ്ശികകൾ നൽകാത്തതിനാൽ സി.പി.എം. സർവീസ് സംഘടനയായ എൻ.ജി.ഒ. യൂണിയൻ അംഗങ്ങൾ പോലും വിമർശനമുന്നയിച്ചിരുന്നു. സ്റ്റാറ്റ്യൂട്ടറി പെൻഷനിലേക്ക് തിരിച്ചു പോകണമെന്നും തടഞ്ഞുവെച്ചിരിക്കുന്ന ആനുകൂല്യങ്ങൾ നൽകണമെന്നും ആവശ്യപ്പെട്ട്, സി.പി.ഐ. സംഘടനയായ ജോയിന്റ് കൗൺസിൽ വലിയ സമരങ്ങൾ നടത്തുകയും ചെയ്തിരുന്നു.

നവകേരള സദസ്സിന്റെ പ്രചാരണത്തിന് ഓഫീസുകൾ കേന്ദ്രീകരിച്ചുംമറ്റും നടത്തിയ പ്രചാരണ, വിളംബര പരിപാടികളിലൂടെ സാമ്പത്തികപ്രതിസന്ധിയുടെ കാരണം കേന്ദ്ര നിലപാടാണെന്നും തടഞ്ഞുവെച്ചിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും തിരികെ നൽകുമെന്നുമുള്ള സന്ദേശമാണ് എൻ.ജി.ഒ. യൂണിയന് നൽകിയത്. ഇത് യൂണിയൻ അംഗങ്ങൾക്കും അനുഭാവികൾക്കും ബോധ്യമായെന്നാണ് ഇടതുമുന്നണി വിലയിരുത്തുന്നത്. സർക്കാരിനെതിരെ കാസർകോടുമുതൽ തിരുവനന്തപുരംവരെ കാൽനടജാഥ നടത്തിയതിനു പിന്നാലെ ജോയിന്റ് കൗൺസിൽ നവകേരള സദസ്സിലെ പരാതി കൗണ്ടറുകളും ഹെൽപ്പ് ഡെസ്കുകളും സജ്ജീകരിക്കാൻ പൂർണമായി സഹകരിച്ചിരുന്നു.

സാമ്പത്തികപ്രതിസന്ധിമൂലം ആനുകൂല്യങ്ങൾക്ക് കാലതാമസമുണ്ടാകുന്ന ക്ഷേമ പെൻഷൻകാർ, പട്ടികജാതി, വർഗ വിഭാഗങ്ങൾ, പി.എസ്.സി. നിയമനം കിട്ടാത്തവർ തുടങ്ങിയവരെയെല്ലാം പ്രതിസന്ധിയുടെ കാരണം കേന്ദ്രമാണെന്ന് ബോധ്യപ്പെടുത്താൻ കഴിഞ്ഞതായാണ് സി.പി.എം., എൽ.ഡി.എഫ്. നേതൃത്വത്തിന്റെ വിലയിരുത്തൽ. ഇടത് അണികളെയും അനുഭാവികളെയും ആവേശഭരിതരാക്കാനും ലോക്സഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് സജ്ജരാക്കാനും നവകേരള സദസ്സിലൂടെ സാധിച്ചെന്നാണ് നേതാക്കൾ പറയുന്നത്.

# ഉൾഫയുമായി സമാധാനക്കരാർ ഒപ്പുവെച്ചു

ന്യൂഡൽഹി: കേന്ദ്രസർക്കാരുമായും അസം സർക്കാരുമായും സമാധാനക്കരാർ ഒപ്പുവെച്ച് ഉൾഫയിലെ അരവിന്ദ് രാജ്ഖോവ വിഭാഗം. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെയും അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വശർമ്മയുടെയും സാന്നിദ്ധ്യത്തിലാണ് കരാർ ഒപ്പിട്ടത്. അക്രമം ഒഴിവാക്കി മുഖ്യധാരയ്ക്കൊപ്പം ചേർന്നു പ്രവർത്തിക്കാൻ തയാറാണെന്ന് ഉൾഫ വിഭാഗം സമ്മതിച്ചു.

അരവിന്ദ് രാജ്ഖോവയുടെ നേതൃത്വത്തിലുള്ള വിഭാഗവുമായി 12 വർഷത്തിലേറെയായി കേന്ദ്രസർക്കാർ നിരുപാധിക ചർച്ചകൾ നടത്തിവരികയായിരുന്നു. 2011 സെപ്റ്റംബർ 3 മുതൽ രാജ്ഖോവ വിഭാഗം ചർച്ചകളിൽ പങ്കെടുക്കുന്നുണ്ട്. അതേസമയം പരേഷ് ബറുവയുടെ നേതൃത്വത്തിലുള്ള ഉൾഫ വിഭാഗം സമാധാനകരാറിൽ ഒപ്പുവെച്ചിട്ടില്ല.



സമാധാനക്കരാർ ഒപ്പിട്ട ഉൾഫ അരവിന്ദ് രാജ്ഖോവ വിഭാഗം പ്രവർത്തകർക്ക് ഹസ്തദാനം ചെയ്യുന്ന ആഭ്യന്തരമന്ത്രി അമിത് ഷാ.

പരമാധികാര അസം എന്ന ലക്ഷ്യവുമായി 1979-ലാണ് യുണൈറ്റഡ് ലിബറേഷൻ ഫ്രണ്ട് ഓഫ് അസം (ഉൾഫ) രൂപീകരിച്ചത്. അട്ടിമറി, അക്രമാസക്ത പ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിൽ 1990-ൽ കേന്ദ്ര സർക്കാർ സംഘടനയെ നിരോധിച്ചു.

സമാധാനക്കരാർ ഒപ്പിട്ടതിൽ സന്തോഷമുണ്ടെന്ന് കേന്ദ്രമന്ത്രി അമിത് ഷാ പറഞ്ഞു. അസമിന്റെ ഭാവിക്ക് ശോഭനമായ ദിവസമാണിത്. വളരെക്കാലമായി അസമും വടക്കു കിഴക്കൻ സംസ്ഥാനങ്ങളും അക്രമത്തെ അഭിമുഖീകരിച്ചു. 2014-ൽ പ്രധാനമന്ത്രി മോദി സ്ഥാനമേറ്റശേഷം ഡൽഹിയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കാൻ ശ്രമിച്ചു: അമിത് ഷാ പറഞ്ഞു.

അസമിനെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ ദിവസമാണിതെന്നും മുഖ്യമന്ത്രി ശർമ്മ പറഞ്ഞു.








# HOUSE FOR SALE

- 2 Story house (500 meters inside Thiruvalla to Mavelikara Main Road near Nalam Mile Junction)
- 2,450 Square Feet House renovated and maintained up to date on 12 cents land
- 4 Bedrooms (A/C on 2 bed rooms), in addition to Living room, Dining area, and Kitchen (Large and Small Kitchens)
- Storage room outside
- Additional space for building 2 more rooms if needed on the 2nd floor
- House was built on stronger pillars
- Equipped with water purification system (US made filter system) for the entire house
- House is on No Flood zone
- No Brokers please, only serious buyers (USA buyers are preferred) can contact the following Numbers:
  USA à 214-517-8037 or 469-544-9415,
  India à 9447685031, 9446249865 or 8330043842
- Asking Price: 97 lakhs Indian Rupees (Negotiable for NREs).





## ഗുസ്തി ഫെഡറേഷൻ ഭരണ നിർവഹണത്തിന് മൂന്നംഗസമിതി

ന്യൂഡൽഹി: തെരഞ്ഞെടുക്കപ്പെട്ട ഗുസ്തി ഫെഡറേഷൻ ഭരണസമിതിയെ കേന്ദ്ര കായികമന്ത്രാലയം പിരിച്ചുവിട്ടതിനു പിന്നാലെ ഭരണനിർവഹണത്തിന് താത്കാലിക സമിതിയെ നിയമിച്ച് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ (ഐ.ഒ.എ.). ഇന്ത്യൻ വുഷു അസോസിയേഷൻ അധ്യക്ഷൻ ഭുപീന്ദർ സിങ് ബജ്‌വയാണ് സമിതി തലവൻ. ഹോക്കി ഒളിമ്പ്യൻ എം.എം. സോമയ്യ, ഷട്ടിൽ അന്തർദേശീയതാരം മഞ്ജുഷ കൻവർ എന്നിവർ അംഗങ്ങളാണ്. ഫെഡറേഷന്റെ മുൻ മേധാവിയും ബി.ജെ.പി. എം.പിയുമായ ബ്രിജ്ഭൂഷൺ ശരൺ സിങ് ലൈംഗീകാരോപണം നേരിട്ടതിനെത്തുടർന്ന് ഏപ്രിലിൽ ഐ.ഒ.എ. രൂപവത്കരിച്ച അഡ്ഹോക്ക് കമ്മിറ്റിയിലെ അംഗങ്ങളിലൊരാളാണ് ബജ്‌വ. പുതിയ സമിതിയുടെ നിയമനം ഫെഡറേഷനിൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനാണെന്ന് ഐ.ഒ.എ. അധ്യക്ഷ പി.ടി. ഉഷ അറിയിച്ചു. മത്സരങ്ങൾ സംഘടിപ്പിക്കൽ, അന്താരാഷ്ട്ര മത്സരങ്ങളിലേക്കുള്ള താരങ്ങളുടെ തെരഞ്ഞെടുപ്പ്, എൻട്രികൾ സമർപ്പിക്കൽ, ബാങ്ക് അക്കൗണ്ട്, വെബ്സൈറ്റുകൾ കൈകാര്യം ചെയ്യൽ തുടങ്ങിയവയാണ് സമിതിയുടെ ഉത്തരവാദിത്വങ്ങൾ.

## വിജയകാന്ത് അന്തരിച്ചു



ചെന്നൈ: തമിഴിലെ മുൻകാല സൂപ്പർതാരവും ഡി.എം.ഡി.കെ. സ്ഥാപകനുമായ വിജയകാന്ത് (71) അന്തരിച്ചു. കോവിഡിനെ തുടർന്നു ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ആരോഗ്യനില ഗുരുതരമായതോടെ വെന്റിലേറ്ററിലേക്ക് മാറ്റിയിരുന്നു. ഡിസംബർ 28 -ന് രാവിലെയായിരുന്നു അന്ത്യം.

എൺപതുകളിലും തൊണ്ണൂറുകളിലും തമിഴിൽ നിരവധി സൂപ്പർഹിറ്റുകൾ നൽകിയ വിജയകാന്തിനെ ആരാധകർ ക്യാപ്റ്റനെന്നാണു വിളിച്ചിരുന്നത്. രണ്ടുതവണ തമിഴ്നാട് നിയമസഭാംഗമായി, ഒരു തവണ പ്രതിപക്ഷ നേതാവും. ഭാര്യ പ്രേമലത. മക്കൾ: ഷൺമുഖ പാണ്ഡ്യൻ, വിജയപ്രഭാകരൻ.

1952 ഓഗസ്റ്റ് 25-ന് മധുരയിൽ ജനിച്ച വിജയകാന്തിന്റെ ഔദ്യോഗിക നാമം വിജയരാജ് അളഗർസ്വാമി എന്നാണ്. കെ.എൻ. അളഗർസ്വാമിയും ആണ്ടാൾ അളഗർസ്വാമിയുമാണു മാതാപിതാക്കൾ. 1979-ൽ 'ഇനിക്കും ഇളമൈ' എന്ന ചിത്രത്തിൽ വില്ലനായാണു വിജയകാന്ത് അരങ്ങേറിയത്. 1981-ൽ പുറത്തിറങ്ങിയ 'സട്ടം ഒരു ഇരുട്ടറൈ' ആണ് നായകനെന്ന നിലയിൽ അദ്ദേഹത്തിനു തമിഴ് സിനിമയിൽ ഇടം നേടിക്കൊടുത്തത്. സമൂഹത്തിലെ അനീതികൾക്കെതിരെ ക്ഷോഭിക്കുന്ന യുവാവായി വെള്ളിത്തിരയിൽ അദ്ദേഹം നിറഞ്ഞുനിന്നു. 154 സിനിമകളിൽ അഭിനയിച്ചശേഷമായിരുന്നു രാഷ്ട്രീയ പ്രവേശം.

2005-ലാണു ദേശീയ മുർപോക്ക് ദ്രാവിഡ കഴകം (ഡി.എം.ഡി.കെ.) എന്ന രാഷ്ട്രീയപ്പാർട്ടി സ്ഥാപിച്ചത്. 2006-ൽ തെരഞ്ഞെടുപ്പിൽ മത്സരിച്ച പാർട്ടിക്ക് 10 ശതമാനം വോട്ട് ലഭിച്ചു. 2011-ൽ അണ്ണാ ഡി.എം.കെ. സഖ്യത്തിന്റെ ഭാഗമായി മത്സരിച്ച ഡി.എം.ഡി.കെക്ക് 26 സീറ്റ് ലഭിച്ചു. ഡി.എം.കെയേക്കാൾ സീറ്റ് നേടിയതോടെ അദ്ദേഹം പ്രതിപക്ഷ നേതാവായി. 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ എൻ.ഡി.എയുടെ ഭാഗമായി. പിന്നീടുള്ള തെരഞ്ഞെടുപ്പിൽ വൻ തിരിച്ചടിയേറ്റു. വിജയകാന്തിന്റെ ആരോഗ്യപ്രശ്നങ്ങൾകൂടിയായപ്പോൾ ഡി.എം.ഡി.കെ. പാർട്ടിയും തമിഴ്നാട്ടിലെ മുഖ്യധാരാ രാഷ്ട്രീയത്തിൽനിന്നു പുറത്തായി.

## അനധികൃത ഭൂമിയിടപാട്: പ്രിയങ്കയ്ക്കും ഭർത്താവിനും എതിരേ ഇ.ഡി. അന്വേഷണം

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി വാധ്‌രയുടെയും ഭർത്താവ് റോബർട്ട് വാധ്‌രയുടെയും ഭൂമിയിടപാടുകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) അന്വേഷിക്കുന്നു. 2005-06-ൽ വാധ്‌ര ഹരിയാനയിൽ മൂന്നിടത്ത് റിയൽ എസ്റ്റേറ്റ് ഏജന്റിൽനിന്നു ഭൂമി വാങ്ങിയതും പ്രിയങ്ക നടത്തിയ ഒരു ഭൂമിയിടപാടുമാണ് അന്വേഷിക്കുന്നത്.

പ്രവാസി വ്യവസായിയും മലയാളിയുമായ സി.സി. തമ്പി, റിയൽ എസ്റ്റേറ്റ് ഏജന്റ് സഞ്ജയ് ഭണ്ഡാരിയുടെ ബന്ധു സുമിത് ഛദ്ദ എന്നിവർക്കെതിരായ കള്ളപ്പണം വെളുപ്പിക്കൽ കേസുമായി ബന്ധപ്പെട്ട് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിലാണു പ്രിയങ്കയ്ക്കും ഭർത്താവിനുമെതിരായ അന്വേഷണം ഇ.ഡി. പരാമർശിച്ചത്. വാധ്‌രയുമായി ഏറെ അടുപ്പമുള്ളയാളാണു സി.സി. തമ്പി. പ്രിയങ്കയും വാധ്‌രയും പ്രതിപ്പട്ടികയിലല്ലെങ്കിലും ഇരുവരും ഒന്നിച്ചൊരു കുറ്റപത്രത്തിൽ പരാമർശിക്കപ്പെടുന്നത് ആദ്യമാണ്.

കഴിഞ്ഞ 22-ന് കുറ്റപത്രം പരിഗണിച്ച പ്രത്യേക പി.എം.എൽ.എ. (കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമം) കോടതി, കേസ് ജനുവരി 29-നു വാദം കേൾക്കാൻ മാറ്റി. 2016-ൽ യു.കെയിലേക്കു കടന്ന സഞ്ജയ് ഭണ്ഡാരിയെ ഇ.ഡിയുടെയും സി.ബി.ഐയുടെയും അഭ്യർഥന മാനിച്ച് ബ്രിട്ടീഷ് സർക്കാർ അടുത്തമാസം ഇന്ത്യയ്ക്കു കൈമാറും. വിദേശത്തെ അനധികൃത സ്വത്തുക്കളുമായി ബന്ധപ്പെട്ട് കള്ളപ്പണം വെളുപ്പിക്കൽ, നികുതി വെട്ടിപ്പ് കേസുകളാണു രണ്ട് ഏജൻസികളും ഭണ്ഡാരിക്കേതിരെ നടത്തുന്നത്.


തമ്പിക്കെതിരെ 2015-ൽ വിദേശവിനിമയ നിയമപ്രകാരം (ഫെമ) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയപ്പോഴാണു പ്രിയങ്കയുടെയും വാധ്‌രയുടെയും ഭൂമിയിടപാടുകൾ ശ്രദ്ധയിൽപ്പെട്ടതെന്നു കുറ്റപത്രത്തിൽ ഇ.ഡി. വിശദീകരിച്ചു. തമ്പിയും വാധ്‌രയും ദീർഘകാലമായി ഉറ്റസുഹൃത്തുക്കളാണ്. തമ്പിക്കെതിരായ കേസിൽ വാധ്‌രയെ ഇ.ഡി. മുമ്പ് ചോദ്യംചെയ്തെങ്കിലും കുറ്റമൊന്നും ചെയ്തിട്ടില്ലെന്നായിരുന്നു മൊഴി. തമ്പി 2005-08 കാലഘട്ടത്തിൽ ഹരിയാനയിലെ ഫരീദാബാദിലുള്ള അമീർപുർ ഗ്രാമത്തിൽ 486 ഏക്കർ ഭൂമി വാങ്ങിയിരുന്നു. ഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന റിയൽ എസ്റ്റേറ്റ് ഏജന്റ് എച്ച്.എൽ. പഹ്‌വ മുഖേനയായിരുന്നു ഇടപാട്. 2005-06-ൽ വാധ്‌രയും പഹ്‌വയിൽനിന്ന് അമീർപുരിൽ മൂന്നിടത്തായി 40.08 ഏക്കർ ഭൂമി വാങ്ങി. ഇതേ ഭൂമി 2010 ഡിസംബറിൽ പഹ്‌വയ്ക്കുതന്നെ വിറ്റു.



കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി വാധ്‌രയും ഭർത്താവ് റോബർട്ട് വാധ്‌രയും

2006 ഏപ്രിലിൽ പ്രിയങ്കയും അമീർപുരിൽ അഞ്ച് ഏക്കർ കൃഷിഭൂമി പഹ്‌വയിൽനിന്നു വാങ്ങുകയും 2010 ഫെബ്രുവരിയിൽ അദ്ദേഹത്തിനുതന്നെ വിൽക്കുകയും ചെയ്തു. രേഖകളില്ലാതെയാണു പഹ്‌വ പണം കൈപ്പറ്റിയതെന്നും ഇ.ഡി. കുറ്റപത്രത്തിൽ പറയുന്നു. ഈ കേസിൽ 2020 ജനുവരിയിൽ അറസ്റ്റിലായ തമ്പി നിലവിൽ ജാമ്യത്തിലാണ്. ആദായനികുതി വകുപ്പ് രജിസ്റ്റർ ചെയ്ത കള്ളപ്പണക്കേസിന്റെ അടിസ്ഥാനത്തിൽ ഭണ്ഡാരിക്കെതിരെ ഇ.ഡി. 2017 ഫെബ്രുവരിയിൽ കേസെടുത്തിരുന്നു. ഈ കേസിലുൾപ്പെട്ട ലണ്ടനിലെ സ്ഥലത്ത് വാധ്‌ര താമസിച്ചിട്ടുണ്ടെന്നും ഇ.ഡി. ആരോപിച്ചു.


## ബിനോയ് വിശ്വം സി.പി.ഐ. സംസ്ഥാന സെക്രട്ടറി




തിരുവനന്തപുരം: ബിനോയ് വിശ്വം സി.പി.ഐ. സംസ്ഥാന സെക്രട്ടറി. പാർട്ടി സംസ്ഥാന കൗൺസിൽ യോഗം ബിനോയിയെ സെക്രട്ടറിയാക്കാനുള്ള കേന്ദ്ര നേതൃത്വത്തിന്റെ തീരമാനം എതിർപ്പുകളില്ലാതെ അംഗീകരിക്കുകയായിരുന്നു. സംസ്ഥാന സെക്രട്ടറിയായിരുന്ന കാനം രാജേന്ദ്രന്റെ മരണത്തെ തുടർന്നാണു ബിനോയ് വിശ്വം സി.പി.ഐയുടെ സംസ്ഥാന സെക്രട്ടറിയാകുന്നത്. നിലവിൽ പാർട്ടി കേന്ദ്ര എക്സിക്യൂട്ടീവ് അംഗമായ ബിനോയ് വിശ്വം വി.എസ്. സർക്കാരിൽ വനം മന്ത്രിയായിരുന്നു. ബിനോയ് വിശ്വത്തെ സെക്രട്ടറിയാക്കിയ പാർട്ടി കേന്ദ്ര നേതൃത്വത്തിന്റെ നടപടിക്കെതിരെ മുതിർന്ന നേതാവ് കെ.ഇ. ഇസ്മയിൽ പരസ്യമായി രംഗത്തു വന്നിരുന്നു. പാർട്ടി കേന്ദ്ര എക്സിക്യൂട്ടീവ് അംഗമായ കെ. പ്രകാശ്ബാബുവിനു പാർട്ടി കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനത്തിൽ നീരസമുണ്ടായിരുന്നെങ്കിലും അദ്ദേഹമതു പാർട്ടി നേതൃയോഗങ്ങളിൽ പ്രകടിപ്പിച്ചില്ല. ഈയിടെ ചേർന്ന സി.പി.ഐ. എക്സിക്യൂട്ടീവ് യോഗത്തിലും പ്രകാശ് ബാബു മൗനം പാലിച്ചു.







THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


JB RESTORATION
JB ADJUSTERS
OPTIMUM CONTRACTORS
MATHEW
മത്തായിച്ചൻ
JORGE
MATHEW 630-205-5585 JORGE 630-335-2987
ROOFING & SIDING
We Specialize In Storm Damage Repair
We Work With All Home Insurance
FREE ESTIMATE
COMMERCIAL & RESIDENTIAL
REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


# ജമ്മുകാഷ്മീരിൽ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നീതി ഉറപ്പാക്കും: രാജ്നാഥ് സിംഗ്

രജൗരി: ജമ്മുകാഷ്മീരിലെ പൂഞ്ചിൽ ഭീകരാക്രമണത്തിനു പിന്നാലെ പോലീസ് ചോദ്യംചെയ്യാൻ വിളിപ്പിച്ച മൂന്നു പ്രദേശവാസികളെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ കേന്ദ്രസർക്കാരിന്റെ ഇടപെടൽ. കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങളെ സന്ദർശിച്ച കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ് നീതി ലഭ്യമാക്കുമെന്ന് ഉറപ്പു നൽകി. പൂഞ്ചിലെ സംഭവവികാസങ്ങളിൽ എല്ലാവർക്കും ദുഃഖമുണ്ട്. മരണമടഞ്ഞവരെ തിരികെയെത്തിക്കാൻ കഴിയില്ലെങ്കിലും നീതി ഉറപ്പാക്കാനാകും - മന്ത്രി വ്യക്തമാക്കി.

കരസേനാ തലവൻ മനോജ് പാണ്ഡെ, ലഫ് ഗവർണർ മനോജ് സിൻഹ തുടങ്ങിയവർക്കൊപ്പം രജൗരിയിൽ വെച്ചാണ് രാജ്നാഥ് സിംഗ് കുടുംബാംഗങ്ങളുമായി സംസാരിച്ചത്. കസ്റ്റഡിയിലായശേഷം മർദനമേറ്റ് ഗവൺമെന്റ് മെഡിക്കൽ കോളജിൽ കഴിയുന്ന നാലുപേരെ സന്ദർശിച്ച് ആരോഗ്യവിവരം തെരക്കുകയും ചെയ്തു. പൂഞ്ചിലെ സുരാൻകോട്ടിൽ ഭീകരർ നടത്തിയ ആക്രമണത്തിൽ നാല് സൈനികരാണ് വീരമൃത്യു വരിച്ചത്. മൂന്നുപേർക്കു പരുക്കേൽക്കുകയും ചെയ്തു.

ഇതിനുശേഷം ചോദ്യംചെയ്യാൻ വിളിപ്പിച്ച മുഹമ്മദ് സഫീർ, റിയാസ് ഹുസൈൻ, ഷൗക്കത് ഹുസൈൻ എന്നിവരെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ഇതേത്തുടർന്ന് സൈന്യത്തിനെതിരെ വ്യാപക പ്രതിഷേധം ഉയർന്നിരുന്നു.

സംഭവം ദേശീയ അന്വേഷണ ഏജൻസി അന്വേഷിക്കുമെന്നും മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നല്കുമെന്നും ജമ്മുകാഷ്മീർ സർക്കാർ അറിയിച്ചിരുന്നു.



മന്ത്രി രാജ്നാഥ് സിംഗ് ലഫ്. ഗവർണർ മനോജ് സിൻഹ, കരസേനാ തലവൻ മനോജ് പാണ്ഡെ തുടങ്ങിയവർക്കൊപ്പം ജമ്മുകാഷ്മീർ സന്ദർശിക്കുന്നു

# ഭാരത് ന്യായ് യാത്രയുമായി രാഹുൽ

ന്യൂഡൽഹി: പൊതുതെരഞ്ഞെടുപ്പിനു മുന്നോടിയായി ഇന്ത്യയുടെ വടക്കുകിഴക്കൻ, പടിഞ്ഞാറൻ മേഖലകളെ ബന്ധിപ്പിച്ച് 'ഭാരത് ന്യായ് യാത്ര'യുമായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. മണിപ്പൂരിൽനിന്നു മുംബൈയിലേക്കുള്ള 6,200 കിലോമീറ്റർ പര്യടനത്തിന് ജനുവരി 14-ന് തുടക്കം കുറിക്കും. രണ്ട് തെക്കൻ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് വിജയത്തിന് ആക്കം പകർന്ന ഭാരത് ജോഡോ യാത്രയുടെ രണ്ടാം പതിപ്പായാണ് 'ഭാരത് ന്യായ് യാത്ര' വിശേഷിപ്പിക്കപ്പെടുന്നത്. ഇംഫാലിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഫ്ളാഗ് ഓഫ് ചെയ്യും. ഈ യാത്രയിൽ രാഹുൽ ഗാന്ധി 14 സംസ്ഥാനങ്ങളും 85 ജില്ലകളും താണ്ടും. തെരഞ്ഞെടുപ്പിന് മുന്നോടിയായി മാർച്ച് 20-നാണ് യാത്രയുടെ സമാപനം. മണിപ്പൂർ, നാഗാലാൻഡ്, അസം, മേഘാലയ, പശ്ചിമ ബംഗാൾ, ബിഹാർ, ഒഡീഷ, ഛത്തീസ്ഗഡ്, ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലൂടെ രാഹുൽ യാത്ര നയിക്കും. ഇതിൽ ബസ് യാത്രകളും പദയാത്രകളും ഉൾപ്പെടും. ഇന്ത്യയിലെ ജനങ്ങൾക്ക് സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ നീതി ഉറപ്പാക്കാനാണ് ന്യായ് യാത്രയെന്ന് കോൺഗ്രസ് ചൂണ്ടിക്കാട്ടി. അക്രമ ബാധിതമായ മണിപ്പൂരിനെ യാത്രയുടെ ആരംഭവേദിയായി തെരഞ്ഞെടുത്തതുതന്നെ ആളുകളുടെ മുറിവ് ഉണക്കൽ അവിടെനിന്നു തുടങ്ങാനാണെന്ന് കോൺഗ്രസ് ചൂണ്ടിക്കാട്ടി.

അതേസമയം, ഏതാനും മുദ്രാവാക്യങ്ങൾ ഉയർത്തി ജനങ്ങളെ കബളിപ്പിക്കാനാകില്ലെന്ന് ബി.ജെ.പി. വിമർശിച്ചു. 2014 മുതൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സർക്കാരാണ് 'യഥാർത്ഥ ന്യായം' സംഭാവന ചെയ്യുന്നതെന്ന് പാർട്ടി വക്താവ് നളിൻ കോഹ്‌ലി പറഞ്ഞു.

# വീട്ടമ്മമാർ ചെയ്യുന്ന ജോലിക്കു പ്രതിഫലം നൽകണം: കൽക്കട്ട ഹൈക്കോടതി

കൊൽക്കത്ത: വീട്ടമ്മമാരെ ഒരിക്കലും തൊഴിൽരഹിതരായി കാണരുതെന്നും അവർ വീട്ടിൽ അനുദിനം ചെയ്യുന്ന ജോലികൾക്ക് തക്കതായ പ്രതിഫലം നൽകേണ്ടതുണ്ടെന്നും കൽക്കട്ട ഹൈക്കോടതി. വീട്ടമ്മമാരെ തൊഴിൽരഹിതരായി കാണരുത്. അവർ സ്വയം സമ്പാദിക്കുന്ന വ്യക്തികളാണ്. ദിവസം മുഴുവൻ കുടുംബത്തിനുള്ളിൽ അവർ ചെയ്യുന്ന ജോലി മാന്യമായ പ്രതിഫലം അർഹിക്കുന്നതാണ് - അവധിക്കാല സിംഗിൾ ബെഞ്ചിലെ ജസ്റ്റിസ് അജയ് കുമാർ ഗുപ്ത പറഞ്ഞു.

വീട്ടമ്മമാർ കുടുംബത്തിനുവേണ്ടി ചെയ്യുന്ന സേവനം മറ്റേതു ജോലികളേക്കാൾ നിസ്തുലമാണെന്നും 15 വർഷം പഴക്കമുള്ള ഒരു കേസ് പരിഗണിക്കവെ കോടതി വ്യക്തമാക്കി. ഒരു അവധിപോലും എടുക്കാതെ വർഷത്തിൽ 365 ദിവസവും അവർ ജോലി ചെയ്യുന്നു.

വീട്ടമ്മമാർക്കു പകരം ഈ ജോലി ചെയ്യാൻ ആരെയെങ്കിലും നിയോഗിക്കുകയാണെങ്കിൽ അവർക്കു ചോദിക്കുന്ന പ്രതിഫലം കൊടുക്കില്ലേ? അതുപോലെ വീട്ടമ്മമാർ ചെയ്യുന്ന ജോലിയെയും കാണാനാകണം. അതിനാൽത്തന്നെ അവരെ ഒരിക്കലും തൊഴിൽരഹിതരായി കാണാനാകില്ല. മറിച്ച് അവരെ സ്വയം സമ്പാദിക്കുന്നവരായി കാണണം. അവർ ചെയ്യുന്ന വീട്ടുജോലികൾക്ക് സാമ്പത്തികമൂല്യമുണ്ട് - കോടതി പറഞ്ഞു.

2008-ൽ വാഹനാപകടത്തിൽ മരിച്ച വീട്ടമ്മയുടെ കുടുംബാംഗങ്ങൾ പ്രത്യേക വരുമാനം കാണിച്ച് ഇൻഷുറൻസ് കമ്പനിയിൽനിന്ന് നിശ്ചിത തുക ക്ലെയിം ചെയ്ത കേസിലാണ് ജസ്റ്റിസ് ഗുപ്ത ഈ നിരീക്ഷണം നടത്തിയത്. വീട്ടമ്മയായതിനാൽ മരിച്ച സ്ത്രീയുടെ കുടുംബാംഗങ്ങൾ അവകാശപ്പെടുന്ന വരുമാനം അത്ര ഉയർന്നതായിരിക്കില്ലെന്ന കാരണത്താൽ ഇൻഷുറൻസ് കമ്പനി തുക നൽകാൻ വിസമ്മതിച്ചു.

എന്നാൽ, ജസ്റ്റിസ് ഗുപ്ത, മരിച്ചയാളുടെ പ്രധാന വരുമാനത്തിന്റെയും കഴിഞ്ഞ 15 വർഷമായി അതിനു ലഭിച്ച പലിശയുടെയും അടിസ്ഥാനത്തിൽ ഒരു ഏകദേശ കണക്ക് രേഖപ്പെടുത്തുകയും അവളുടെ പ്രതിമാസ പ്രധാന വരുമാനം 3,000 രൂപയായി നിശ്ചയിക്കുകയും ചെയ്തു. ഇതുപ്രകാരം കുടുംബത്തിന് മൊത്തം നഷ്ടപരിഹാരമായി 6,41,200 രൂപ നൽകാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദേശവും നൽകി.

# സസ്പെൻഷനിലായ പ്രതിപക്ഷ എം.പിമാർ ഉന്നയിച്ച 264 ചോദ്യങ്ങൾ രേഖയിൽനിന്ന് നീക്കി

ന്യൂഡൽഹി: ശീതകാല സമ്മേളനത്തിൽ ലോക്സഭയിലും രാജ്യസഭയിലുംനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട എം.പിമാർ ഉന്നയിച്ച 264 ചോദ്യങ്ങൾ പാർലമെന്റിന്റെ രേഖയിൽനിന്ന് നീക്കി.

146 പേരാണ് ഇരുസഭകളിൽനിന്നുമായി സസ്പെൻഡ് ചെയ്യപ്പെട്ടത്. ഇവരിൽ 54 പേരും ഡിസംബർ 19-നും 21-നുമിടയ്ക്കാണ് സസ്പെൻഷനിലായത്. ഈ ദിവസങ്ങളിൽ ശിക്ഷിക്കപ്പെട്ട അംഗങ്ങൾ ഉന്നയിച്ച 132 ചോദ്യങ്ങളാണ് രേഖയിൽനിന്ന് നീക്കപ്പെട്ടത്. വിവിധ മന്ത്രിമാരോട് ചോദ്യങ്ങളുന്നയിക്കുന്ന അംഗങ്ങളുടെ പട്ടികയിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട അംഗങ്ങളുടെ പേരുകളും ഒഴിവാക്കി.

ഡിസംബർ 14-നും 21-നുമിടയിലാണ് 146 അംഗങ്ങൾ ഇരുസഭകളിൽനിന്നുമായി സസ്പെൻഡ് ചെയ്യപ്പെട്ടത്. ഇവരിൽ മൂന്ന് ലോക്സഭാ എം.പിമാരുടെയും 11 രാജ്യസഭാ എം.പിമാരുടെയും കേസുകൾ പ്രിവിലേജ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്.

സസ്പെൻഷൻ കാലയളവിൽ ശിക്ഷിക്കപ്പെട്ട അംഗങ്ങൾ ഉന്നയിക്കുന്ന ഒരു നോട്ടീസും സഭയ്ക്ക് പരിഗണിക്കാനാകില്ലെന്ന് വ്യക്തമാക്കി ലോക്സഭാ സെക്രട്ടേറിയറ്റ് ഈയിടെ സർക്കുലർ ഇറക്കിയിരുന്നു. അതിന്റെ ചുവടുപിടിച്ചാണ് ചോദ്യങ്ങൾ രേഖയിൽനിന്ന് നീക്കിയത്. ഇതിനെതിരെ വിമർശനവുമായി സി.പി.എമ്മിന്റെ രാജ്യസഭാംഗം ജോൺ ബ്രിട്ടാസ് ഉൾപ്പെടെയുള്ളവർ രംഗത്തെത്തി.

ഏക സിവിൽകോഡ് നടപ്പാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ നിയമമന്ത്രാലയത്തോട് ചോദ്യത്തിലൂടെ ഉന്നയിച്ചിരുന്നതായി ബ്രിട്ടാസ് പറഞ്ഞു. സസ്പെൻഷനും ചോദ്യങ്ങൾ നീക്കലും പാർലമെന്റിന്റെ വിശ്വാസ്യതയെത്തന്നെ ഇല്ലാതാക്കുന്നതായെന്ന് അദ്ദേഹം ആരോപിച്ചു.






# ചെന്നൈയിൽ വൈക്കം സത്യഗ്രഹ ശതാബ്ദി ആഘോഷിച്ചു

ചെന്നൈ: അടിച്ചമർത്തലുകളില്ലാത്ത സമത്വസമൂഹം സ്ഥാപിക്കാൻ വൈക്കം സത്യഗ്രഹം പോലുള്ള നവോത്ഥാന മുന്നേറ്റങ്ങൾ ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയനും തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിനും അഭിപ്രായപ്പെട്ടു. വൈക്കം സത്യഗ്രഹത്തിന്റെ നൂറാം വാർഷികത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു ഇരു മുഖ്യമന്ത്രിമാരും. ഇന്ത്യൻ ചരിത്രത്തിലെ സമാനതകളില്ലാത്ത ജനകീയ മുന്നേറ്റമാണ് വൈക്കം സത്യഗ്രഹമെന്ന് വിശേഷിപ്പിച്ച പിണറായി വിജയൻ, വൈക്കം സമരത്തിൽ കേരളവും തമിഴ്നാടും അഭിമാനിക്കുന്നുവെന്നും പറഞ്ഞു.

പൊതുനന്മയ്ക്കുവേണ്ടി സാമൂഹികവും രാഷ്ട്രീയവുമായ വിവിധ ധാരകളെ ഒരുമിച്ച് കൊണ്ടുവന്ന ഒരു പ്രസ്ഥാനത്തെ നാം അനുസ്മരിക്കുമ്പോൾ, നമ്മുടെ കാലഘട്ടത്തിന് പ്രസക്തമായ പൊതുനന്മ കൈവരിക്കുന്നതിന് അത്തരം വ്യത്യസ്ത ധാരകളെ ഒരുമിച്ച് കൊണ്ടുവരാൻ നമ്മളും ശ്രമിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മതപരമായും പ്രാദേശികമായും ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇത്തരം പിന്തിരിപ്പൻ ചിന്തകൾക്കും പ്രയോഗങ്ങൾക്കുമെതിരെ കരുതിയിരിക്കണമെന്നും പിണറായി വിജയൻ മുന്നറിയിപ്പു നൽകി. വിപ്ലവകരമായ സാമൂഹിക പരിഷ്കരണവാദികൾ കാണിച്ചുതന്ന പാതയിൽ ഒരു സമത്വ സമൂഹം സ്ഥാപിക്കാനും പരിശ്രമിക്കാനും ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ അട്ടിമറിക്കുന്നതിന് ഗവർണർ പദവികൾ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും പിണറായി വിജയൻ വിമർശിച്ചു.

നടനും ഡി.എം.ഡി.കെ. സ്ഥാപകനുമായ വിജയകാന്തിന്റെ നിര്യാണത്തെത്തുടർന്ന് ശതാബ്ദി ആഘോഷ പരിപാടികൾ ലളിതമാക്കി. പെരിയാറിനെക്കുറിച്ചുള്ള പുസ്തകവും 1924-ലെ വൈക്കം സമര ശതാബ്ദി സുവനീറും സ്റ്റാലിൻ പിണറായി വിജയനു നൽകി പ്രകാശനം ചെയ്തു.



വൈക്കം സത്യഗ്രഹത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് ചെന്നൈയിൽ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പെരിയാറിന്റെ പ്രതിമ സമ്മാനിക്കുന്നു

# ദേശീയപാതാ വികസനത്തിന് ഭൂമിയേറ്റെടുക്കൽ; കേരളത്തിന് ഇരട്ടിനഷ്ടം

ന്യൂഡൽഹി: ദേശീയപാതാ വികസനത്തിനുള്ള ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് കേരളത്തിനുണ്ടായത് ഇരട്ടിനഷ്ടം. ഭൂമിയേറ്റെടുക്കലിന് 5580 കോടി രൂപ മുടക്കിയ കേരളത്തിന് ഇതിന്റെ ഇരട്ടി നഷ്ടപ്പെടുന്ന സ്ഥിതിയാണിപ്പോൾ.

കിഫ്ബി വഴി സമാഹരിച്ച വായ്പത്തുകയിൽനിന്ന് ഭൂമിയേറ്റെടുക്കലിന് തുക വിനിയോഗിച്ചതാണ് വിനയായത്. കിഫ്ബി വായ്പയെ കേരളത്തിന്റെ കടമെടുപ്പ് അവകാശ പരിധിയിൽപ്പെടുത്തിയ കേന്ദ്രം ആ തുകകൂടി കടമെടുപ്പ് അവകാശത്തിൽനിന്ന് വെട്ടിക്കുറച്ചു. ഇതോടെ കിഫ്ബിയിൽനിന്ന് മുടക്കിയ തുകയുൾപ്പെടെ 11,160 കോടിയുടെ നഷ്ടമാണ് കേരളത്തിനുണ്ടാകുന്നത്.

ദേശീയപാതാ വികസനത്തിനു എൻ.എച്ച്.എ.ഐയിൽനിന്ന് കേരളത്തെക്കാൾ ഉയർന്ന തുക കിട്ടിയ മഹാരാഷ്ട്രയ്ക്ക് ഒരു രൂപപോലും ഖജനാവിൽനിന്ന് ചെലവായിട്ടില്ല. കേന്ദ്രം പുറത്തുവിട്ട കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കിലാണിതുള്ളത്.

ഭൂമിയേറ്റെടുക്കലിന് ഏറ്റവുമധികം തുക മുടക്കിയ സംസ്ഥാനവും കേരളമാണ്. ഭൂമിയുടെ ഉയർന്നവിലയാണ് ചെലവേറ്റിയത്. 45 മീറ്ററിലാണ് കേരളത്തിൽ ദേശീയപാതാ വികസനം.

എന്നാൽ, മഹാരാഷ്ട്രയിൽ 60 മീറ്റർ വീതിയിൽ വികസനം നടക്കുമ്പോഴും ഭൂമിവില കുറവായതിനാൽ ചെലവും കുറവാണ്. ഇതാണ് മഹാരാഷ്ട്രയ്ക്ക് ഗുണമായതെന്നാണ് ദേശീയപാതാ അതോറിറ്റിയുടെ വാദം.

കേരളവും കേന്ദ്രവും തമ്മിലുണ്ടാക്കിയ ധാരണയനുസരിച്ച് ഭൂമിയേറ്റെടുക്കലിന് അതോറിറ്റി 75 ശതമാനവും സംസ്ഥാനം 25 ശതമാനവും നൽകണം.

എന്നാൽ, കേരളം ഇതിനകം മുടക്കിയ തുക 25 ശതമാനത്തിലുമധികമാണ്. ദേശീയപാതാ അതോറിറ്റി കേരളത്തിന് അനുവദിച്ചത് 22,119 കോടി രൂപയാണ്. മഹാരാഷ്ട്രയ്ക്ക് 27,568 കോടിയും. യു.പിക്കായി 23,134 കോടി അനുവദിച്ചപ്പോൾ സംസ്ഥാനവിഹിതമായി യു.പിക്ക് മുടക്കേണ്ടിവന്നത് 2301 കോടി മാത്രം.

ഗുജറാത്തിനായി 11,687 കോടിയും ഹരിയാനയ്ക്കായി 13,294 കോടിയും അനുവദിച്ചപ്പോൾ ഗുജറാത്തിന് ഒരു തുകയും ചെലവായില്ല. ഹരിയാനയ്ക്ക് 3114 കോടിയാണ് ചെലവ്.

# അബ്രഹാം (കുഞ്ഞുമോൻ) കല്ലിടുക്കിൽ ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: മാഞ്ഞൂർ സ്വദേശി അബ്രഹാം (കുഞ്ഞുമോൻ) കല്ലിടുക്കിൽ (75) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ റോസമ്മ ഇടക്കോലി പുളിവേലിൽ കുടുംബാംഗമാണ്. മക്കൾ: ജിനു ആൻഡ് രൻജൻ വട്ടാടികുന്നേൽ (താമ്പാ), റ്റീന ആൻഡ് റ്റിനോ വാളത്താറ്റ് (ചിക്കാഗോ), ജിറ്റു ആൻഡ് അനു പരപ്പനാട്ട് (ചിക്കാഗോ). കൊച്ചുമക്കൾ: ഹാന, നയന, മിന്നു, നൈല, ജോസയ്യ, എസ്രയേൽ, സീവ, ഈശ.

സഹോദരങ്ങൾ: പരേതരായ ഏലിയാമ്മ ആൻഡ് ചാക്കോ പാട്ടക്കണ്ടത്തിൽ (പരിപ്പ്), പരേതരായ മറിയാമ്മ ആൻഡ് അബ്രഹാം കണിയാംപറമ്പിൽ (കൈപ്പുഴ), അന്നമ്മ ആൻഡ് ജോസഫ് വലിയകാലായിൽ (ചിക്കാഗോ), തോമസ് ആൻഡ് ജോളി കല്ലിടുക്കിൽ (ചിക്കാഗോ), ജിമ്മി ആൻഡ് പരേതയായ താരമ്മ കല്ലിടുക്കിൽ (ചിക്കാഗോ), മത്തായിക്കുഞ്ഞ് ആൻഡ് ഏലിയാമ്മ കല്ലിടുക്കിൽ (ചിക്കാഗോ), സിറിയക് ആൻഡ് മേരി കല്ലിടുക്കിൽ (ചിക്കാഗോ), ജോസ് ആൻഡ് ലൈസാമ്മ കല്ലിടുക്കിൽ (ചിക്കാഗോ), സ്റ്റീഫൻ ആൻഡ് ജെസ്സി കല്ലിടുക്കിൽ (ഡാളസ്), ലൂക്കോസ് ആൻഡ് സാലി കല്ലിടുക്കിൽ (ചിക്കാഗോ), മേഴ്സി ആൻഡ് ജോമി ചെറുകര (താമ്പാ),

പരേതൻ ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ സജീവപ്രവർത്തകനും മുൻ ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാനുമായിരുന്നു.

ജനുവരി 2-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 5 മണി മുതൽ 9 മണി വരെ മോർട്ടൻഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ പൊതുദർശനം നടത്തപ്പെടും. ജനുവരി 3-ന് ബുധനാഴ്ച രാവിലെ 9.30-ന് സെന്റ് മേരീസ് പള്ളിയിൽ വെച്ച് നടക്കുന്ന ദിവ്യബലിക്കും പ്രാർത്ഥനാശുശ്രൂഷകൾക്കും ശേഷം മേരിഹിൽ സെമിത്തേരിയിൽ സംസ്കാരം നടക്കും.



## സംസ്ഥാന തലവനെ ആക്രമിച്ചിട്ട് ഒരു നടപടിയും സ്വീകരിച്ചില്ല: ഗവർണർ

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ തലവനെതിരെ അക്രമമുണ്ടായിട്ട് സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ലെന്നു ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ. സംസ്ഥാനത്തിന്റെ തലവനെതിരെ അക്രമമുണ്ടായിട്ട് ഒരു നടപടിയും സ്വീകരിക്കാത്ത സർക്കാർ മറ്റുള്ളവർക്കെതിരേയുണ്ടാകുന്ന അക്രമത്തിൽ എന്തു നടപടിയാകും സ്വീകരിക്കുകയെന്നും ഗവർണർ ചോദിച്ചു.

തിരുവനന്തപുരത്തു മടങ്ങിയെത്തിയ ഗവർണർ, വിമാനത്താവളത്തിൽ മാധ്യമ പ്രവർത്തകരോടു സംസാരിക്കുകയായിരുന്നു. പുതിയ മന്ത്രിമാരുടെ സത്യപ്രതിജ്ഞ നടക്കാനിരിക്കെയാണ് ഗവർണർ, അക്രമനടപടിയെ പ്രോത്സാഹിപ്പിക്കുന്ന സർക്കാരിനെ നിശിതമായി വിമർശിച്ചത്.

തന്റെ കാറിനു നേർക്ക് അക്രമമുണ്ടായിട്ടു സർക്കാർ കാര്യമായ നടപടി സ്വീകരിച്ചില്ല. കരിങ്കൊടി പ്രതിഷേധമുണ്ടായാൽ താൻ ഇനിയും വാഹനത്തിൽനിന്നിറങ്ങി പ്രതിഷേധക്കാരെ നേരിടുകതന്നെ ചെയ്യുമെന്നും ഞാൻ ചെയ്യുന്നത് തന്റെ ജോലിയാണ്. സെനറ്റിലേക്ക് ഗവർണർ നോമിനേറ്റ് ചെയ്ത എ.ബി.വി.പി നേതാവ് അക്രമ കേസിൽ അറസ്റ്റിലായ സംഭവത്തെക്കുറിച്ചു ചോദിച്ചപ്പോൾ, അതൊന്നും താൻ അറിയേണ്ട വിഷയമല്ലെന്നു പറഞ്ഞു ഗവർണർ മാധ്യമങ്ങളോടു പ്രകോപിതനായി. സെനറ്റിലേക്കു നാമനിർദേശം ചെയ്യേണ്ടവരുടെ പേരുകൾ ചാൻസലർക്കു പലവഴിക്കു ലഭിക്കുമെന്നും ഗവർണർ പറഞ്ഞു,

## കോൺഗ്രസിന്റെ മൃദുഹിന്ദുത്വ നിലപാട് 'ഇന്ത്യ'യ്ക്ക് തിരിച്ചടി

തിരുവനന്തപുരം: മൃദുഹിന്ദുത്വ നിലപാടുമായി കോൺഗ്രസ് മുന്നോട്ടു പോകുന്നത് ദേശീയതലത്തിലെ പ്രതിപക്ഷ ഐക്യമായ 'ഇന്ത്യാ കൂട്ടായ്മയ്ക്ക് തിരിച്ചടിയാകുമെന്ന് സിപിഎം. തീവ്രഹിന്ദുത്വത്തിനെതിരെ പോരാടി ബിജെപിയെ പുറത്താക്കുക എന്ന ലക്ഷ്യത്തോടെയാണ് മുന്നണി രൂപം കൊണ്ടിരിക്കുന്നത്.

മൃദുഹിന്ദുത്വം കൊണ്ട് തീവ്രഹിന്ദുത്വത്തെ നേരിടാമെന്ന കോൺഗ്രസിന്റെ നയം തിരിച്ചടിയാകുമെന്നും സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പത്രസമ്മേളനത്തിൽ ചൂണ്ടിക്കാട്ടി.

രാമക്ഷേത്ര ഉദ്ഘാടനവുമായി ബന്ധപ്പെട്ട കോൺഗ്രസിന്റെ സമീപനം അവരുടെ രാഷ്ട്രീയ പാപ്പരത്തം വെളിവാക്കുന്നതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഓരോ പൗരനും അവരുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കാനുള്ള അവകാശമുണ്ട്. അത് അവരുടെ ജനാധിപത്യ അവകാശമായാണ് സിപിഎം കാണുന്നത്. ഇതു സംരക്ഷിക്കാൻ സിപിഎം പ്രതിജ്ഞാബദ്ധമാണ്. ഇവിടെ സംഘ്പരിവാർ വിശ്വാസത്തെ രാഷ്ട്രീയത്തിനായി ഉപയോഗിക്കുകയാണ്.

രാമക്ഷേത്രത്തിന്റെ പണി 2025-ലെ പൂർത്തിയാകുകയുള്ളൂ. എന്നാൽ, തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ഇവിടെ അതിനെ രാഷ്ട്രീയമായി ഉപയോഗിക്കുകയാണ്. അതുകൊണ്ടാണ് ക്ഷണിക്കാൻ വന്നവരോടുതന്നെ പങ്കെടുക്കില്ലെന്ന് സീതാറാം യെച്ചൂരി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത്.

മതേതരത്വം സംരക്ഷിക്കാൻ നിൽക്കുന്നുവെന്നു പറയുന്ന കോൺഗ്രസിന് അതിനു കഴിയുന്നില്ലെന്നതിന്റെ തെളിവാണ് അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പു ഫലം. തീവ്ര വർഗീയ അജൻഡയെ എതിർക്കാൻ മതനിരപേക്ഷ നിലപാട് ഉയർത്തിപ്പിടിക്കേണ്ടതിനു പകരം മൃദുനിലപാടാണ് അവർ സ്വീകരിക്കുന്നത്.

തീവ്രഹിന്ദുത്വ നിലപാടിനെ എതിർക്കാനും മതനിരപേക്ഷ നിലപാട് ഉയർത്തിപ്പിടിക്കാനും കോൺഗ്രസ് കൃത്യമായ നിലപാട് സ്വീകരിക്കണം. ഇസ്രായേലിനെ അംഗീകരിക്കുന്ന വിദേശനയം കൊണ്ടുവന്നതും കോൺഗ്രസാണ്. അതിലും മാറ്റം വരണം. അടിസ്ഥാനപരമായ സമീപനങ്ങളിൽ നിന്നു പിന്നോക്കം പോകുന്ന കോൺഗ്രസിന്റെ നയം ആത്മഹത്യാപരമാണ്.

ബാബ്റി മസ്ജിദ് തകർക്കുമ്പോഴും കർസേവയ്ക്ക് രാജീവ് ഗാന്ധി വഴിയൊരുക്കി കൊടുക്കുമ്പോഴും കോൺഗ്രസിനൊപ്പം ലീഗ് ഉണ്ടായിരുന്നു. ഇപ്പോൾ അതിലൊക്കെ ചില ആശങ്ക ഉണ്ടായിട്ടുണ്ട്. മുന്നണിയുടെ ഭാഗമായി നിൽക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളാണിത്. അത് അവരേയും ദുർബലപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

## ബി.ജെ.പി. കോടീശ്വരന്മാരുടെയും അടിമകളുടെയും പാർട്ടി: രാഹുൽ

മുംബൈ: അധികാരത്തിൽ എത്താനുള്ള രാഷ്ട്രീയപ്പോരാട്ടത്തിനല്ല, രണ്ടു വ്യത്യസ്ത ആശയങ്ങളുടെ ഏറ്റുമുട്ടലിനാണ് അടുത്ത ലോക്സഭാ



കോൺഗ്രസ് പാർട്ടിയുടെ സ്ഥാപകദിനാഘോഷത്തോടനുബന്ധിച്ച് നാഗ്പൂരിൽ സംഘടിപ്പിച്ച ചടങ്ങിൽ പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, രാഹുൽഗാന്ധി, മഹാരാഷ്ട്ര കോൺഗ്രസ് അധ്യക്ഷൻ നാന പറോള, രമേശ് ചെന്നിത്തല തുടങ്ങിയവർ സത്യപ്രതിജ്ഞ ചൊല്ലുന്നു.

തെരഞ്ഞെടുപ്പ് സാക്ഷ്യം വഹിക്കാൻ പോകുന്നതെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. ഈ പോരാട്ടത്തിൽ ഒരുമിച്ചുനിന്ന് വിജയം നേടുമെന്ന് പാർട്ടിയുടെ 139-ാം സ്ഥാപകദിനത്തിൽ നാഗ്പൂരിൽ നടത്തിയ റാലിയിൽ രാഹുൽ പറഞ്ഞു.

ബി.ജെ.പിക്ക് സൈദ്ധാന്തിക പിന്തുണ നൽകുന്ന ആർ.എസ്.എസിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്ന നഗരത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ തുടക്കം കുറിച്ച് 'ഞങ്ങൾ തയാർ' എന്നു പേരിട്ട വൻ റാലിയാണു നടത്തിയത്. പ്രസംഗത്തിൽ ബിജെപിയെയും ആർ.എസ്.എസിനെയും രാഹുൽ കടന്നാക്രമിച്ചു.

'ആർഎസ്എസ് ഇന്ത്യയെ സ്വാതന്ത്ര്യത്തിനു മുൻപുള്ള കാലത്തിലേക്കു തിരിച്ചു കൊണ്ടുപോകുകയാണ്. വിയോജിപ്പിന് ഇടം നൽകാത്ത അടിമത്ത മനോഭാവമാണ് ബി.ജെ.പിയിൽ നിലനിൽക്കുന്നത്. മുകളിൽനിന്നുള്ള ഉത്തരവുകൾ അനുസരിക്കുക മാത്രമാണ് അവരുടെ രീതി. എന്നാൽ, കോൺഗ്രസിൽ ഏതു പ്രവർത്തകനും തീരുമാനങ്ങളെ ചോദ്യം ചെയ്യാൻ കഴിയും' - രാഹുൽ ചൂണ്ടിക്കാട്ടി.

ഏതാനും ശതകോടീശ്വരന്മാർക്കു നേട്ടം കൊയ്യാൻ മാത്രം അവസരമുണ്ടാക്കുകയാണ് ബി.ജെ.പി. ചെയ്യുന്നത്. ബി.ജെ.പി. ഭരണത്തിൽ ഇന്ത്യയിൽ പാവപ്പെട്ടവരുടെ എണ്ണം കൂടി. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർ, ദളിതർ, ആദിവാസികൾ തുടങ്ങിയവർക്ക് ഇന്ത്യയിലെ പല മേഖലകളിലും പ്രാതിനിധ്യമില്ലെന്നും അധികാരത്തിൽ വന്നാൽ ജാതി സെൻസസ് നടത്തുമെന്നും രാഹുൽ പറഞ്ഞു.

നാഗ്പൂരിൽ രണ്ട് പ്രത്യയശാസ്ത്രങ്ങളാണുള്ളതെന്നും ഒന്ന് പുരോഗമനപരമെങ്കിൽ മറ്റേത് ഇന്ത്യയെ നശിപ്പിക്കുന്നതാണെന്നും പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. ഇന്ത്യ സഖ്യം അധികാരത്തിൽ വന്നാൽ പാവപ്പെട്ടവർക്കുവേണ്ടി 'ന്യായ്' പദ്ധതി നടപ്പാക്കും. ഒരു കുടുംബത്തിന് മാസം 6000 രൂപ വീതം ലഭ്യമാക്കുന്നതാണ് ന്യായ് പദ്ധതി.

## നിതീഷ്കുമാർ ജെഡിയു അദ്ധ്യക്ഷൻ



ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് പടിവാതില്ക്കൽ എത്തിനിൽക്കെ ജനതാദൾ യുണൈറ്റഡ് (ജെഡിയു) അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്ത് നിതീഷ്കുമാർ. ദേശീയ അദ്ധ്യക്ഷൻ ലലൻ സിങ് രാജിവെച്ചതിനു പിന്നാലെയാണ് ഡൽഹിയിൽ നടന്ന ദേശീയ എക്സിക്യൂട്ടീവ് യോഗം നിതീഷ്കുമാറിനെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തത്.

പാർട്ടിയുടെയും രാജ്യത്തിന്റെയും താത്പര്യം മുൻനിർത്തി ദേശീയ എക്സിക്യൂട്ടീവ് ആവശ്യപ്പെട്ടതു പ്രകാരമാണ് നിതീഷ്കുമാർ ചുമതല ഏറ്റെടുത്തതെന്ന് ജെഡിയു ബിഹാർ അദ്ധ്യക്ഷൻ ഉമേഷ് കുശ്വാഹ പ്രതികരിച്ചു. നിതീഷ്കുമാറിനെ അദ്ധ്യക്ഷസ്ഥാനത്തേക്ക് പുനരവരോധിക്കുന്നതിനായി ലാലൻ സിംഗ് സ്ഥാനമൊഴിയുമെന്ന് അഭ്യൂഹമുണ്ടായിരുന്നു.

ബിജെപിയുമായി വീണ്ടും സഖ്യത്തിലേർപ്പെടാനാണ് നിതീഷിന്റെ നീക്കമെന്നും അതിന്റെ ഭാഗമായിട്ടാണ് പാർട്ടിയുടെ നിയന്ത്രണം ഏറ്റെടുക്കുന്നതെന്നുമാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.

എന്നാൽ, നിതീഷ് പ്രതിപക്ഷ ഇന്ത്യ സഖ്യത്തിന്റെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയാകണമെന്നാണ് ആഗ്രഹമെന്നും അതിനാണ് പാർട്ടി അദ്ധ്യക്ഷനാക്കിയതെന്നും ജെഡിയു ജനറൽ സെക്രട്ടറി ധനഞ്ജയ് സിംഗ് മാധ്യമങ്ങളോട് പറഞ്ഞു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ഐപിസിഎൻഎ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലി, സെക്രട്ടറി ജോജോ കൊട്ടാരക്കര

ജോജോ കൊട്ടാരക്കര

ന്യൂയോർക്ക്: ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐപിസിഎൻഎ) ന്യൂയോർക്ക്/ന്യൂജേഴ്സി ചാപ്റ്റർ പ്രസിഡണ്ടായി ഷോളി കുമ്പിളുവേലി തെരഞ്ഞെടുക്കപ്പെട്ടു. നിലവിൽ സെക്രട്ടറിയായി സേവനം ചെയ്തുവരികയായിരുന്നു. മറ്റു ഭാരവാഹികളായി ജോജോ കൊട്ടാരക്കര-സെക്രട്ടറി, ബിനു തോമസ്-ട്രഷറർ, മൊയ്തീൻ പുത്തൻചിറ-വൈസ് പ്രസിഡണ്ട്, ജേക്കബ് മാനുവൽ-ജോ. സെക്രട്ടറി എന്നിവരെയും തെരഞ്ഞെടുത്തു.



ഷോളി കുമ്പിളുവേലി



ജോജോ കൊട്ടാരക്കര



ബിനു തോമസ്



മൊയ്തീൻ പുത്തൻചിറ



ജേക്കബ് മാനുവൽ

ഡിസംബർ 17-ാം തീയതി ഞായറാഴ്ച ഓറഞ്ച്ബർഗിലെ സിത്താർ പാലസ് റെസ്റ്റോറന്റിൽ കൂടിയ യോഗത്തിൽ നിലവിലെ പ്രസിഡണ്ട് സണ്ണി പൗലോസ് അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യാ പ്രസ്ക്ലബ് നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ യോഗം ഉദ്ഘാടനം ചെയ്തു. മുൻ പ്രസിഡണ്ടുമാരായ ജോർജ് ജോസഫ്, മധു കൊട്ടാരക്കര തുടങ്ങിയവർ പുതിയ ഭാരവാഹികളെ അനുമോദിച്ചുകൊണ്ട് സംസാരിച്ചു.

പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഷോളി കുമ്പിളുവേലി ഇ-മലയാളിയുടെ അസോസിയേറ്റ് എഡിറ്ററും മാതൃഭൂമി ന്യൂസിന്റെ അമേരിക്കയിലെ പ്രതിനിധിയുമാണ്. വിവിധ പ്രസിദ്ധീകരണങ്ങളിൽ ആനുകാലിക വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതുന്ന ഷോളി കുമ്പിളുവേലി മികച്ച സംഘാടകനുമാണ്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോജോ കൊട്ടാരക്കര 24 ന്യൂസ് ചാനലിന്റെ ഓപ്പറേഷൻസ് മാനേജരാണ്. സീ24 സ്കൈ, 24 അമേരിക്കൻ അവാർഡ്സ്, ട്രീം പ്രൊജക്ട്സ് തുടങ്ങി 24 ചാനലിന്റെ സുപ്രധാന പദ്ധതികളിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ ഇവന്റ് ഗ്രാം, മഴവിൽ എഫ്എം എന്നിവയുടെ മാനേജിങ് ഡയറക്ടറുമാണ്.

ജൂലിയ ഡിജിറ്റൽ ക്രിയേഷൻസ് എന്ന സ്ഥാപനത്തിന്റെ മാനേജിങ് ഡയറക്ടറാണ് ട്രഷറർ ആയി തെരഞ്ഞെടുക്കപ്പെട്ട ബിനു തോമസ്. 2009 മുതൽ കൈരളി ടിവി യുഎസ്എയുടെ വീഡിയോ ജേർണലിസ്റ്റായി പ്രവർത്തിച്ചുവന്നിരുന്ന ബിനു, നിലവിൽ ഫ്ളവേഴ്സ് ടിവിയുടെ ന്യൂയോർക്ക് റീജിയണൽ ഹെഡായി പ്രവർത്തിച്ചുവരുന്നു. മീഡിയ ടെക്നിക്കൽ എക്സലൻസ് അവാർഡ് ജേതാവു കൂടിയാണ് ബിനു തോമസ്.

വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട മൊയ്തീൻ പുത്തൻചിറ, മലയാളം ഡെയ്‌ലി ന്യൂസിന്റെ പബ്ലിഷറും മാനേജിങ് ഡയറക്ടറുമാണ്. അമേരിക്കയിലെ മുഖ്യധാരാ മലയാളി മാധ്യമപ്രവർത്തകനായ മൊയ്തീൻ പുത്തൻചിറയ്ക്ക് ഇ-മലയാളിയും കൈരളി ടിവിയും സംയുക്തമായി ഏർപ്പെടുത്തിയ ബെസ്റ്റ് ജേർണലിസ്റ്റ് അവാർഡ്, മുട്ടത്ത് വർക്കി ശതവാർഷിക കമ്മിറ്റി ഏർപ്പെടുത്തിയ ഗ്ലോബൽ ലിറ്ററി അവാർഡ്, വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഫ്രീലാൻസ് ആൻഡ് കമ്യൂണിറ്റി സർവീസ് അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ജോ. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജേക്കബ് മാനുവൽ വിവിധ ചാനലുകൾക്ക് വേണ്ടി ക്യാമറാമാനായി പ്രവർത്തിച്ചുവരുന്നു.

ചാപ്റ്ററിന്റെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി ആദ്യവാരം വിപുലമായ പരിപാടികളോടെ നടത്തുവാനും യോഗം തീരുമാനിച്ചു.


# പുതുവത്സര സമ്മാനമായി മിനിമം വേജസ് വർദ്ധിപ്പിക്കുന്നു

ഡോ. മാത്യു ജോയിസ്

ലാസ് വേഗാസ്: 22 സംസ്ഥാനങ്ങളിലെ ഏകദേശം 20 ദശലക്ഷം തൊഴിലാളികൾക്ക് ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ വരുന്ന വേതന വർദ്ധനവ് ലഭിക്കുമെന്ന പുതുവത്സര സമ്മാനം ഇതാ വരുന്നു.

2022-ൽ ഏറ്റവും ഉയർന്ന നിരക്കിൽ എത്തിയതിനുശേഷം ഇപ്പോൾ കുറഞ്ഞുവരുന്ന പണപ്പെരുപ്പം മൂലം തൊഴിലാളികൾ ബുദ്ധിമുട്ടുന്ന സമയത്താണ് ഉയർന്ന മിനിമം വേതനം വരുന്നത്. ഇക്കണോമിക് പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമീപകാല കണക്കനുസരിച്ച് ഈ നീക്കം ഏകദേശം 9.9 ദശലക്ഷം തൊഴിലാളികൾക്ക് ശമ്പളം വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചരിത്രം പറയുന്നത്, 1967-ൽ ഇത് മണിക്കൂറിന് $1.00 മാത്രമായിരുന്ന മിനിമം കൂലി 1970 ഫെബ്രുവരിയിൽ $1.45 ആയി കൂട്ടിക്കിട്ടിയത് അന്നൊരു സംഭവമായിരുന്നു എന്നാണ്.



ലേഖകൻ

2012 മുതൽ മൊത്തം 13 സംസ്ഥാനങ്ങൾ $15 (അല്ലെങ്കിൽ അതിലും ഉയർന്ന) മിനിമം വേജസ് നടപ്പാക്കിയിരുന്നു. (കാലിഫോർണിയ, കണക്റ്റിക്കട്ട്, ഡെലവെയർ, ഫ്ളോറിഡ, ഹവായ്, ഇല്ലിനോയ്, മേരിലാൻഡ്, മസാച്യുസെറ്റ്സ്, നെബ്രാസ്ക, ന്യൂജേഴ്സി, ന്യൂയോർക്ക്, റോഡ് ഐലൻഡ്, കൂടാതെ വിർജീനിയ).

2024 ജനുവരി ഒന്നു മുതൽ കൂലി വർദ്ധിപ്പിക്കുന്ന സംസ്ഥാനങ്ങൾ ഇവയാണ്: അലാസ്ക $1.85 മുതൽ $11.73 വരെ (+ 88¢), അരിസോണ $10.85 മുതൽ $14.35 വരെ (+ 50¢), കാലിഫോർണിയ $15.50 മുതൽ $16.00 വരെ (+ 50¢), കൊളറാഡോ $13.65 മുതൽ $14.42 വരെ (+ 77¢), കണക്റ്റിക്കട്ട് $15.00 മുതൽ $15.69 വരെ (+ 69¢), ഡെലവെയർ $11.75 മുതൽ $13.25 വരെ (+ $1.50), ഹവായ് $12.00 മുതൽ $14.00 വരെ (+ $2), ഇല്ലിനോയി $13.00 മുതൽ $14.00 വരെ (+ $1), മെയ്ൻ $13.80 മുതൽ $14.15 വരെ (+ 35¢), മേരിലാൻഡ് $13.25 മുതൽ $15.00 വരെ (+ $1.75), മിഷിഗൺ $10.10 മുതൽ $10.33 വരെ (+ 23¢), മിനസോട്ട $10.59 മുതൽ $10.85 വരെ (+ 26¢), മിസോറി $12.00 മുതൽ $12.30 വരെ (+ 30¢), മൊണ്ടാന $9.95 മുതൽ $10.30 വരെ (+ 35¢), നെബ്രാസ്ക $10.50 മുതൽ $12.00 വരെ (+ $1.50), ന്യൂജേഴ്സി $14.13 മുതൽ $15.13 വരെ (+ $1), ന്യൂയോർക്ക് $14.20 മുതൽ $15 വരെ (+ 80¢), ഒഹായോ $10.10 മുതൽ $10.45 വരെ (+ 35¢), റോഡ് ഐലൻഡ് $13.00 മുതൽ $14.00 വരെ (+ $1), സൗത്ത് ഡക്കോട്ട $10.80 മുതൽ $11.20 വരെ (+40¢), വെർമോണ്ട് $13.18 മുതൽ $13.67 വരെ (+ 49¢), വാഷിങ്ടൺ $15.74 മുതൽ $16.28 വരെ (+ 54¢).

(ശേഷം 30-ാം പേജിൽ)

# 'ക്നാനായ സമുദായവും കത്തോലിക്കാ സഭയും' കോട്ടയം രൂപതാ സ്ഥാപകദിനത്തിൽ സെമിനാർ സംഘടിപ്പിച്ചു

കോട്ടയം: രൂപതാ സ്ഥാപക ശതാബ്ദി ദിനമായ ഡിസംബർ 21-ന് കോട്ടയം കത്തീഡ്രൽ ദേവാലയത്തിൽ കെ.സി.സി അതിരൂപതാ സമിതി ക്നാനായ സമുദായവും കത്തോലിക്കാ സഭയും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. അൾജീരിയ, ടുണീഷ്യ അപ്പസ്തോലിക് നൂൺഷ്യോ ആർച്ച് ബിഷപ് മാർ കുര്യൻ വയലിങ്കൽ സെമിനാർ ഉദ്ഘാടനം ചെയ്ത് ക്ലാസുകൾ നയിച്ചു.



ക്നാനായ സമുദായത്തിന്റെ പാരമ്പര്യവും വ്യതിരക്തതയും കാത്തുസൂക്ഷിക്കുവാൻ ലോകമെമ്പാടുമുള്ള എല്ലാ മക്കൾക്കും സാധിക്കണമെന്നും അതിനായി ഏറ്റവും പ്രധാനപ്പെട്ട കാര്യം നമ്മുടെ ഐക്യം നിലനിർത്തുക എന്നുള്ളതാണെന്നും നമ്മുടെ ചർച്ചകളും കൂട്ടായ്മകളും എല്ലാം സമുദായ ഐക്യം ലക്ഷ്യമാക്കിയുള്ളതായിരിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു.

വിവിധ രാജ്യങ്ങളിലുള്ള ക്നാനായ സമുദായാംഗങ്ങളുടെ വളർച്ചയ്ക്കും നിലനില്പിനുമായും സഭ തന്നുകൊണ്ടിരിക്കുന്ന സഹകരണങ്ങളെക്കുറിച്ച് പിതാവ് വിശദീകരിച്ചു. അതിനായി കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് പിതാവ് നടത്തുന്ന പരിശ്രമങ്ങൾ എന്തൊക്കെയെന്ന് പിതാവ് ചൂണ്ടിക്കാട്ടി.

ലോകമെമ്പാടും ക്നാനായ സമുദായത്തിന് തങ്ങളുടെ കൂട്ടായ്മയോടൊപ്പം പാരമ്പര്യവും വ്യതിരക്തതയും കാത്തുസൂക്ഷിക്കാൻ തക്കവണ്ണം സഭാസംവിധാനങ്ങൾ ഉണ്ടാകുന്നതിനായി നമ്മുടെ യോജിച്ചുള്ള പ്രവർത്തനങ്ങളാണ് വേണ്ടതെന്ന് പിതാവ് അഭിപ്രായപ്പെട്ടു.

സെമിനാറിന് ബാബു പറമ്പേടുത്തുമലയിൽ സ്വാഗതവും ഫാ. മൈക്കിൾ വെട്ടിക്കാട്ട് ആമുഖപ്രഭാഷണവും ബേബി മുളവേലിപ്പുറം നന്ദിയും രേഖപ്പെടുത്തി.

കെസിവൈഎൽ പ്രസിഡണ്ട് ജോണി സ്റ്റീഫനും കെസിഡബ്ല്യുഎ പ്രസിഡണ്ട് ഷൈനി സിറിയക്കും ആശംസകളർപ്പിച്ചു സംസാരിച്ചു. ജോൺ തെരുവത്ത്, ടോം കരികുളം, എം.സി. കുര്യാക്കോസ്, ബിനു ചെങ്ങളം, അഡ്വ. ആൽബർട്ട് മാത്യു എന്നിവർ സെമിനാറിന് നേതൃത്വം വഹിച്ചു.

# വനം, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വൻ തട്ടിപ്പ്

തിരുവനന്തപുരം: വനംവകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വനം വികസന ഏജൻസികളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ വൻ തട്ടിപ്പ് നടക്കുന്നതായി കണ്ടെത്തി. ഇക്കോ ടൂറിസം സെന്ററുകളിൽ വിനോദസഞ്ചാരികളുടെ പക്കൽനിന്നു വനത്തിനുള്ളിലേക്കുള്ള പ്രവേശനഫീസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക ട്രഷറിയിൽ അടയ്ക്കാതെ വ്യാപക വെട്ടിപ്പ് നടത്തുന്നതായാണു പ്രധാന കണ്ടെത്തൽ.

ഡിസംബർ 27-ന് രാവിലെ 11 മുതൽ 'ഓപ്പറേഷൻ ജംഗിൾ സഫാരി' എന്ന പേരിലാണ് വനംവികസന ഏജൻസികളിലും ഇക്കോ ടൂറിസം സെന്ററുകളിലും വിജിലൻസ് പരിശോധന തുടങ്ങിയത്. ഇക്കോ ടൂറിസത്തിന്റെ ഭാഗമായി നടത്തുന്ന കാന്റീൻ, വന ഉത്പന്ന വിപണനം എന്നിവയിൽനിന്നു ലഭിക്കുന്ന ലാഭവിഹിതത്തിന്റെ വലിയൊരു ഭാഗം കണക്കിൽ കാണിക്കാതെ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി, വനം സംരക്ഷണ സമിതികൾ തട്ടിയെടുക്കുകയും ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് വീതംവെച്ച് എടുക്കുകയും ചെയ്യുന്നു.

വനപരിപാലന പദ്ധതിയിൽ പെടുത്തി വനപരിപാലനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കുന്ന പദ്ധതികളിൽ സംരക്ഷണ വേലി കെട്ടൽ, വഴിതെളിക്കൽ, ഫയർലൈൻ തെളിക്കൽ, റോഡ് വർക്കുകൾ, മറ്റു മരാമത്ത് പ്രവൃത്തികൾ തുടങ്ങിയവയ്ക്കായി അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിലും ക്രമക്കേടുണ്ട്.

ഡി.എഫ്.ഒ. മുഖേന ക്വട്ടേഷൻ, ടെൻഡർ വിളിച്ച് കരാറുകാരെ തെരഞ്ഞെടുത്ത് എഗ്രിമെന്റ് വെച്ചശേഷം പ്രവൃത്തികൾ എഫ്.ഡി.എ. ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ഇ.ഡി.സി. ഫണ്ടും അവരുടെ തൊഴിലാളികളെയും ഉപയോഗിച്ച് പൂർത്തിയാക്കിയശേഷം കരാറുകാരൻ പൂർത്തീകരിച്ചതായി വ്യാജബില്ലുകൾ തയാറാക്കി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽനിന്നും വീണ്ടും പണം മാറിനൽകുന്നതായും കണ്ടെത്തിയതായി സൂചനയുണ്ട്.

KERALA EXPRESS
പ്രവാസി താളുകൾ

# പ്രസ്ക്ലബ് ചിക്കാഗോ ചാപ്റ്ററിന് പുതിയ നേതൃത്വം

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ചിക്കാഗോ ചാപ്റ്ററിന് പുതുനേതൃത്വം. 2024–2025 വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് ബോർഡിലെ പ്രസിഡണ്ടായി ബിജു സഖറിയാ (ഫ്ളവേഴ്സ് ടിവി യുഎസ്എ), സെക്രട്ടറിയായി അനിൽ മറ്റത്തിക്കുന്നേൽ (ഏഷ്യാനെറ്റ് യുഎസ് വീക്കിലി റൗണ്ടപ്പ്), ട്രഷറർ ആയി അലൻ ജോർജ് (ഏഷ്യാനെറ്റ് ന്യൂസ്), വൈസ് പ്രസിഡണ്ടായി പ്രസന്നൻ പിള്ള (കൈരളി ടിവി), ജോ. സെക്രട്ടറിയായി ഡോ. സിമി ജെസ്റ്റോ (ഏഷ്യാനെറ്റ് യുഎസ് വീക്കിലി റൗണ്ടപ്പ്), ജോ. ട്രഷററായി വർഗീസ് പാലമലയിൽ (എൻആർഐ റിപ്പോർട്ടർ) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്. പ്രസിഡണ്ട് ശിവൻ മുഹമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ ബോർഡ് മീറ്റിങ്ങിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ അഡ്വൈസറി ബോർഡ് ചെയർമാൻ ബിജു കിഴക്കേക്കുറ്റ് യോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

കഴിഞ്ഞ രണ്ടു വർഷക്കാലം ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ചിക്കാഗോ ചാപ്റ്ററിനെ നയിക്കുവാൻ ലഭിച്ച അവസരത്തിനും ചാപ്റ്ററിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകുവാനും അന്താരാഷ്ട്ര മീഡിയ കോൺഫറൻസിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുവാനും സാധിച്ചതിൽ എല്ലാ ചാപ്റ്റർ അംഗങ്ങൾക്കും ഭാരവാഹികൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പേരിൽ നന്ദി അറിയിക്കുന്നതായി ശിവൻ മുഹമ്മ അറിയിച്ചു. നോർത്ത് അമേരിക്കയിലെ മാധ്യമരംഗത്ത് സ്തുത്യർഹമായ സേവനങ്ങൾ നല്കിവരുന്ന ബിജു സഖറിയായുടെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് അദ്ദേഹം പിന്തുണയും ആശംസകളും അറിയിക്കുകയും ചെയ്തു.

മികച്ച ഒരു മാധ്യമ സമ്മേളനം മിയാമിയിൽ വെച്ച് നടത്തുവാൻ സാധിച്ചതിലുള്ള സന്തോഷം അഡ്വൈസറി ബോർഡ് ചെയർമാൻ ബിജു കിഴക്കേക്കുറ്റ് അറിയിച്ചു.

വ്യത്യസ്തമായ മാധ്യമങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെങ്കിലും അമേരിക്കൻ മലയാളി സമൂഹത്തിനോടുള്ള പ്രതിബദ്ധതയും മലയാളി മാധ്യമ പ്രവർത്തകർ എന്ന ഒത്തൊരുമയും ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ബാനറിൽ കാത്തുസൂക്ഷിക്കുന്നതിനാലാണ് ഇതുപോലുള്ള പ്രൗഢഗംഭീരമായ മാധ്യമസമ്മേളനങ്ങളടക്കമുള്ള പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കുവാൻ ഐപിസിഎൻഎയ്ക്ക് സാധിക്കുന്നതെന്ന് ബിജു കിഴക്കേക്കുറ്റ് അറിയിച്ചു. ഐപിസിഎൻഎ ചിക്കാഗോ ചാപ്റ്ററിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നതായി അദ്ദേഹം അറിയിച്ചു.

നോർത്ത് അമേരിക്കയിലെ വാർത്തകളും വിവരങ്ങളും പങ്കുവെക്കുന്നതിനോടൊപ്പം മാധ്യമപ്രവർത്തകർ തമ്മിലുള്ള ഊഷ്മളമായ ബന്ധം പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ വർഷങ്ങളായി പ്രവർത്തിക്കുന്ന ഐപിസിഎൻഎ തുടർന്നും അമേരിക്കൻ മലയാളി സമൂഹത്തിലെ ജ്വലിക്കുന്ന നക്ഷത്രമായി പ്രശോഭിക്കുമെന്ന് നിയുക്ത ചാപ്റ്റർ പ്രസിഡണ്ട് ബിജു സഖറിയാ അറിയിച്ചു.

ജനാധിപത്യത്തിന്റെ നാലാം തൂണ് എന്ന് വിശേഷിപ്പിക്കാവുന്ന മാധ്യമങ്ങളുടെ സുഗമവും സുതാര്യവുമായ പ്രവർത്തനങ്ങൾക്ക് പിന്തുണ നല്കിക്കൊണ്ട്, പുതുതലമുറയെയും മാധ്യമരംഗത്തേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ അർത്ഥവത്തായ പരിപാടികൾ ആസൂത്രണം ചെയ്യുവാനുള്ള തയ്യാറെടുപ്പോടെയാണ് ചിക്കാഗോ ചാപ്റ്റർ എത്തുന്നത് എന്നും ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ സുനിൽ ട്രൈസ്റ്റാറിന്റെ നേതൃത്വത്തിലുള്ള നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയോടും സുനിൽ തൈമറ്റത്തിന്റെ നേതൃത്വത്തിലുള്ള നാഷണൽ അഡ്വൈസറി ബോർഡിനോടും ചേർന്നു നിന്നുകൊണ്ട് പ്രവർത്തിക്കുമെന്നും നിയുക്ത പ്രസിഡണ്ട് ബിജു സഖറിയാ അറിയിച്ചു.

ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്ത എല്ലാവർക്കും സെക്രട്ടറി പ്രസന്നൻ പിള്ള സ്വാഗതവും ട്രഷറർ അനിൽ മറ്റത്തിക്കുന്നേൽ നന്ദിയും അറിയിച്ചു.




# ക്നാനായ ജനത്തിന് അനുഗ്രഹമായി ബെൻസൻവില്ലയിൽ പുതിയ ദേവാലയം






ചിക്കാഗോ: അമേരിക്കയിലെ ക്നാനായ ജനത്തിന്റെ ആദ്യ ദൈവാലയമായ മേവുഡിലെ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയം കൂടുതൽ സൗകര്യപ്രദമായ ഒരു ദൈവാലയം വാങ്ങി ബെൻസൻവില്ലയിലേക്ക് മാറുന്നു. ജൂലിയറ്റ് രൂപതയിലെ ബെൻസൻവില്ലയിലുള്ള സെന്റ് ചാൾസ് ബൊറോമിയോ കത്തോലിക്കാ ദൈവാലയമാണ് സ്വന്തമാക്കിയിരിക്കുന്നത്. ദൈവാലയവും സ്കൂളും വൈദിക മന്ദിരവും ഹാളും ഏഴേകാൽ ഏക്കർ സ്ഥലവും അടങ്ങുന്ന സംവിധാനമാണ് പുതിയ ദൈവാലയത്തിനുള്ളത്.

2006-ൽ മേവുഡിൽ സ്ഥാപിതമായ തിരുഹൃദയ ക്നാനായ ദൈവാലയത്തിന്റെ അജപാലന വളർച്ചയുടെ ഭാഗമായിട്ടാണ് പുതിയ ദൈവാലയം സ്വന്തമാക്കിയിരിക്കുന്നത്. ഇടവകജനത്തിന്റെയും ഒട്ടനവധി സുമനസ്സുകളുടെ പ്രാർത്ഥനകളുടെയും നിർലോഭമായ സാമ്പത്തിക സഹായത്തിന്റെയും ഫലമായിട്ടാണ് ഈ വലിയ സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നത്.

ജൂലിയറ്റ് രൂപതാദ്ധ്യക്ഷൻ അഭി. റൊണാൾഡ് ഹഹിക്സിന്റെയും ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പിതാവിന്റെയും സമയോചിതമായ ഇടപെടലുകളും നേതൃത്വവും ഇത്തരുണത്തിൽ ഏറെ നന്ദിയോടെ സ്മരിക്കുന്നു. 2024 മാർച്ച് 16-ന് ശനിയാഴ്ച പുതിയ ദേവാലയത്തിന്റെ പുനർ കൂദാശാകർമ്മം നടത്തപ്പെടും. ഈ പുതിയ ദൈവാലയ സംരംഭം യാഥാർത്ഥ്യമാക്കുവാൻ നേതൃത്വം നല്കിയ ചർച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി, ഫണ്ട് റെയ്സിങ് കമ്മിറ്റി, സാമ്പത്തിക സഹായം നല്കിയവർ, മറ്റ് ഇതര സഹായങ്ങൾ ചെയ്ത് തന്നവർ എന്നിവരോടുള്ള നന്ദിയും കടപ്പാടും ഇടവക വികാരി ഫാ. തോമസ് മുളവനാലും അസി. വികാരി ഫാ. ബിൻസ് ചേത്തലും അറിയിച്ചു.

# കെസിസിഎൻഎ സാൻ അന്റോണിയോ കൺവൻഷൻ; ഹൂസ്റ്റൺ കിക്കോഫ് വൻ വിജയം

ജോസ് കണിയാലി

ഹൂസ്റ്റൺ: 2024 ജൂലൈ 4, 5, 6, 7 തീയതികളിൽ സാൻ അന്റോണിയോയിൽ വെച്ച് നടക്കുവാൻ പോകുന്ന 15-ാമത് കെസിസിഎൻഎ ദേശീയ കൺവൻഷനിലേക്കുള്ള ഹൂസ്റ്റൺ രജിസ്ട്രേഷൻ കിക്കോഫ് വൻ വിജയമായി. ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ക്രിസ്മസ് ആഘോഷപരിപാടികളോടനുബന്ധിച്ചാണ് കൺവൻഷൻ കിക്കോഫ് നടത്തപ്പെട്ടത്.

ബേബി ആൻഡ് ഏലിയാമ്മ കൈതമറ്റത്തിൽ സിൽവർ സ്പോൺസറായി കിക്കോഫിന് തുടക്കം കുറിച്ചു. അലക്സ് (അനി)-സിനി മത്തിത്താഴെ, ബിജോ-ജെസ്സി കറുകപ്പറമ്പിൽ, ലെനിൻ-നൈനി ഇല്ലിക്കാട്ടിൽ, അജീഷ്-ലിസ് ഇല്ലിക്കാട്ടിൽ, റ്റോസ്-അജിത കണ്ടാരപ്പള്ളിൽ, അമൽ-മരിയ പുതിയപറമ്പിൽ, സുമൻ CPA-ബീന മറുതാച്ചിക്കൽ, സോണി ആലപ്പാട്ട് CPA- സുധ എന്നിവരാണ് മെഗാ സ്പോൺസർമാർ.

അനൂപ്-ദീപ മ്യാൽക്കരപ്പുറത്ത്, പ്രബിറ്റ്-ജിനോ വെള്ളിയാൻ, ജോബി-ആൻ കോട്ടൂർ, ജോയി-ലാലി തയ്യിൽ, ജോയി-ബിബിയ പാട്ടപ്പതി, തോമസ്കുട്ടി-മേഴ്സി വെട്ടിക്കൽ, സാം-സുജ മുടിയൂർകുന്നേൽ, സാജു-റൂബി കൈതമറ്റത്തിൽ, അഭിലാഷ്-അർപ്പണ കൈതമറ്റത്തിൽ, റെനി-ജെയ്മോൾ ഇണ്ടിക്കുഴി, സാജൻ-ട്രീസ മുടിയൂർകുന്നേൽ, ഫ്രാൻസിസ്-സിനു ചെറുകാട്ടുപറമ്പിൽ, ബിജോ-ജിജി ചേത്തലിൽ, മാത്യു-ഗീതമ്മ തൊട്ടിയിൽ, മാത്യു-മായ ചിറപ്പുറത്ത്, ഡോ. നവീൻ-മരിയ പതിയിൽ, സിറിൾ-ആശ തൈപ്പറമ്പിൽ, ബിൻസൺ-സുരഭി കിഴക്കേപ്പുറത്ത്, തോമസ്-ഷീല കൊരട്ടിയിൽ, ജോസ്-ബിനു നെടുമാക്കൽ, റ്റോമി-ജെയ്മോൾ തേക്കുനിൽക്കുന്നതിൽ, ബെന്നി-ജെയ്മോൾ പീടികയിൽ, ഫ്രാൻസിസ്-ബിന്ദു ചെറുകര, ഡാനി-ജൂലി വെന്നിലശ്ശേരിൽ, അജു-ജിഷ കളപ്പുരയ്ക്കൽ, തോമസ്കുട്ടി-ഷീജ കണ്ടാരപ്പള്ളിൽ, ജുബിൻ-ഷിൻ കുളങ്ങര, എബി-ലില്ലി തത്തംകുളം, റ്റോണി-കവിത മത്തിത്താഴെ, ജെയിംസ്-ബിന്ദു ഓളിയിൽ, സുനിൽ-സോണിയ പടിഞ്ഞാറെവാരികാട്ട്, സജോ-സുബി പടവത്തിൽ, സിറിയക്-ലിൻസി അമ്പലത്തിങ്കൽ, സാബു-ലിസി മാപ്പിളശ്ശേരിൽ, സന്ദീപ്-അൻസ ചെറുകാട്ടുപറമ്പിൽ എന്നിവരാണ് കൺവൻഷനിലേക്ക് ഗ്രാന്റ് സ്പോൺസർമാരായി രജിസ്റ്റർ ചെയ്തത്.



കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട് ഭദ്രദീപം തെളിക്കുന്നു

കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട് കിക്കോഫ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കെസിസിഎൻഎ ട്രഷറർ സാമോൻ പല്ലാട്ടുമഠം, ജോയിന്റ് സെക്രട്ടറി ജോബിൻ കക്കാട്ടിൽ, ജോയിന്റ് ട്രഷറർ നയോമി മാന്തുരുത്തിൽ, മിസ്സൂറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, ഹൂസ്റ്റൺ കെസിഎസ് പ്രസിഡണ്ട് തോമസ് ചെറുകരയും ഭാരവാഹികളും, നിയുക്ത പ്രസിഡണ്ട് സിറിൾ തൈപ്പറമ്പിലും ഭാരവാഹികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.

കിക്കോഫ് ചടങ്ങിന് ഹൂസ്റ്റൺ കെസിസിഎൻഎ ആർവിപി അനൂപ് മ്യാൽക്കരപ്പുറത്ത്, വനിതാ പ്രതിനിധി നൈനി ഇല്ലിക്കാട്ടിൽ, നാഷണൽ കൗൺസിൽ അംഗങ്ങളായ പ്രബിറ്റ് വെള്ളിയാൻ, ജോബി കോട്ടൂർ, ജിമ്മി ആനക്കല്ലാമല, സുനിത മാക്കീൽ, ഫ്രാൻസിസ് ചെറുകര, ബിജിഷ് തുടിയാലിൽ, ജയൻ ആദിയായിപ്പള്ളിൽ തുടങ്ങിയവർ നേതൃത്വം നല്കി. രജിസ്ട്രേഷൻ കിക്കോഫിൽ സഹകരിച്ചവർക്കും സ്പോൺസർമാർക്കും കെസിസിഎൻഎ എക്സിക്യൂട്ടീവ് നന്ദി രേഖപ്പെടുത്തി.

ലോകപ്രശസ്തമായ സാൻ അന്റോണിയോ റിവർ വാക്കിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഹെൻട്രി ബി. ഗോൺസാലസ് കൺവൻഷൻ സെന്ററിലായിരിക്കും 15-ാമത് കെസിസിഎൻഎ കൺവൻഷൻ അരങ്ങേറുന്നത്. കെസിസിഎൻഎയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന 21 ക്നാനായ കത്തോലിക്കാ സംഘടനകളിൽ നിന്നുമായി 6000-ത്തോളം ക്നാനായ കത്തോലിക്കർ ഈ ക്നാനായ മാമാങ്കത്തിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട്, ഹൂസ്റ്റൺ ആർവിപി അനൂപ് മ്യാൽക്കരപ്പുറത്ത്, ട്രഷറർ സാമോൻ പല്ലാട്ടുമഠം എന്നിവർ പറഞ്ഞു. ക്നാനായ കാത്തലിക് സൊസൈറ്റി ഓഫ് സാൻ അന്റോണിയോ ആണ് കൺവൻഷന്റെ ആതിഥേയർ. നോർത്ത് അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കൺവൻഷനിൽ പങ്കെടുക്കുന്നവർക്കു വേണ്ടി കൺവൻഷൻ സെന്ററിനോടു ചേർന്നിരിക്കുന്ന ഗ്രാന്റ് ഹയറ്റ്, മാരിയറ്റ് റിവർ വാക്ക് ഹോട്ടലുകളിലായി 1200 മുറികൾ ഇതിനോടകം റിസർവ് ചെയ്തിട്ടുണ്ട്.



കെസിസിഎൻഎ/കെസിഎസ് ഭാരവാഹികളും സ്പോൺസർമാരും

# കെസിസിഎൻഎ സാൻ അന്റോണിയോ കൺവൻഷൻ; ഹൂസ്റ്റൺ കിക്കോഫ് വൻ വിജയം

## സിൽവർ സ്പോൺസർ



ബേബി - ഏലിയാമ്മ കൈതമറ്റത്തിൽ

## മെഗാ സ്പോൺസർമാർ



അലക്സ് (അനി)-സിനി മാത്തിത്താഴെ



ബിജോ-ജെസ്സി കറുകപ്പറമ്പിൽ



ലെനിൻ-നൈനി ഇല്ലിക്കാട്ടിൽ



അജീഷ്-ലിസ് ഇല്ലിക്കാട്ടിൽ



അമൽ-മരിയ പുതിയപറമ്പിൽ



റ്റോസ്-അജിത കണ്ടാരപ്പള്ളിൽ



സോണി ആലപ്പാട്ട് CPA-സുധ



സുമൻ CPA-ബീന മറുതാച്ചിക്കൽ

# കെസിസിഎൻഎ സാൻ അന്റോണിയോ കൺവൻഷൻ; ഹൂസ്റ്റൺ കിക്കോഫ് വൻ വിജയം

## ഗ്രാന്റ് സ്പോൺസർമാർ


അനൂപ്-ദീപ മ്യാൽക്കരപ്പുറത്ത്


പ്രബിറ്റ്-ജിനോ വെള്ളിയാൻ


ജോബി-ആൻ കോട്ടൂർ


ജോയി-ലാലി തയ്യിൽ


ജോയി-ബിബിയ പാട്ടപ്പതി


തോമസ്കുട്ടി-മേഴ്സി വെട്ടിക്കൽ


സാം-സുജ മുടിയൂർകുന്നേൽ


സാജു-റൂബി കൈതമറ്റത്തിൽ


അഭിലാഷ്-അർപ്പണ കൈതമറ്റത്തിൽ


റെനി-ജെയ്മോൾ ഇണ്ടിക്കുഴി


സാജൻ-ട്രീസ മുടിയൂർകുന്നേൽ


ഫ്രാൻസിസ്-സിനു ചെറുകാട്ടുപറമ്പിൽ


ബിജോ-ജിജി ചേത്തലിൽ


മാത്യു-ഗീതമ്മ തൊട്ടിയിൽ


മാത്യു-മായ ചിറപ്പുറത്ത്


ഡോ. നവീൻ-മരിയ പതിയിൽ


സിറിൾ-ആശ തൈപ്പറമ്പിൽ


ബിൻസൻ-സുരഭി കിഴക്കേപ്പുറത്ത്


തോമസ്-ഷീല കൊരട്ടിയിൽ


ജോസ്-ബിനു നെടുമാക്കൽ

# പൂർവ്വകാലങ്ങളേക്കാൾ പുകഴേറിയതും പുഷ്കലവുമായ പുതുവർഷം പൂകിയിരുന്നെങ്കിൽ!

മഞ്ജുളചിന്തകൾ

**പാസ്റ്റർ ജോൺസൺ സഖറിയ**

അതിശയമെന്നു പറഞ്ഞാൽ പോലും അതിലൊട്ടും അതിശയോക്തിയില്ല. രണ്ടായിരത്തി ഇരുപത്തിനാലിൽ ഉദയദിന സൂര്യന്റെ ഉജ്വല പ്രഭയേറ്റ് ഉണർവോടും ഉണ്മയോടും ഉടയവന്റെ ഉപകാരങ്ങളെ ഉദ്ഘോഷിക്കുവാൻ ഉണ്ടായ ആരോഗ്യം ആയുസ്സ് അനുഗ്രഹങ്ങൾ അവസരങ്ങൾ അങ്ങനെയെല്ലാം ഉള്ളിന്റെയുള്ളിൽ ചാരം മൂടി കിടന്നിട്ടും കടപ്പാടുകളും കടമകളും വിറക് കഷണങ്ങളായി മാറിയതിനാൽ കത്തിജ്വലിച്ച ഉദുഭാസത്താൽ ഋജുവീക്ഷണത്തോടുകൂടി സ്വർഗ്ഗസ്ഥ പിതാവിന്റെ മുൻപിൽ തല വണക്കുന്നു, കൈകൾ കൂപ്പുന്നു! ഓർത്തു നോക്കിക്കേ, ഭീകരതകൾ പല നിലയിൽ ചുറ്റും ഭീതിപരത്തിക്കൊണ്ട് ജീവനോടെ കുഴിയിലേക്ക് തള്ളിയിടുവാൻ ശ്രമിച്ച ദിനരാത്രങ്ങൾ! ഒഴുക്കിക്കളയുവാൻ ശ്രമിച്ച ജലപ്രവാഹങ്ങൾ, മാരകരോഗങ്ങൾ, പകർച്ചവ്യാധികൾ, യുദ്ധങ്ങൾ- ഭീഷണികൾ.. അങ്ങനെ എന്തെല്ലാമാണ് കഴിഞ്ഞ മുന്നൂറ്റിഅറുപത്തിയഞ്ചു ദിവസങ്ങൾ നമ്മെ വേട്ടയാടിയത്?

മുൻപൊരിക്കലും കേട്ടിട്ടുപോലുമില്ലാത്ത ആരുടെയും ഹൃദയങ്ങളെ ഭേദിക്കുന്ന ഇത്രയധികം 'ഹൃദയാഘാത' വാർത്തകൾ! യുവഹൃദയങ്ങൾ പോലും നിർജ്ജീവമാകുന്നു. മരുന്നുകൾ മാറിപ്പോയതിനാലും ഭിഷഗ്വരന്റെ കുറിപ്പടിയിൽ വന്ന പാകപ്പിഴകളും വരുത്തിവെച്ച നിർജ്ജീവ ശരീരങ്ങളുടെ എണ്ണങ്ങൾ ആർക്ക് വ്യക്തമായിട്ടറിയാം? ഓപ്പറേഷൻ മുറിയിൽ തുറന്നുവെച്ചിരിക്കുന്ന സ്ത്രീഉദരത്തിനുള്ളിൽ പതിയിരിക്കുന്ന കത്രിക പലരേയും കത്രിക പൂട്ടിട്ടു പൂട്ടിയിട്ടും അതിനുള്ളിലും അജ്ഞത അഭിനയിക്കുന്ന കീറിമുറിക്കൽ വിദഗ്ദ്ധന്മാർ ആരെയൊക്കെയോ കുറ്റം പറഞ്ഞുകൊണ്ട് ഈ ആണ്ടിന്റെ അനേകം ദിവസങ്ങൾ പാഴാക്കിയതിന്റെ നഷ്ടം പോലും നാട്ടുകാരുടെ ശിരസ്സിലല്ലേ? പത്തായപ്പുരയിലെ എണ്ണമറ്റ നെൽമണികൾ പോലെ എണ്ണമറ്റ പ്രതിസന്ധികളെക്കുറിച്ചുള്ള വിവരങ്ങൾ വിസ്താരഭയത്താൽ ഒഴിവാക്കുന്നു.

ഇന്നലെ എങ്ങനെയായിരുന്നുവെന്നും ഇന്നത്തെ അവസ്ഥ എങ്ങനെയുണ്ടെന്നും നാളെ എന്താകുമെന്നും സാ



ലേഖകൻ

ധാരണ ഏവരും അയവിറക്കുകയും ചിന്തിക്കുകയും സ്വാഭാവികമാണ്. കഴിഞ്ഞകാലങ്ങളിലെ വേദനകളും ഞെരുക്കങ്ങളും മറക്കാതെയും വർത്തമാനകാലത്തെ സമൃദ്ധിയിൽ നിഗളിക്കാതെയും നാളെയെയോർത്ത് ശുഭാപ്തിയിൽ ദൈവാശ്രയത്തോടെ ജീവിക്കുകയും ചെയ്യുന്ന മാന്യർ ഇന്നും അന്യം നിന്നു പോയിട്ടില്ല. അവരാണ് ഈ ലോകത്തിന്റെ നക്ഷത്രങ്ങൾ. അവരില്ലാതിരുന്നെങ്കിൽ ഇവിടം തികച്ചും കൂരിരുട്ടു പരന്നേനെ. ഭാവിയെ ഭാസുരമാക്കുവാൻ പ്ലാനുകൾ ഒരുക്കുന്ന ദൈവത്തിൽ നാം ആശ്രയിച്ചേ മതിയാകൂ. മനുഷ്യനിലും സമ്പത്തിലും മാത്രം ആശ്രയംവെച്ച അനേകരുടെയും ദയനീയ പതനങ്ങൾ കണ്ടു നാം തന്നെ മടുത്തില്ലേ?

ബൈബിളിൽ ഒരു വലിയ ധനവാനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. താനൊരു മഹാനും വിശുദ്ധനുമൊക്കെയായിരുന്നു. ഇന്നലെ തന്റെ വിലയും നിലയും പിശാചിനു പോലും സഹിക്കാവതായിരുന്നില്ല. ആകയാൽ ഏതു വിധേനയും ആ മനുഷ്യനെ തകർക്കുവാൻ സാത്താൻ പദ്ധതിയിട്ടു. സാത്താന്റെ പ്രസ്താവ്യം ഇയോബ് ഭക്തനായിരിക്കുന്നത് തനിക്ക് കണക്കിലേറെ സമ്പത്തുള്ളതുകൊണ്ടാണ്. അതില്ലാതാകട്ടെ ഇയോബ് ഒരു ദൈവനിഷേധിയാകുമെന്നത്രെ. അനേകരുടെ ഭക്തി ധനത്തിലും പലരുടെയും ഭക്തി പ്രകടനങ്ങൾ ധനത്തിനു വേണ്ടിയുമാണല്ലോ. എന്നാൽ, ഇയോബ് അങ്ങനെയൊരുവൻ ആയിരുന്നില്ല. എല്ലാറ്റിനേക്കാളും തന്റെ സ്രഷ്ടാവായ ദൈവം ആയിരുന്നു തനിക്ക് എല്ലാമായിരുന്നത്. എന്നാൽ, പെട്ടെന്നാണ് എല്ലാം തകിടം മറിഞ്ഞത്. പത്തു മക്കളുടെ മൃതശരീരത്തിന്റെ മുൻപിൽ ഒരേസമയം നില്ക്കേണ്ടി വന്ന ഒരു പിതാവ് വേറെ കാണുകയില്ല. സമ്പത്തുകളെല്ലാം ഒന്നിനു പിറകെ ഒന്നൊന്നായി നഷ്ടപ്പെട്ടു. സ്നേഹിതർ പരിഹാസികളായി. ഇനി താൻ ജീവനോടെ ഇരിക്കണമെന്നുള്ള താല്പര്യം ഇപ്പോൾ എനിക്കില്ല എന്ന ആശയം പുലമ്പുന്ന ഭാര്യയുടെ വാക്കുകൾ ഈയോബിനെ അല്പമെങ്കിലും പിടിച്ചു കുലുക്കിയിട്ടുണ്ടാകാം. എന്തിനേറെ സ്വന്തം ശരീരം പുഴുക്കൾ അരിക്കുവാനും തുടങ്ങി.

ഈയോബിനെതിരെ എല്ലാവരും വിധിയെഴുതി, തീർന്നു എല്ലാം തീർന്നു. സാത്താനും കൂട്ടരും വിജയഭാവത്തിൽ നോട്ടം തുടർന്നു.

(ശേഷം 30-ാം പേജിൽ)

# വേണം നമുക്കിനിയും ഇവിടെ പ്രകാശഗോപുരങ്ങൾ

**മറിയാമ്മ മാത്യു കവലയ്ക്കൽ**

'ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാപരിഗ്രസ്തമാം ലോകവും
ആലോലചേതസ്സാ ഭോഗങ്ങൾ തേടുന്നു.'

പാമ്പിന്റെ വായിൽ അകപ്പെട്ട തവള ഭക്ഷണത്തിന് അപേക്ഷിക്കുന്നതുപോലെയാണ് കാലചക്ര ദുര്യോഗത്തിൽപ്പെട്ടിരിക്കുന്ന മനുഷ്യൻ സുഖഭോഗങ്ങൾ തേടുന്നതെന്ന തുഞ്ചത്ത് എഴുത്തച്ഛന്റെ ഈ ഓർമ്മപ്പെടുത്തലിനു വിശദീകരണം നല്കേണ്ട ആവശ്യം ഇല്ല. ആനുകാലികങ്ങളിലൂടെ ഒന്ന് കണ്ണോടിച്ചാൽ, ഒന്ന് ചെവിയോർത്താൽ മതി! വെറുതെ എന്തിന് ആവർത്തനവിരസത!

ഞാൻ അന്ന് പറഞ്ഞ ആറ്റം പ്രിൻസിപ്പിൾ (കേരള എക്സ്പ്രസ് ഫെബ്രുവരി 22, 2023) അത്ര ഏറ്റില്ലെന്നു തോന്നുന്നു. ദുരഭിമാനക്കൊല, പീഡനക്കൊല, മതരാഷ്ട്രീയ-സോഷ്യൽ മീഡിയ-രാജ്യാന്തര ബോംബിംഗ് കൊലകൾ അനുദിനം നടന്നുകൊണ്ടേയിരിക്കുന്നല്ലോ. കഷ്ടംതന്നെ, എന്തു ചെയ്യാം?

പലവിധ ബസുകളും കാറുകളും ബസുയാത്രകളും ഒക്കെയിന്നു ചർച്ചയാകുമ്പോൾ ഏറെ നാളായി പറയാൻ കാത്തുവെച്ചിരുന്ന, മനസ്സിലിന്നും വിങ്ങലുണർത്തുന്ന ആ ബസ് യാത്രയെക്കുറിച്ചുള്ള ഓർമ്മ, അതിന്റെ പ്രസക്തി ഇവിടെ ഒന്ന് പങ്കുവെക്കട്ടെ.

2023 ജൂലൈ 18-ന് അന്തരിച്ച കേരള മുൻമുഖ്യമന്ത്രി ബഹു. ഉമ്മൻ ചാണ്ടിയുടെ മൃതശരീരം വഹിച്ചുകൊണ്ടുള്ള ആ ബസ് യാത്ര ജൂലൈ 19-ന് തിരുവനന്തപുരത്തു നിന്നാരംഭിച്ചു. 20-ന് പുതുപ്പള്ളിയിലെ സെ. ജോർജ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിലെത്തുന്നതിന് ഏകദേശം 30 മണിക്കൂറുകൾ സമയം എടുത്തിരുന്നു. ബസ് യാത്രകൾ താരതമ്യം ചെയ്യുന്നതിൽ അർത്ഥമില്ല. ആരും ആർക്കും പകരമാവുകയില്ലെന്നും നമുക്കറിയാം. എന്നാൽ, കേരളത്തിലെങ്കിലും ആ രണ്ടു ദിവസങ്ങളിലെ ശിശുമരണങ്ങൾ, ആ



ലേഖിക

ക്സിഡന്റ് നിരക്കുകൾ, സ്ത്രീപീഡനങ്ങൾ, കൈക്കൂലി കേസുകൾ, ആത്മഹത്യകൾ മുതലായ നെഗറ്റീവ് എന്ന് വിശേഷിപ്പിക്കാവുന്ന എന്തും അവയുടെ നിരക്കുകൾ കുറവായിരുന്നിരിക്കും എന്നാണ് ഞാൻ വിശ്വസിക്കുന്നത്, അല്ലെങ്കിൽ വിശ്വസിക്കാൻ ആഗ്രഹിക്കുന്നത്. ഇതിൽ റിസർച്ച് ഉണ്ടായിട്ടുണ്ടെങ്കിൽ ഒരു താരതമ്യ പഠനറിപ്പോർട്ട് കിട്ടിയിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നു. കക്ഷി രാഷ്ട്രീയങ്ങൾക്കതീതമായി ഇതുപോലെയുള്ള ദീപസ്തംഭങ്ങളുടെ ഉയിർപ്പിന്റെ ഉറപ്പുള്ള അസ്തമനത്തിൽ പൈശാചിക ശക്തിക്ക് ഇരുട്ടടിയും തോൽവിയും എന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. മറ്റുള്ളവരെ സ്നേഹിച്ചു സഹായിച്ച് ഉയർത്തിക്കൊണ്ട് വരുന്ന, തൻപ്രവൃത്തിയിൽ സ്വന്തമഹത്വം എടുക്കാത്ത, ഇത്തരം വ്യക്തികളാണ് ഈ പ്രപഞ്ചത്തിന്റെ തന്നെ നിലനില്പിനാധാരം എന്ന് പറയുന്നതിൽ അതിശയോക്തി അശേഷമില്ല.

ഇതുപോലെയുള്ള മഹത്തുക്കൾ ഇനിയും ഇവിടെ ജീവിച്ചു മരിച്ചുയർക്കട്ടെ. ദീപസ്തംഭങ്ങളും മാർഗ്ഗദർശികളും ആകട്ടെ.

(ശേഷം 30-ാം പേജിൽ)

# കുഞ്ഞിപ്പൈതങ്ങൾ അനുഗൃഹീതമാക്കിയ ചിക്കാഗോയിലെ ക്രിസ്മസ്

ചിക്കാഗോ: തിരുഹൃദയം കനിഞ്ഞു നല്കുന്ന പുതിയ ദൈവാലയത്തിലേക്ക് നീങ്ങാൻ ഒരുങ്ങുന്ന ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിലെ ഈ വർഷത്തെ ക്രിസ്മസ് വേറിട്ട അനുഭവമായിരുന്നു. ജീവിതത്തിൽ ആദ്യമായി ക്രിസ്മസ് ആഘോഷിക്കുന്ന പത്ത് കുഞ്ഞിപ്പൈതങ്ങളെ ഇടവക ജനം പ്രത്യേകം ആദരിച്ചു. വികാരി ഫാ. തോമസ് മുളവനാൽ കുട്ടികൾക്ക് പ്രത്യേക സമ്മാനങ്ങൾ നല്കി. എലീസ താന്നിക്കുഴിപ്പിൽ, ഇവാന തകിടിയേൽ, സാറ മൂക്കേട്ട്, ഇതൻ കുന്നുംപുറത്ത്, എവലിൻ പറക്കാട്ട്, അവ ഐക്കരപ്പറമ്പിൽ, ലിയാ ചെരുവിൽ, മറിയം നെടുന്തുരുത്തിൽ, അരോൾ പുള്ളോർക്കുന്നേൽ, ജോന മുത്തോലം എന്നീ കുഞ്ഞിപ്പൈതങ്ങൾ പ്രത്യേകം ആദരിക്കപ്പെട്ടു.



# നമ്മെ സ്നേഹിച്ചവരെയും പ്രോത്സാഹിപ്പിച്ചവരെയും മറക്കാതിരിക്കുക

പാസ്റ്റർ ബാബു തോമസ്, ന്യൂയോർക്ക്

ഓരോ പുതുവർഷത്തിലേക്കു പ്രവേശിക്കുമ്പോഴും പഴയവർഷം എങ്ങനെയായിരുന്നു എന്ന് ഒന്ന് തിരിഞ്ഞു നോക്കുന്നത് നല്ലതാണ്. ഇന്നലെകളിലെ പരാജയങ്ങൾ നാളത്തെ പരാജയമാകാതിരിക്കാനുള്ള പാഠങ്ങൾ ഉൾക്കൊള്ളാൻ തിരിഞ്ഞുനോട്ടം സഹായിക്കും. മാത്രമല്ല, ആരൊക്കെയോ നമ്മെ സഹായിക്കാതെ പഴയ പാതകൾ താണ്ടുവാൻ സാദ്ധ്യമല്ലായിരുന്നു. ഒന്ന് ഓർത്ത് നോക്കുക. നമ്മെ സഹായിച്ചവരെയും സ്നേഹിച്ചവരെയും ഒക്കെ ഒന്ന് ഓർത്ത് ഒരു നന്ദിവാക്ക് പറയാൻ കഴിയുന്നെങ്കിൽ അത് നല്ല കാര്യമല്ലേ?

എവിടെനിന്നാണ് വന്നതെന്ന കാര്യവും എങ്ങോട്ടാണ് പോകേണ്ടതെന്ന കാര്യവും മറന്നുപോയാൽ വലിയ കുഴപ്പത്തിൽ ചാടിപ്പോകും എന്നതിനാൽ ഇസ്രായേലിന്റെ ചരിത്രത്തിൽ, ദൈവം അവരെ നടത്തിയ വിധങ്ങളെ ഓർക്കുകയും തലമുറയ്ക്ക് ഉപദേശിച്ചു കൊടുക്കുകയും വേണമെന്ന് പലതവണ പറഞ്ഞിട്ടുണ്ട്. "നീതിയെ പിന്തുടരുന്നവരും യഹോവയെ അന്വേഷിക്കുന്നവരും ആയുള്ളോരേ, എന്റെ വാക്ക് കേൾപ്പിൻ. നിങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും നിങ്ങളെ കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും തിരിഞ്ഞുനോക്കുവിൻ." (യെശയ്യ 51:1) കാരണം, ആവർത്തിച്ചു നാം എന്താണോ പ്രവർത്തിക്കുന്നത് അത് നമ്മുടെ സ്വഭാവമായി മാറും എന്നതുകൊണ്ടാണ്.

കടന്നുപോയ പഴയ വഴികൾ മറക്കാതിരിക്കുവാൻ ഇടയ്ക്കൊക്കെ തി



ലേഖകൻ

രിഞ്ഞുനോട്ടം ആവശ്യമാണ്. ഒരു തിരിഞ്ഞുനോട്ടത്തിന്റെ ആവശ്യകത യേശുവും അരുളിച്ചെയ്തിട്ടുണ്ട്. തിരിഞ്ഞു ശിശുക്കളെപ്പോലെ നിഷ്കളങ്കരും താഴ്മയുള്ളവരുമാകണമെന്നാണ് യേശു തന്റെ ഭക്തരോട് ആവശ്യപ്പെടുന്നത് (മത്തായി 18: 1-4) നിഷ്കളങ്കരായും നിഗളമില്ലാത്തവരായും ജീവിക്കേണ്ടതിന്റെ മുന്നറിയിപ്പാണ് യേശു നല്കുന്നത്.

ഇന്നത്തെ മനുഷ്യവർഗ്ഗത്തിന്റെ കാതലായ പ്രശ്നങ്ങൾ നിഗളവും സ്നേഹത്തിന്റെ അഭാവവുമാണെന്നാണ് ഏറിയ ചിന്തകരും വിലയിരുത്തുന്നത്. സി.എസ്. ലൂയിസ് എന്ന ക്രിസ്തീയ പണ്ഡിതന്റെ 'മിയർ ക്രിസ്ത്യാനിറ്റി' എന്ന ഗ്രന്ഥത്തിൽ നിഗളത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. "ഒരാളെ യഥാർത്ഥത്തിൽ അപ്രധാനിയാക്കുന്ന ഒരു കുറ്റമായ നിഗളം നമ്മുടെയെല്ലാം ഉള്ളിൽ മറഞ്ഞു കിടക്കുന്ന ഗുരുതരമായ കുറ്റമാണ്. നിഗളം എത്ര കൂടുതലായി നമ്മിലുണ്ടോ അത്രത്തോളം നാം മറ്റുള്ളവരോട് അസൂയാലുക്കളായിരിക്കും. ലോകാരംഭം മുതലുള്ള സകല പ്രശ്നങ്ങൾക്കും കാരണം നിഗളമാണ്. ഇന്നത്തെ ലോകത്തിലുള്ള ദുഷ്ടവിചാരങ്ങളുടെയും അത്യാഗ്രഹത്തിന്റെയും സ്വാർത്ഥ താത്പര്യത്തിന്റെയും കാരണം നിഗളത്തിന്റെ പരിണിതഫലമാണ്. നിഗളമാണ് സകല കുടുംബ പ്രശ്നങ്ങളുടെയും കാതലായ കാരണം. നിഗളമെന്ന ദുർഗുണത്തിന്റെ എതിർപദമാണ് താഴ്മ എന്നത്. സകല സത്ഗുണങ്ങളുടെയും അടിസ്ഥാന ശിലയാണ് താഴ്മ. അതു ധരിക്കുവാൻ ഒരാൾ തയ്യാറാകുന്നുവെങ്കിൽ അതാണ് അഭിമാനകരമായ കാര്യം."

യഥാർത്ഥത്തിൽ എങ്ങനെയാണ് താഴ്മയുള്ള ഒരാളെ തിരിച്ചറിയുന്നത്? ഒന്നാമതായി തനിക്ക് എല്ലാം അറിയാം എന്നും താൻ പറയുന്നതു മാത്രം ശരിയെന്നും ശഠിക്കുന്ന ആളായിരിക്കുകയില്ല. എന്നാൽ, ഒരു വിഡ്ഢിയെ സംബന്ധിച്ചിടത്തോളം താനൊരു മഹാനാണെന്നും താൻ പറയുന്നതെല്ലാം ശരിയാണെന്നും മറ്റുള്ളവരെ ധരിപ്പിക്കും. നിഗളം ആരാണ് ശരിയെന്നു നോക്കുമ്പോൾ താഴ്മ എന്താണ് ശരിയെന്നു വെളിപ്പെടുത്തുന്നു.

രണ്ടാമതായി നിഗളമുള്ളവർ പൊങ്ങച്ചം പറയുന്നവരും തങ്ങളെക്കുറിച്ചു ആത്മപ്രശംസ പറയുന്നവരുമായിരിക്കുമെന്നതാണ് സത്യം. ഇവർ മറ്റുള്ളവർക്കു വേണ്ടി ഒന്നും ചെയ്യാതെ മറ്റുള്ളവരിൽ നിന്നും എല്ലാം പ്രതീക്ഷിക്കുന്നവരാണ്. ബൈബിളിന്റെ തത്വം നോക്കുക. യേശു പഠിപ്പിച്ചത് വിശുദ്ധ ബൈബിൾ പ്രസ്താവിക്കുന്നു. "മനുഷ്യർ നിങ്ങൾക്കു ചെയ്യണം എന്നു നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ." (മത്തായി 7:12). താഴ്മയും ബഹുമാനവും ഒരു വ്യക്തിയുടെ രണ്ടു കരങ്ങൾ ഒന്നിച്ചു പ്രവർത്തിക്കുംപോലെ ഒരുമിച്ചു പ്രവർത്തിക്കുന്ന വസ്തുതകളാണ്.

മൂന്നാമതായി താഴ്മയുള്ളവർ നന്ദിയുള്ളവരും സത്യസന്ധതയുള്ളവരുമായിരിക്കും. ചാൾസ് സ്പർജൻ പറഞ്ഞിരിക്കുന്നത് അവർക്ക് എന്തുമാത്രം ഉണ്ടെന്നതിലുപരി ഉള്ളതിൽ സന്തോഷമുള്ളവരായിരിക്കും എന്നാണ്. കൂടാതെ താഴ്മയുള്ളവർ ക്ഷമയുള്ളവരായിരിക്കും. നിഷ്കളങ്കമായ ജീവിതത്തിനുടമകളാകണമെങ്കിൽ താഴ്മയും ക്ഷമയും ആവശ്യമാണ്. മഹാത്മാ ഗാന്ധി ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി ബലഹീനർക്കു ക്ഷമിക്കുവാൻ കഴിയുകയില്ല. മാനസികമായി കരുത്തുള്ളവർക്കു മാത്രമേ ക്ഷമിക്കുവാനും ക്ഷമ യാചിക്കുവാനും കഴിയുകയുള്ളൂ എന്ന്.

ഒരുപക്ഷേ കഴിഞ്ഞകാലങ്ങളിൽ നമ്മെ പറ്റിച്ചവരും മാനസികവ്യഥയിലാക്കിയവരും നമുക്കെതിരെ വ്യാജം പറഞ്ഞുപരത്തിയവരെയും സ്നേഹവഞ്ചന നടത്തിയവരെയും ഒക്കെ ഒന്ന് ഓർത്തിരിക്കുന്നത് നല്ലതാണ്. പ്രതികാരം ചെയ്യാനല്ല. ഇനിയും അങ്ങനെയുള്ള ചതിക്കുഴികളിൽ വീണുപോകാതിരിക്കുവാനാണ്.

(ശേഷം 30-ാം പേജിൽ)

# പാപ്പച്ചന്റെ പുതുവത്സര പ്രതിജ്ഞ

രാജു മൈലപ്ര

"എന്റെ പൊന്നു പൊന്നമ്മേ! നിന്നാണെ സത്യം- ഇനി മേലാൽ ഞാൻ കുടിക്കില്ല"- പൊന്നമ്മയുടെ തലയിൽ കൈ വെച്ചുകൊണ്ട് പാപ്പച്ചൻ തന്റെ പതിവു പുതുവർഷ പ്രതിജ്ഞ ഒരിക്കൽക്കൂടി ആവർത്തിച്ചു.

"അങ്ങനെ എന്റെ തലയിൽ തൊട്ടു കളിക്കണ്ട- ഇങ്ങേരുടെ തലയിൽ തന്നെ തൊട്ട് ആണയിട്ടാൽ മതി- പൊട്ടിത്തെറിക്കുന്നെങ്കിൽ ആ നശിച്ച തല തന്നെ തെറിക്കട്ടെ!"

പൊന്നമ്മയുടെ ഈ അപ്രതീത നീക്കം പാപ്പച്ചൻ ഒട്ടും പ്രതീക്ഷിച്ചതല്ല. പെട്ടെന്നുള്ള ഈ ഡിമാൻഡ് കേട്ട് അയാൾ അന്നു പതറി- എങ്കിലും ആളു പാപ്പച്ചനല്ലേ? അയാൾ പുതിയൊരു നമ്പരിറക്കി.

"നിനക്ക് എന്നെ ഒട്ടും വിശ്വാസമില്ലാതെ പോയല്ലോ പൊന്നമ്മേ! എന്നാൽ, എന്റെ പുണ്യവാളച്ചനാണേ ഇനി മേലിൽ ഞാൻ മദ്യപിക്കില്ല- ഇപ്പം നിനക്കു വിശ്വാസമായല്ലോ!"

അങ്ങനെ ഇലക്കും മുള്ളിനും കേടില്ലാതെ, പാപ്പച്ചൻ ആ പ്രശ്നം പരിഹരിച്ചു.

അമേരിക്കയിൽ വരുന്നതിനു മുൻപ് പാപ്പച്ചൻ ഒരു തികഞ്ഞ മദ്യപാനിയായിരുന്നില്ല. ആഴ്ചയിൽ ഒന്നോ രണ്ടോ തവണ. കേരള ഖജനാവിലേക്ക് അയാളുടെ വകയായി ഒരു എളിയ സംഭാവന- കള്ളുകുടിയന്മാരുടെ നിർലോഭമായ സഹകരണം കൊണ്ടാണല്ലോ നമ്മുടെ സർക്കാർ ലാവിഷായി മുന്നോട്ടു പോകുന്നത്.

നടൻ ജഗതിയുടെ സിനിമാ ഡയലോഗു പോലെ, "ചെത്തുകാരൻ ചെല്ലപ്പനെ ഓർക്കുമ്പോൾ, കറിക്കരക്കുന്ന സരളയെ ഓർക്കുമ്പോൾ, കള്ള് ഒഴിച്ചു തരുന്ന കലങ്ങിയ കണ്ണുള്ള കറിയാച്ചനെ ഓർക്കുമ്പോൾ, അവരുടെയൊക്കെ പറക്കമുറ്റാത്ത കുഞ്ഞുങ്ങൾക്കു വേണ്ടിയങ്ങു കുടിച്ചു പോകുന്നതാണ്." എന്നൊരു ന്യായീകരണവും.

ഒരു മലയാളി മദ്യപാനിക്ക്, വളർന്നു പടർന്നു പന്തലിക്കുവാനുള്ള നല്ല വളക്കൂറുള്ള മണ്ണാണ് അമേരിക്കയിൽ. നാട്ടിലെപ്പോലെ നാടൻ ചാരായവും കൂതറ റമ്മുമല്ല ഇവിടെ കിട്ടുന്നത്. നല്ല തറവാടിത്തമുള്ള ഒന്നാന്തരം സ്കോച്ചും കോണിയാക്കും.

'പൊൻമുട്ടയിടുന്ന താറാവി'നെപ്പോൽ രാപകലില്ലാതെ ജോലിചെയ്യുന്ന ഭാര്യ. സുഹൃത്തുക്കളായ സഹകുടിയന്മാർ. വിവാഹത്തിനും ജന്മദിനത്തിനും വിവാഹ വാർഷികത്തിനും എന്തിനേറെ, ഈ അടുത്ത കാലത്തായി മരണാനന്തര ചടങ്ങുകൾക്കുപോലും മദ്യസൽക്കാരങ്ങൾ.

എത്ര ബാറുകൾ ഉണ്ടായിരുന്നു, ഏതിനം ഇനങ്ങളാണ് അവിടെ സെർവ് ചെയ്തത് എന്നതിനെ ആശ്രയിച്ചാണ് മലയാളികൾ വിവാഹസൽക്കാരങ്ങൾക്ക് റേറ്റിംഗ് നൽകുന്നത്.

ക്രിസ്മസ് കാരളിംഗിനും പിക്നിക്കിനുമൊന്നും 'ലിക്വർ' ഉപയോഗിക്കരുതെന്ന് പട്ടക്കാരൻ പള്ളിയിൽ വിളിച്ചു പറഞ്ഞെങ്കിലും, അതിനെ മറികടക്കുവാനുള്ള വിദ്യയും കുഞ്ഞാടുകൾ കണ്ടുപിടിച്ചിട്ടുണ്ട്. വോഡ്കയും വെള്ളവും സമാസമം കലർത്തി വാട്ടർ ബോട്ടിലിൽ നിറച്ചാൽ മതി. പച്ചവെള്ളം കുടിക്കുന്നതുപോലെ പബ്ലിക്കായിവീശാം.

'കാനായിലെ കല്യാണത്തിന് കർത്താവ് പച്ചവെള്ളം വീഞ്ഞാക്കിയില്ലേ'- എന്നൊരു മുടന്തൻ ന്യായം ചില ക്രിസ്ത്യൻ ബ്രദേഴ്സ് ഇടയ്ക്കിടെ പരിചയാക്കാറുണ്ട്.

അങ്ങനെ, ഈ പുതുവർഷം മുതൽ കുടി നിർത്തുമെന്നു പ്രതിജ്ഞയെടുത്തു പാപ്പച്ചൻ ബലംപിടിച്ചു നിൽക്കുമ്പോഴാണ് കാലിഫോർണിയായിൽനിന്നും മൂത്തമകൻ കുടുംബസമേതം ഒരു സർപ്രൈസ് വിസിറ്റിംഗ് നടത്തുന്നത്. അപ്പന്റെ ഇഷ്ടാനിഷ്ടങ്ങൾ നന്നായി അറിയാവുന്ന മകൻ, അപ്പനു ഗിഫ്റ്റായി കൊണ്ടുവന്നത് ഒരു കുപ്പി 'ബ്ലൂ ലേബൽ' - 'ബ്ലൂ ലേബലി'ന്റെ ഒരു ഫുള്ളു കണ്ടപ്പോൾ, കട്ടു പിടിച്ച കാളയുടേതുപോൽ പാപ്പച്ചന്റെ കണ്ണു തള്ളി.

ഈയിടെയായി, ജന്മദിനത്തിനു മക്കളുതന്ന ഗിഫ്റ്റാണെന്നും പറഞ്ഞ് വിലകൂടിയ മദ്യക്കുപ്പികളും നെഞ്ചോടു ചേർത്തുപിടിച്ചുകൊണ്ട്, ഒരു ഇളിച്ച ചിരിയുമായി, അഭിമാനത്തോടെ നിൽക്കുന്ന ഫോട്ടോ, പല മാന്യൻമാരും ഫെയ്സ്ബുക്കിൽ പോസ്റ്റു ചെയ്യാറുണ്ട്.

ഏതായാലും പൊന്നുമോൻ കൊണ്ടുതന്ന ഗിഫ്റ്റല്ലേ, കുടിച്ചില്ലെങ്കിൽ ആ കുരുന്ന് മനസ് വിഷമിക്കില്ലേ! ഏതായാലും ഇതുകൂടി കുടിച്ചിട്ട് നിർത്താം എന്നൊരു തിരുത്ത്, നേരത്തെ എടുത്ത തീരുമാനത്തിനു വരുത്തി.

മകന്റെ പ്രസൻസ് ഉള്ളതുകൊണ്ട്, പൊന്നമ്മ പ്രോബ്ലം ഒന്നുമുണ്ടാക്കില്ലെന്ന് അയാൾക്കുറപ്പുണ്ട്. എന്തെങ്കിലുമാകട്ടെയെന്നു പൊന്നമ്മയും കരുതി - ഇന്നു കൂടി സഹിച്ചാൽ മതിയല്ലോ!

അങ്ങനെ മട്ടൺ ഫ്രൈയും കൊഞ്ചുകറിയും കൂട്ടി, പുതുവർഷത്തിനെ വരവേല്ക്കുന്ന പാതിരാപടക്കം പൊട്ടുന്നതു വരെ, അയാൾ ആനന്ദത്തിലാറാടി.

പിറ്റേന്ന് പാപ്പച്ചൻ കണ്ണു തുറക്കുന്നത് ആശുപത്രി കിടക്കയിൽ വെച്ചാണ്. താങ്ങാവുന്നതിനപ്പുറം, പതിവില്ലാതെ നല്ലയിനം മദ്യം അകത്തു ചെന്നപ്പോൾ പതറിപ്പോയ ലിവർ താൽക്കാലികമായി ഒന്നു പണിമുടക്കിയതാണ് കാരണം.

രണ്ടുമൂന്നു ദിവസംകൊണ്ട് ആശുപത്രിക്കാർ ഊറ്റാവുന്ന രക്തമെല്ലാം ഊറ്റിയെടുത്തു പരിശോധിച്ചു. ഡോക്ടർമാർ യാതൊരു ഔചിത്യവുമില്ലാതെ, നവദ്വാരങ്ങളിലും കമ്പും കോലുമിട്ട് പരിശോധിച്ചു. വേദനയിലും ഞരക്കത്തിലും കലർന്ന ദിനരാത്രങ്ങൾ കടന്നുപോയി.

പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്ന കാര്യത്തിലാണ് പാപ്പച്ചൻ അടിയറവ് പറഞ്ഞത്. ഐ.വി. ബോട്ടിലും തൂക്കിയിട്ടു കൊണ്ട് അയാൾ പെടാപ്പാടു ചെയ്യുന്നതു കണ്ടപ്പോൾ മലയാളി നേഴ്സുമാർ അടക്കിച്ചിരിച്ചു.

"ഇങ്ങേരുടെ ഈ ഒടുക്കത്തെ കുടി കാരണം, ഇനി മനുഷ്യന്റെ മുഖത്ത്



ലേഖകൻ

എങ്ങനെ നോക്കുമെന്നു" പൊന്നമ്മ പിറുപിറുത്തു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ പാപ്പച്ചന്റെ രോഗനിർണ്ണയം നടന്നു. ദൈവകൃപയാൽ നിലവിലുള്ള എല്ലാ രോഗത്തിന്റെയും ഒരംശം വീതം കിട്ടി. ഡയബറ്റിസ്, പ്രഷർ, കൊളസ്ട്രോൾ തുടങ്ങിയവയ്ക്കു മേമ്പൊടിയായി ഫാറ്റി ലിവറും.

കർശനമായ ആഹാരക്രമീകരണങ്ങളാണ് നിർദ്ദേശിക്കപ്പെട്ടത്. മുട്ട, ഇറച്ചി, വെണ്ണ, എണ്ണ, വറുത്തത്, പൊരിച്ചത് മുതലായവ ഒന്നും പറ്റുകയില്ല. മധുരം ഏഴയലത്ത് അടുപ്പിച്ചുകൂടാ. ഉപ്പ് എന്നൊരു നാമം ഉരിയാടാൻ പോലും പറ്റുകയില്ല. കള്ളിന്റെ കാര്യം പറഞ്ഞാൽ, "ഡോണ്ട് ഈവൻ തിങ്ക് എബൗട്ട് ഇറ്റ്."തൊട്ടാൽ കരളിന്റെ കാര്യം കട്ടപ്പൊക!

പിന്നെ എന്തു കഴിക്കാമെന്നു ചോദിച്ചാൽ, പച്ചില പച്ചയ്ക്കോ പുഴുങ്ങിയോ കഴിക്കാം. പച്ചവെള്ളം ആവശ്യത്തിനു കുടിക്കാം.

'പിന്നെ ഇതുവല്ലതും നടക്കുന്ന കാര്യമാണോ?' എന്ന് പാപ്പച്ചൻ മനസ്സിൽ ചോദിച്ചു.

ആശുപത്രിയിൽ നിന്നും തിര്യെ വീട്ടിലെത്തിയ അയാൾ ഒരു നിമിഷം പോലും പാഴാക്കാതെ ബാത്തുറൂമിലേക്കു ഓടി.

ടോയ്ലെറ്റ് സിങ്കിന്റെ മൂടി തുറന്നു. അവിടെ ഭദ്രമായി ഒളിപ്പിച്ചു വെച്ചിരുന്ന 'ബ്ലൂ ലേബലിന്റെ' ബാക്കി അവിടെത്തന്നെയുണ്ട്. അടപ്പ് ഊരി മാറ്റി കുപ്പി വായിലേക്ക് അടുപ്പിച്ചു. കൈയിൽ സൂചി കയറിയതിന്റെ പാട്. ഞരമ്പുകളുടെ വേദന വിട്ടുമാറിയിട്ടില്ല.

അകലെ നിന്നും കുതിരക്കുളമ്പടികളുടെ ശബ്ദം കാതിൽ മുഴങ്ങുന്നു.

പെട്ടെന്ന് ഉണ്ടായ ഒരു ഉൾപ്രേരണ കൊണ്ട്, കൈയിലിരുന്ന കള്ള്, ടോയ്ലെറ്റിൽ ഒഴിച്ച് ഫ്ളഷ് ചെയിതുകളഞ്ഞു. പുറത്തേക്കു വന്ന പാപ്പച്ചൻ, അവിടെ നിന്നിരുന്ന പൊന്നമ്മയ്ക്ക് ഒരു പൊന്നുമ്മ കൊടുത്തു. അന്നുവരെ അനുഭവിക്കാത്ത ഒരു പുതിയ ലഹരി അയാൾക്കനുഭവപ്പെട്ടു.

'പാടാം, നമുക്കു പാടാം<br>
വീണ്ടുമൊരു പ്രേമഗാനം,,'

എന്ന പാട്ടും മൂളിക്കൊണ്ട്, പൊന്നമ്മയുടെ കൈപിടിച്ച് അയാൾ ബെഡ്റൂമിലേക്ക് നടന്നു.

പോകുന്ന പോക്കിൽ, പതിഞ്ഞ സ്വരത്തിൽ പൊന്നമ്മ പാപ്പച്ചന്റെ ചെവിയിൽ മന്ത്രിച്ചു:

"പുണ്യവാളച്ചനോട് കളിച്ചാൽ ഇങ്ങനെയിരിക്കും." പാപ്പച്ചൻ അറിയാതെ പെട്ടെന്ന് കുരിശുവരച്ചുപോയി.

KERALA EXPRESS പ്രവാസി താളുകൾ

# ഭൂതകാലം വിടപറയുന്ന ക്രിസ്മസ് ആഘോഷങ്ങളും പുതുവർഷവും

കോര ചെറിയാൻ

ഫിലാഡൽഫിയാ: മദ്ധ്യതിരുവിതാംകൂറിലെ മലയാളികൾ രേഖ ചരിത്രാരംഭകാലം മുതലെ അനുഷ്ഠിക്കുന്ന, ആചരിക്കുന്ന, ആഘോഷിക്കുന്ന വിപുല കലോത്സവങ്ങളാണ് തിരുവോണവും ക്രിസ്മസും. മനസ്സിൽനിന്നും ഒരിക്കലും മായാതെ പീലിവിടർത്തിയാടുന്ന മയൂരംപോലെ നിത്യഹരിതമായി പരിണിതം പ്രാപിച്ചിരിക്കുന്നു.

സുദീർഘമായോ ഹ്രസ്വമായോ ഭൂതകാലസ്മരണകളിൽ ഏറ്റവും മുഖ്യദിനമായി വൻസമൂഹം ക്രിസ്മസ് ആചരിക്കുന്നു. സ്മരണ മണ്ഡലത്തിൽ അശേഷം മറക്കാതെ മധുരസ്വപ്നങ്ങൾമാത്രം നിലനിൽക്കുന്നു. അര ശതാബ്ദമായി അനുഭവപ്പെട്ട ആനന്ദവും അനുഭൂതിയും മനസ്സിൽ മങ്ങാതെ മന്ദ



ലേഖകൻ

ട്ടിതൂക്കിയിടുന്നതുമായ ഓർമ്മകൾ ഒരിക്കലും മങ്ങാതെ നിൽക്കുന്നു. അര ശതാബ്ദത്തിലധികം വർഷങ്ങൾ പിന്നിട്ട ഓർമ്മകൾ, നവയുഗവുമായി താരതമ്യപ്പെടുമ്പോൾ അനുഭവപ്പെടുന്ന വ്യതിയാനം വിഭാവനയിലും വിദൂരതയിലാണ്. ഫാക്ടറികളിൽ പ്ലാസ്റ്റിക്കിൽ നിർമ്മിച്ച നക്ഷത്രവിളക്കുകളുടെ ദൃശ്യഭംഗി സാമാന്യം ആകർഷണീതമെങ്കിലും സ്വയമായി പണിതെടുത്ത നാടൻ സ്റ്റാറിന്റെ ആസ്വാദ്യത അഭിനന്ദനീയമായിരുന്നു.

ക്രിസ്മസ് കരോൾ പാർട്ടികൾ ആലപിക്കുന്ന ഗീതങ്ങളുടെ മധുരിമയിൽതന്നെയുണ്ടായ വ്യതിയാനം അത്ഭു

ത്തിലധികം വർഷങ്ങൾക്ക് പിന്നിൽ പിറന്ന ക്രിസ്തുവിനുമാത്രം പകരക്കാരൻ ഇതുവരെയെത്തിയിട്ടില്ല.




സ്മിതമായ മണിനാദം മുഴക്കുന്നു.

5 ശിഖരങ്ങളുള്ള വിവിധ നിറത്തിലുള്ള കട്ടികുറഞ്ഞ വർണ്ണകടലാസ് പൊതിഞ്ഞതും ചീകിമിനുക്കിയതുമായ മുളതണ്ടുകളിൽ കെട്ടിയുണ്ടാക്കിയ സ്റ്റാറിന്റെയുള്ളിൽ കത്തുന്ന മെഴുകുതിരിയുടെ അരണ്ടവെളിച്ചത്തോടെ വീടിന്റെ പുറത്ത് സായാഹ്നം മുതൽ കെ

തപ്പെടുത്തുന്നു. തൊഴുത്തിൽ കെട്ടിയിട്ടിരിക്കുന്ന പശുക്കളും കിടാവുകളും കയറുപൊട്ടിച്ച് ഓടുന്ന കഠോരഭീകര ശബ്ദംപുറപ്പെടുവിച്ചിരുന്ന തമ്പേറുകൾ ഇപ്പോൾ ഓർമ്മയിൽമാത്രം. പകരക്കാരനായിയെത്തിയ ചെറിയ വാദ്യോപകരണങ്ങളുടെ ലളിത സ്വരമാധുര്യത്തിലും വൻവ്യതിയാനം. രണ്ടായിര

അന്ധവിശ്വാസികളുടെയും നിരീശ്വരവാദികളുടെയും അനന്തമായ അഴിഞ്ഞാട്ടം പല തന്മയത്വമായ പാരമ്പര്യങ്ങളെയും സൽക്രിയകളേയും ശവപ്പറമ്പിലേക്ക് പറഞ്ഞുവിടുമെന്ന സംശയം ഇപ്പോൾ പ്രബലം ആകുന്നുണ്ട്.

പരമ്പരാഗതമായ ആഘോഷങ്ങളേയും ആചാരങ്ങളേയും പൂർവ്വകാല വെടിപ്പോടെ പരിരക്ഷിക്കണം. ആധുനീകതയിലുള്ള അപഥ്യം അനുകരിക്കാതെ നിരാകരിക്കുകയും സൽക്കർമ്മങ്ങളെ സംരക്ഷിക്കുവാനുമുള്ള വിശാല മനസ്കത നവ യുഗത്തിനുണ്ടാകണം.

എവിടെയോ കേട്ടുമറന്ന ശോകഗീത ശകലങ്ങൾ നനഞ്ഞ നയനങ്ങളോടെ പാടുന്നതായി തോന്നുന്നു.

സ്വർഗ്ഗങ്ങളെ...... നഷ്ട സ്വർഗ്ഗങ്ങളെ

നിങ്ങളെനിയ്ക്കൊരു

ദുഃഖ സിംഹാസനം നൽകി....

# കൊളീജിയം രീതിയെ വിമർശിച്ച് മുൻ ജഡ്ജി; പലർക്കും അതൃപ്തി

ന്യൂഡൽഹി: ജഡ്ജിമാരെ തെരഞ്ഞെടുക്കുന്നതിൽ കൊളീജിയം രീതി ഏറ്റവും മികച്ചതല്ലെന്ന മുൻ ജഡ്ജി സഞ്ജയ് കിഷൻ കോളിന്റെ അഭിപ്രായം വിവാദമായി. സുപ്രീം കോടതിയിൽനിന്നു വിരമിച്ചതിനു പിന്നാലെയാണ് ജസ്റ്റിസ് കോൾ കൊളീജിയം രീതിയെ വിമർശിച്ചത്. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് ഉൾപ്പെടെ ഇതിനോടു മൗനം പാലിക്കുകയാണെങ്കിലും കൊളീജിയം രീതിയുടെ ഗുണഭോക്താവായിരുന്നു ജസ്റ്റിസ് കോൾ എന്ന വിമർശനം കോടതി വൃത്തങ്ങൾ ഉയർത്തുന്നു. കൊളീജിയം അംഗമായിരിക്കെ സുപ്രീം കോടതിയിലും ഹൈക്കോടതികളിലും പല പേരുകളും മുന്നോട്ടുവെച്ച് നിയമനം നേടിയെടുത്ത ശേഷമാണു കോളിന്റെ അഭിപ്രായ പ്രകടനമെന്നാണു വിമർശനം.

നവംബർ ആറിനു നടന്ന കൊളീജിയം യോഗത്തിൽ മൂന്ന് നിയമനങ്ങളുടെ കാര്യത്തിൽ ജസ്റ്റിസ് കോൾ മുന്നോട്ടുവെച്ച നിർദേശത്തോടു മറ്റംഗങ്ങൾ വിയോജിച്ചിരുന്നു. ജഡ്ജിയായിരിക്കെ ജസ്റ്റിസ് കോൾ നടത്തിയ ഇടപെടലുകളെക്കുറിച്ചും വിമർശനമുണ്ട്. കൊളീജിയം അംഗമെന്ന നിലയിൽ സ്വന്തം താൽപര്യപ്രകാരം ശിപാർശ ചെയ്യാനും സർക്കാരിനെ കൊണ്ട് അംഗീകരിപ്പിക്കാനും ശ്രമിച്ചിരുന്നുവെന്നാണ് ഒരു വിമർശനം. ജഡ്ജിമാരായി നിയമിക്കപ്പെടാൻ പരിഗണിക്കുന്നവരുടെ അർഹത സംബന്ധിച്ച ആശയവിനിമയം വാക്കാൽ പോരാ, രേഖാമൂലം തന്നെ വേണമെന്ന് ജസ്റ്റിസ് കോൾ ശഠിച്ചത് പലരുടെയും പിന്നീടുള്ള തൊഴിലിനെ ബാധിച്ചെന്ന വിമർശനവും കോടതി വൃത്തങ്ങളിലുണ്ട്. എന്നാൽ, സുതാര്യ ചർച്ചകൾ അനിവാര്യമെന്ന വാദമാണു കൗൾ ഉയർത്തുന്നത്. കൊളീജിയം രീതിയാണ് നിലവിലേതെന്നും സർക്കാർ ഇക്കാര്യത്തിൽ പുതിയ നിയമം രൂപീകരിക്കുംവരെ കൊളീജിയം രീതി തന്നെയാണ് തുടരേണ്ടതെന്നും കോൾ വ്യക്തമാക്കി.

# ഡൽഹിയിൽ മൂടൽമഞ്ഞ് 80 വിമാനങ്ങൾ റദ്ദാക്കി

ന്യൂഡൽഹി: ഇന്ത്യാതലസ്ഥാനത്ത് ദിവസങ്ങളായി തുടരുന്ന മൂടൽമഞ്ഞിന് ശമനമില്ല. ദൃശ്യപരിധി (ആർ.വി.ആർ.) വളരെ കുറഞ്ഞത് ട്രെയിൻ, വിമാന സർവീസുകളെ ബാധിച്ചു. നൂറോളം ആഭ്യന്തര-അന്താരാഷ്ട്ര വിമാന സർവീസുകൾ വൈകി. 80 വിമാന

ഞ്ഞ ദൃശ്യപരിധിയാണ് വിമാനം തിരിച്ചുവിടാൻ കാരണം. ഡൽഹിയിൽനിന്ന് പോകുന്നതും വരുന്നതുമായ നിരവധി ട്രെയിനുകളെയും മൂടൽമഞ്ഞ് ബാധിച്ചു. ഡിസംബർ 29-ന് രാവിലെ എത്തേണ്ട ട്രെയിനുകൾ നാലു മണിക്കൂർവരെ വൈകിയാണ് ഓടുന്നത്.



സർവീസുകൾ റദ്ദാക്കുകയും ചെയ്തു.

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി സഞ്ചരിച്ച വിമാനം മോശം കാലാവസ്ഥയെത്തുടർന്ന് വഴിതിരിച്ചുവിട്ടു. നാഗ്പുരിൽനിന്ന് ഡൽഹിയിലേക്കു വരികയായിരുന്ന വിമാനമാണ് ജയ്പൂരിലേക്കു തിരിച്ചുവിട്ടത്. ഡൽഹി വിമാനത്താവളത്തിലെ വളരെ കുറ

ട്രെയിനുകൾ എപ്പോഴാണ് എത്തുക എന്നതു സംബന്ധിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ലെന്ന് യാത്രക്കാർ പറയുന്നു. അടുത്ത രണ്ടു ദിവസത്തേക്കു കൂടി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കനത്ത മൂടൽമഞ്ഞ് ഉണ്ടാകുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം.

# ബില്ലിൽ രാഷ്ട്രപതി ഒപ്പുവെച്ചു

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറുടെയും രണ്ട് കമ്മീഷണർമാരുടെയും നിയമനം സംബന്ധിച്ച് പാർലമെന്റ് പാസാക്കിയ ബില്ല് രാഷ്ട്രപതി ഒപ്പുവെച്ചതോടെ നിയമമായി. ഇതു സംബന്ധിച്ച വിജ്ഞാപനം പുറത്തിറങ്ങി. നേരത്തെ രാജ്യസഭ പാസാക്കിയ ബിൽ, സസ്പെൻഡ് ചെയ്യപ്പെട്ട മൂന്നിൽരണ്ട് പ്രതിപക്ഷ എംപിമാരും പുറത്തുനിൽക്കവെ ചർച്ച കൂടാതെ ലോക്സഭയും ശബ്ദവോട്ടോടെ പാസാക്കിയിരുന്നു. ബിൽ നിയമമായതോടെ പ്രധാനമന്ത്രിയും അദ്ദേഹം നിർദ്ദേശിക്കുന്ന കാബിനറ്റ് മന്ത്രിയും പ്രതിപക്ഷ നേതാവുമുൾപ്പെടുന്ന സമിതിയായിരിക്കും തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ തെരഞ്ഞെടുക്കുക. ബിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ സ്വാതന്ത്ര്യത്തെയും പരമാധികാരത്തെയും എടുത്തുകളയുന്നതാണെന്ന് പ്രതിപക്ഷം ആരോപിച്ചിരുന്നു.

# ശിശുദിനം ആഘോഷിച്ച് ചിക്കാഗോ തിരുഹൃദയ ഇടവക

വിശുദ്ധ കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ശിശുദിനമായി പ്രത്യേകം പ്രാർത്ഥനയോടെ ചിക്കാഗോ തിരുഹൃദയ ഫൊറോന ദൈവാലയത്തിൽ ആഘോഷിച്ചു.

അന്നേ ദിവസത്തെ വിശുദ്ധ കുർബാനയ്ക്ക് ശേഷം കുട്ടികൾക്ക് പ്രത്യേകം ആശീർവാദ പ്രാർത്ഥന നടത്തുകയും ആഘോഷത്തിൽ പങ്കെടുത്ത എല്ലാ കുഞ്ഞുങ്ങൾക്കും പ്രത്യേകം സമ്മാനങ്ങൾ നൽകുകയും ചെയ്തു.



# ജോർജ് ദാനവേലിലച്ചന്റെ പൗരോഹിത്യ രജതജൂബിലിയാഘോഷം

**ജോസ് മാളേയ്ക്കൽ**

ഫിലാഡൽഫിയ: ചിക്കാഗോ സീറോമലബാർ രൂപതയുടെ ചാൻസലർ, രൂപതാ മതബോധന ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ് നാഷണൽ ഡയറക്ടർ, സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിന്റെ വികാരി എന്നീ വ്യത്യസ്ത നിലകളിൽ രൂപതയിൽ സേവനമനുഷ്ഠിക്കുന്ന റവ.ഡോ. ജോർജ് ദാനവേലിൽ പൗരോഹിത്യ ശുശ്രൂഷയുടെ കർമ്മനിരതമായ 25 സംവത്സരങ്ങൾ 2023 ഡിസംബർ 30-ന് പൂർത്തിയാക്കി.





ജൂബിലേറിയൻ ബഹുമാനപ്പെട്ട ജോർജ് അച്ചൻ മുഖ്യകാർമ്മികനായും താമരശേരി രൂപതാംഗവും ചിക്കാഗോ രൂപതയിൽ പുതുതായി ശുശ്രൂഷയ്ക്കെത്തി ഫിലാഡൽഫിയ സീറോമലബാർ ഇടവകയിൽ പരിശീലനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള റവ.ഫാ. ജിബി പൊങ്ങൻപാറ സഹകാർമ്മികനായും അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിയിൽ വിശ്വാസികൾ ഒന്നടങ്കം പങ്കുചേർന്നു. ദിവ്യബലിയെ തുടർന്ന് ജൂബിലി കേക്ക് മുറിച്ച് പൗരോഹിത്യ ജൂബിലി ലളിതമായി ആഘോഷിച്ചു.

പാലാ രൂപതയ്ക്കുവേണ്ടി 1998 ഡിസംബർ 30-ന് അഭിവന്ദ്യ ബിഷപ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ച ജോർജ് ദാനവേലിൽ അച്ചൻ കോട്ടയം ജില്ലയിലെ മുട്ടുചിറ ഫൊറോനയുടെ കീഴിലുള്ള ആയാംകുടി (അൽഫോൻസാപുരം) സെ. അൽഫോൻസാ പള്ളി ഇടവകാംഗമാണ്.

പാലാ രൂപതയുടെ നിയന്ത്രണത്തിലുള്ള മൈനർ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി തിരുപ്പട്ടം സ്വീകരിച്ച ദാനവേലിൽ അച്ചൻ പാലാ രൂപതയിലെ വിവിധ ദേവാലയങ്ങളിൽ വികാരിയായും ബിഷപ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിന്റെ സെക്രട്ടറിയായും സെമിനാരി അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചു.

റോമിലെ സലേഷ്യൻ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും ക്രൈസ്തവ മതബോധനം, കുട്ടികളുടെ വിശ്വാസപരിശീലനം എന്നീ വിഷയങ്ങളിൽ സ്പെഷ്യലൈസേഷനോടുകൂടി ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റു (Doctor of Sacred Thelogy-*Latin:Sacrae Theologiae Doctor*-STD) നേടിയ ശേഷം കാക്കനാട് സെ. തോമസ് മൗണ്ട് ആസ്ഥാനമായുള്ള സീറോമലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ സിനഡൽ കമ്മീഷന്റെ സെക്രട്ടറിയായി ആറ് വർഷം സേവനം ചെയ്തു.

സിനഡൽ കമ്മീഷൻ സെക്രട്ടറിയായിരിക്കെ 2013-ൽ ചിക്കാഗോ സീറോമലബാർ രൂപതയിൽ മതാദ്ധ്യാപകർക്ക് വിശ്വാസ പരിശീലന ക്ലാസുകൾ നല്കിയിട്ടുണ്ട്.

പാലാ രൂപതയിൽ വൈദികനായി 18 വർഷങ്ങളിലെ നിസ്തുല സേവനത്തിനുശേഷം 2017-ൽ സ്ഥിരമായി അമേരിക്കയിലെത്തിയ റവ.ഡോ. ജോർജ് ദാനവേലിൽ ചിക്കാഗോ സീറോമലബാർ രൂപതയിൽ ബിഷപ് മാർ ജോയി ആലപ്പാട്ട്, മുൻ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരുടെ കീഴിൽ രൂപതാ കാര്യാലയത്തിലും കാലിഫോർണിയായിലെ മിൽപിറ്റാസ് (ഇപ്പോൾ ഫ്രിമോണ്ട്) സെ. തോമസ്, ഷാർലറ്റ് സെ. മേരീസ് ഉൾപ്പെടെ വിവിധ ഇടവകകളിലായി ഏഴ് വർഷങ്ങൾ പൂർത്തിയാക്കി. 2018-ൽ രൂപതയുടെ മതബോധന ഡയറക്ടറായി ചുമതലയേറ്റ ദാനവേലിൽ അച്ചൻ വിശ്വാസപരിശീലന പാഠ്യപദ്ധതി നവീകരിക്കുന്നതിലും പാഠപുസ്തകങ്ങൾ ക്രമാനുഗതമായി പരിഷ്കരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു.

അല്മായർക്ക്, വിശിഷ്യാ മതാദ്ധ്യാപകർക്ക് ദൈവശാസ്ത്രപഠനം സാദ്ധ്യമാക്കുന്നതിനായി വടവാതൂർ പൗരസ്ത്യ വിദ്യാപീഠവുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ചിക്കാഗോ മാർത്തോമ്മാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റർ, കഴിഞ്ഞ ഏതാനും വർഷങ്ങളിലായി രൂപതാതലത്തിൽ വളരെ വിജയകരമായി നടന്നുവരുന്ന ദൈവവചന ബൈബിൾ ക്വിസ് പ്രോഗ്രാം ഡയറക്ടർ എന്നീ നിലകളിലും രൂപതാ ചാൻസലർ, മതബോധന ഡയറക്ടർ, മിഷൻലീഗ് ഡയറക്ടർ, ഫിലാഡൽഫിയ സീറോമലബാർ പള്ളി വികാരി എന്നീ പദവികൾക്കൊപ്പം തന്നെ സേവനം ചെയ്യുന്നു. രൂപതാ ചാൻസലർ ആയതിനാൽ രൂപതയുടെ പ്രസിദ്ധീകരണങ്ങളുടെ ചുമതലയും ദാനവേലിൽ അച്ചനാണ്.

ഫിലാഡൽഫിയ ഫൊറോനയുടെ കീഴിൽ എക്സ്റ്റൺ കേന്ദ്രമായുള്ള സെ. സെബാസ്റ്റ്യൻ മിഷന്റെ ഡയറക്ടർ കൂടിയാണ് ദാനവേലിൽ അച്ചൻ. ജൂബിലേറിയന്റെ മാതാപിതാക്കളായ ജോസഫും മേരിയും തൊണ്ണൂറുകളുടെ പകുതിയിലെത്തി നിൽക്കുന്നു. മൂന്ന് സഹോദരങ്ങൾ.

സഭയുടെ ആരാധനാക്രമമനുസരിച്ചുള്ള ഞായറാഴ്ച വചനസന്ദേശങ്ങളുടെ സമാഹാരമായ വചനാഗ്നി ഉൾപ്പെടെ നാല് പുസ്തകങ്ങളും ദേശീയ, അന്തർദ്ദേശീയ ജേർണലുകളിൽ ഇരുനൂറിൽപ്പരം ലേഖനങ്ങളും ബൈബിൾ പണ്ഡിതനും വാഗ്മിയും കൂടിയായ ദാനവേലിലച്ചന്റെ സ്വന്തമായുണ്ട്.

ജീവിതലാളിത്യവും സഹാനുഭൂതിയും കൈമുതലായുള്ള ജൂബിലേറിയൻ തന്റെ ജൂബിലി ആഘോഷങ്ങൾ ഒഴിവാക്കി അതുവഴി സമാഹരിക്കുന്ന തുക തന്നെ വിശ്വാസജീവിതത്തിലും വൈദികവൃത്തിയിലും കൈപിടിച്ചുയർത്തിയ മാതൃ ഇടവകയുടെ നവീകരണത്തിനായി നല്കാൻ ആഗ്രഹിക്കുന്നു.

**ഫോട്ടോ: ജോസ് തോമസ്**

# പുതുവർഷ ചിന്തകൾ

**കാ**ലചക്രത്തിന്റെ ഒരിതൾ കൂടി കൊഴിയുന്നു. പറക്കുവാനും പറന്ന് പറന്ന് ഉയരുവാനും ഒരുപാട് അവസരങ്ങൾ തന്ന് 2023 കാലത്തിന്റെ യവനികയ്ക്കുള്ളിലേക്ക് മറയുന്നു. എന്റെയും നിങ്ങളുടെയും വിലപ്പെട്ട നിമിഷങ്ങളിൽ നിന്ന് മാറ്റപ്പെട്ട ഒരു വർഷം.

സമയവും തിരമാലയും ആർക്കുവേണ്ടിയും കാത്തുനിൽക്കില്ല എന്നൊരു ചൊല്ലുണ്ട്. ഒരിക്കലും തിരിച്ചു പിടിക്കാൻ കഴിയാത്ത ഈ സമയമാണ് നമ്മുടെ ജീവിതമെന്ന യുക്തിസഹജമായ ചിന്തയാണ് നമുക്കു വേണ്ടത്. ഇനിയൊരു ജന്മമുണ്ടെങ്കിൽ ഞാൻ അങ്ങനെ ചെയ്യും എന്ന ചിന്തയെ പരിത്യജിച്ച് ഗതകാല ജീവിതത്തിലെ തെറ്റുകളെ തിരുത്തി സ്വന്തം സത്വത്തെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കഴിവുള്ളവരായി മാറുകയാണ് നാം ചെയ്യേണ്ടത്.

ദൈവം നമുക്ക് കനിഞ്ഞു നല്കുന്ന സമയത്തെ സമുചിതമായി വിനിയോഗിക്കാൻ നമുക്കായാൽ ഈ ജീവിതത്തിൽ നമ്മൾ വിജയിച്ചു എന്നർത്ഥം. നമ്മുടെ കർമ്മമണ്ഡലങ്ങളിൽ എവിടെയുമായിക്കൊള്ളട്ടെ വിവേകത്തോടു കൂടി, സഹജീവിസ്നേഹത്തോടു കൂടി നമുക്ക് പ്രവർത്തിക്കാൻ കഴിയുക എന്നതാണ് പ്രാധാന്യം.

ഇന്നലെകളെക്കുറിച്ചുള്ള നിരാശയല്ല, നാളെ എങ്ങനെ ആയിരിക്കുമെന്ന ആകുലതയുമല്ല മറിച്ച്, ഇന്ന് നമ്മളായിരിക്കുന്ന ഈ നിമിഷങ്ങൾ എത്രത്തോളം അർത്ഥവത്താക്കാം എന്നതായിരിക്കണം നമ്മുടെ ചിന്ത. നമ്മുടെ ജീവിതത്തിന് ഒരു മൂല്യമുണ്ടെന്നുള്ള തിരിച്ചറിവോടു കൂടി അതിനെ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്താനാണ് നമ്മൾ ശ്രമിക്കേണ്ടത്.




**അനിറ്റ മാത്യു മേലാണ്ടശ്ശേരിൽ**

ആധുനികതയുടെ യാതൊരു സൗകര്യങ്ങളും ഇല്ലാതിരുന്ന കാലത്ത് നമ്മുടെ മുൻഗാമികൾ നമുക്കുവേണ്ടി ചെയ്തു തന്നിരുന്ന കാര്യങ്ങൾ എത്ര മഹത്തരമാണ്. സമയത്തെ അത്രമേൽ ജീവിതത്തിൽ പ്രയോജനപ്പെടുത്താൻ അവർക്കായതിന്റെ പ്രതിഫലമാണ് പുതിയ തലമുറയിലെ നമ്മുടെ സുഖലോലുപതയിലുള്ള ജീവിതം.

പുതുവർഷത്തിന്റെ അനുഗ്രഹം വാങ്ങാൻ കാത്തുനിൽക്കുന്നവർ മാത്രമാകാതെ, അനുഗ്രഹിക്കാനും കരുതൽ നല്കാനും സ്നേഹിക്കാനുമുള്ള ഹൃദയവിശാലത നമ്മിൽ വളർത്തിയെടുക്കാം. വാങ്ങുന്നവന്റെ കൈയ്യല്ല മറിച്ച് സമൃദ്ധിയായി കൊടുക്കുന്നവന്റെ കൈ ആകുവാനായി നമുക്ക് ശ്രമിക്കാം. നാം മാറിയാൽ ഈ സമൂഹം മാറും; അതുവഴി ഈ ലോകവും. അതു തന്നെയാകട്ടെ നമ്മുടെ പുതുവർഷ ചിന്തയും.

# തോമസ് എം. ചെറിയാൻ അന്തരിച്ചു



ഹൂസ്റ്റൺ: കോഴഞ്ചേരി മുള്ളംകുഴിയിൽ തോമസ് എം. ചെറിയാൻ (മോനി-75) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ ത്രേസ്യാമ്മ തോമസ് പാലാ കുറുവൻപ്ലാക്കൽ കുടുംബാംഗമാണ്. മക്കൾ: ആൻ തോമസ്, ഷൈനി ഏബ്രഹാം (ഇരുവരും ഹൂസ്റ്റൺ). മരുമക്കൾ: മെൽവിൻ ഉമ്മൻ, ജോർജ് ഏബ്രഹാം (എബി) (ഇരുവരും ഹൂസ്റ്റൺ). സഹോദരങ്ങൾ: ശമുവേൽ ചെറിയാൻ-കുഞ്ഞൂഞ്ഞമ്മ (ഹൂസ്റ്റൺ), തങ്കമ്മ ഏബ്രഹാം-ഈശോ ടി. ഏബ്രഹാം (ബേബിക്കുട്ടി-ഹൂസ്റ്റൺ), മറിയാമ്മ-കുഞ്ഞുമോൻ (തിരുവല്ല).

ജനുവരി 5-ന് വെള്ളിയാഴ്ച വൈകുന്നേരം 5 മുതൽ 8 വരെ പെയർലാൻഡ് സൗത്ത് പാർക്ക് ഫ്യൂണറൽ ഹോമിൽ (South Park Funeral Home 1310, North Main Street, Pearland, TX. 77581) പൊതുദർശനവും ജനുവരി 6-ന് ശനിയാഴ് രാവിലെ 10 മുതൽ 12 വരെ സ്റ്റെല്ലാ ലിങ്കിലുള്ള കോർപ്പസ് ക്രിസ്റ്റി കത്തോലിക്കാ ചർച്ചിൽ (Corpus Christi Catholic Church, 9900 Stella Link Rd, Houston, TX 77025) ശുശ്രൂഷകൾക്കുശേഷം ഒരു മണിക്ക് പെയർലാൻഡ് സൗത്ത് പാർക്ക് ഫ്യൂണറൽ ഹോം സെമിത്തേരിയിൽ സംസ്കാരവും നടത്തും.

സംസ്കാര ശുശ്രൂഷകളുടെ തത്സമയ സംപ്രേഷണം https://gmaxfilms.com/livebroadcast/-ൽ ഉണ്ടായിരിക്കുന്നതാണ്.

# ചില പുതുവത്സര ചിന്തകൾ

**എൽസി ബേബി**

"ഏറ്റവും വിലപിടിപ്പുള്ള വസ്തുവാണ് സത്യം. അതിന്റെ മൂല്യം വർദ്ധിപ്പിക്കാൻ ശ്രമിക്കുക" എന്ന മാർക്ട്യ്വൂയിന്റെ വാക്കുകൾ എന്നെ വല്ലാതെ ചിന്തിപ്പിക്കുകയുണ്ടായി. ചെറുപ്പം മുതൽ മാതാപിതാക്കളിൽ നിന്നും കേൾക്കാറുള്ള വിലയേറിയ ഉപദേശമാണല്ലോ സത്യം പറയണം എന്നത്. ഇന്നത്തെ ആധുനിക മാതാപിതാക്കൾ അത് എത്രത്തോളം പരിഗണിക്കുന്നുണ്ടെന്ന് അറിഞ്ഞുകൂടാ. നമ്മുടെ മന്ത്രാലയങ്ങളുടെ മുകളിൽ 'സത്യമേ ജയിക്കൂ' എന്ന് വലിയ അക്ഷരങ്ങളിൽ എഴുതിവെച്ചിട്ടുണ്ട്. പക്ഷേ, ഭരണാധികാരികൾ സത്യത്തിന് എത്രമാത്രം വില കല്പിക്കുന്നുണ്ടെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഏറ്റവും വിലപിടിപ്പുള്ള ഈ വസ്തു നമ്മുടെയൊക്കെ ഒരു നിക്ഷേപമായി, സമ്പത്തായി കാത്തുസൂക്ഷിച്ചു വർദ്ധിപ്പിച്ചിരുന്നെങ്കിൽ നമ്മുടെയൊക്കെ ഭവനങ്ങളിലും സമൂഹത്തിലും ഭരണകൂടങ്ങളിലും ജനങ്ങളുടെ ഇടയിലും ഇത്രമാത്രം അക്രമങ്ങളും അധർമ്മങ്ങളും അകൃത്യങ്ങളും മറ്റും വർദ്ധിക്കുമായിരുന്നോ?

വായ് തുറന്നാൽ അസത്യമേ പറയൂ എന്ന നിലയല്ലേ നാം കണ്ടുവരുന്നത്. കള്ളത്തരങ്ങൾ ചെയ്തും പറഞ്ഞും കൊച്ചുകുട്ടികൾ തുടങ്ങി യൗവ്വനക്കാരും പ്രായമായവരും ഭരണാധികാരികൾ വരെയും കാപട്യം കാണിക്കാനും ഏത് അകൃത്യം ചെയ്തിട്ടും അതു മറച്ചുവെക്കാനും മടിയില്ലാത്തവർ. ഭരണാധികാരികൾ തങ്ങൾക്ക് വോട്ട് ലഭിച്ച് ഭരണക്കസേര കൈവശമാക്കാൻ പറയുന്ന ഭോഷ്ക്കും വാഗ്ദാനങ്ങളും മറ്റും വിജയിച്ചു കഴിയുമ്പോൾ എത്ര നിസ്സാരമായിട്ടാണ് അവർ കാറ്റിൽ പറത്തിക്കളയുന്നത്? കോടതികളിലും മറ്റും വക്കീലന്മാരും ജഡ്ജിമാർ വരെയും സത്യത്തെ അസത്യമാക്കി, കുറ്റവാളികളെ മോചിപ്പിച്ച്, നിരപരാധികളെ ശിക്ഷിക്കുന്ന എത്രയെത്ര സംഭവങ്ങൾ. ഇത്ര വിലപിടിപ്പുള്ള സത്യത്തിന് ഒരു വിലയും കല്പിക്കാത്ത കാലം. ഇത് കലിയുഗമാണെന്ന് പ്രായമായവർ പറയുന്നു.



ലേഖിക

എന്താകുന്നു സത്യം? പരിശുദ്ധനായ ഭഗവാൻ തന്നെയാകുന്നു സത്യം. യാതൊരശുദ്ധിയോ അസത്യമോ ഇല്ലാത്ത ഏക വ്യക്തി ദൈവം മാത്രമാകുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ്. ദൈവം മനുഷ്യനായി ഈ ഭൂമിയിലേക്ക് അവതരിച്ചവനാകുന്നു. അവനിൽ യാതൊരശുദ്ധിയോ പാപമോ കാപട്യമോ ലവലേശമില്ല. ക്രിസ്തു സ്വയം പ്രസ്താവിച്ചത് "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ-സ്വർഗ്ഗത്തിൽ എത്തുന്നില്ല" എന്നാകുന്നു. ക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ സത്യമല്ലാതെ ഒന്നും അരുളിച്ചെയ്തിട്ടില്ല. "സത്യത്തിനു സാക്ഷിനില്ക്കേണ്ടതിനാണ് താൻ മനുഷ്യജന്മമെടുത്തത്." യാതൊരു പാപവുമില്ലാത്ത, പാപം എന്തെന്നറിയാത്ത, ഒരു പാപവും ചെയ്യാത്ത നീതിമാനും സത്യസന്ധനുമായിരുന്ന ക്രിസ്തുവിനെ കുറ്റവാളിയാക്കി ഒരു ദുഷ്പ്രവൃത്തിക്കാരനെപ്പോലെ ഭരണാധികാരിയായ പീലാത്തോസിന്റെ മുമ്പാകെ ഹാജരാക്കി വിധിച്ചപ്പോൾ ഒരു കുറ്റവും കണ്ടെത്തിയില്ല. പക്ഷേ, ജനങ്ങളെ പ്രീതിപ്പെടുത്താനായി മരണശിക്ഷ വിധിച്ചപ്പോൾ യേശു പറഞ്ഞ വാക്കുകൾ. "സത്യത്തിനു സാക്ഷി നില്ക്കേണ്ടതിനു ഞാൻ ജനിച്ചു. അതിനായി ഞാൻ ലോകത്തിൽ വന്നിരിക്കുന്നു. സത്യതല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു. സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" എന്നായിരുന്നല്ലോ യേശു പഠിപ്പിച്ചത്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാകുന്നു. ദൈവത്തിന്റെ തിരുവചനം സത്യത്തിന്റെ വചനമാകുന്നു.

ഈ ലോകത്തിൽ നിലനിൽക്കുന്ന എന്തെങ്കിലുമുണ്ടെങ്കിൽ അതു സത്യം മാത്രമാകുന്നു. അതുകൊണ്ടാണ് സത്യമേ ജയിക്കൂ എന്നു പറഞ്ഞിരിക്കുന്നത്. സത്യത്തിനു വേണ്ടി രക്തസാക്ഷികളായ വിശുദ്ധന്മാരുണ്ട്. സത്യത്തിന്റെ മൂല്യം മനസ്സിലാക്കിയവർ തങ്ങളുടെ ജീവൻ പോയാലും സത്യത്തിനുവേണ്ടി നിലകൊള്ളും. അതിന്റെ മകുടോദാഹരണമാണല്ലോ പരേതനായ നമ്മുടെ ഉമ്മൻ ചാണ്ടി. നമ്മുടെ പൂർവ്വപിതാക്കന്മാർ സത്യത്തിനുവേണ്ടി നിലനിന്നവരായിരുന്നു. അതിന്റെ അനുഗ്രഹങ്ങളാണ് ഇന്നത്തെ തലമുറക്കാർ അനുഭവിക്കുന്നത്. സത്യസന്ധതയില്ലാതെ നേടുന്ന യാതൊന്നും നിലനില്കയില്ല എന്നു മാത്രമല്ല ശാപവും ദുഃഖവും നിരാശയുമായിരിക്കും അനന്തരഫലങ്ങൾ.

രണ്ടായിരത്തി ഇരുപത്തിമൂന്ന് വളരെയധികം അധർമ്മങ്ങൾ വിതച്ചുകൊണ്ട് കടന്നുപോകുന്നു. ഒരു പുതുവർഷത്തിലേക്ക് പ്രവേശിക്കാൻ ഭാഗ്യം ലഭിച്ച നമുക്ക് മാർക്ട്യ്വൂയിന്റെ മഹദ്വചനം മുറുകെപ്പിടിക്കാം. "ഏറ്റവും വിലപിടിപ്പുള്ള വസ്തുവാണ് സത്യം. അതിന്റെ മൂല്യം വർദ്ധിപ്പിക്കാൻ ശ്രമിക്കുക." അത്യാഗ്രഹത്തോടെ അക്രമങ്ങൾ ചെയ്തും അന്യായമായും വാരിക്കൂട്ടുന്ന യാതൊരു സമ്പത്തും സ്ഥാനമാനങ്ങളും നിലനിൽക്കുകയില്ല. അവയെല്ലാം ആവിയായി പറന്നുപോകും. ഇന്നല്ലെങ്കിൽ നാളെ നാമെല്ലാവരും ഈ ലോകം വിട്ടുപോകേണ്ടവരാകുന്നു എന്നോർക്കുക. എല്ലാം കണ്ടുകൊണ്ടിരിക്കുന്ന നീതിയുള്ള ന്യായാധിപതിയായ ഒരു പരിശുദ്ധ ദൈവം ന്യായം വിധിക്കുന്ന നാളിൽ ദുഷ്ടതകൾ ചെയ്ത്, ദൈവഭയമില്ലാതെ, അധർമ്മങ്ങൾ ചെയ്ത്, അകൃത്യങ്ങൾ ചെയ്ത് ജീവിക്കുന്നവർക്ക് ഈലോകത്തിൽ കഷ്ടവും ദുഃഖവും മരണാനന്തരം നിത്യനരക ന്യായവിധിയുമായിരിക്കും ഫലം എന്നോർക്കുക. നമ്മുടെ സകല പാപങ്ങളും ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ച്, അനുതപിച്ച് ദൈവത്തോട് ക്ഷമ യാചിച്ചാൽ നമ്മുടെ പാപങ്ങൾ ക്ഷമിച്ച് നമ്മെ നീതീകരിച്ച് വിശുദ്ധീകരിച്ച് സ്വർഗ്ഗീയാവകാശികളാക്കുന്ന ഒരു ദൈവം നമ്മെ കാത്തിരിക്കുന്നു എന്നോർക്കുക. പുതുവത്സരത്തിലേക്ക് കാലെടുത്തു വെക്കുന്നതിനു മുമ്പ് മാനസാന്തരപ്പെട്ട് സത്യത്തിന്റെ സാക്ഷികളാകുവാൻ നമുക്ക് ഉത്സാഹിക്കാം. സത്യമേ പറയൂ, സത്യമേ ചെയ്യൂ, സത്യമേ പഠിപ്പിക്കൂ, പ്രസംഗിക്കൂ, വാഗ്ദാനം ചെയ്യൂ എന്ന ഉറച്ച തീരുമാനത്തോടെ ജീവിച്ചു വിജയിക്കും എന്ന പ്രതിജ്ഞയോടെ 2024 -ലേക്ക് പ്രവേശിക്കാം.


## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.24 |
| യൂറോ | 91.99 |
| സ്റ്റെർലിംഗ്പൗണ്ട് | 105.98 |
| സ്വിസ് ഫ്രാങ്ക് | 98.90 |
| സിംഗപ്പൂർ ഡോളർ | 63.65 |
| കനേഡിയൻ ഡോളർ | 63.00 |
| ഒമാൻ റിയാൽ | 216.24 |
| ബഹ്റൈൻ ദിനാർ | 220.50 |
| സൗദി റിയാൽ | 22.20 |
| യു.എ.ഇ. ദിർഹം | 22.66 |
| കുവൈത്ത് ദിനാർ | 270.90 |

# ചിക്കാഗോ മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രൽ പള്ളിയുടെ നേതൃത്വത്തിൽ ഷോർട്ട് ഫിലിം

**ജോർജുകുട്ടി അമ്പാട്ട്**

ചിക്കാഗോ: കുടുംബബന്ധങ്ങളുടെ പ്രാധാന്യവും ഒറ്റപ്പെട്ടു പോകുന്നവരുടെ വേദനയും തുറന്നുകാട്ടുന്ന 'ഹീലിങ് സ്റ്റെപ്സ്' ഷോർട്ട് ഫിലിമുമായി ചിക്കാഗോ മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രൽ. ഹീലിങ് സ്റ്റെപ്സ് എന്ന പേരിട്ട ഈ ഷോർട്ട് ഫിലിം കുടുംബബന്ധങ്ങളുടെ പ്രാധാന്യവും ഒറ്റപ്പെട്ടു പോകുന്നവരുടെ വേദനയും തുറന്നുകാട്ടുന്നു. ഒറ്റപ്പെട്ടു പോകുന്നവരെ ചേർത്തു നിർത്തുന്നതിന് നമ്മൾ പ്രതിജ്ഞാബദ്ധരാണെന്ന സന്ദേശവും ഈ ഷോർട്ട്ഫിലിം നമുക്കു തരുന്നു.




ഈ ഷോർട്ട് ഫിലിമിന്റെ ഭാഗമായിട്ടു പ്രവർത്തിച്ചിട്ടുള്ളവർ എല്ലാവരുംതന്നെ പള്ളിയിലെ അംഗങ്ങളാണ്. ഈ ഷോർട്ട് ഫിലിമിലെ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത് പള്ളിയിലെ തന്നെ അസി. വികാരിയായ ഫാ. ജോയൽ പയസ് ആണ്. മറ്റൊരു കഥാപാത്രമായി വേഷമിട്ടത് ജോസഫ് വില്യം തെക്കേത്തുമാണ്.

ഈ ഷോർട്ട് ഫിലിമിന്റെ ആശയം ഫാ. തോമസ് കടുകപ്പിള്ളിയുടേതാണ്. പ്രൊഡക്ഷൻ ഡിസൈനർ സജി വർഗീസ് കാവാലവും ഛായാഗ്രഹണം പ്രതീഷ് തോമസും നിർവഹിച്ചു. ഇതിന്റെ കഥ, തിരക്കഥ സംവിധാനം നിർവഹിച്ചിരിക്കുന്നത് റോമിയോ കാട്ടൂക്കാരനാണ്. ഡിസംബർ 10-ന് ഞായറാഴ്ച ബിഷപ് മാർ ജോയി ആലപ്പാട്ടിന്റെ കാർമ്മികത്വത്തിൽ നടന്ന കുർബാനയ്ക്കുശേഷം പള്ളിയിൽ വെച്ച് ഈ ഷോർട്ട് ഫിലിമിന്റെ പ്രീമിയർ ഷോ പ്രദർശിപ്പിച്ചിരുന്നു.



# NAMELESS SIGNIFICANT PEOPLE IN THE BIBLE

The Bible introduces a few “Nameless” but very significant individuals who God used for His glory. He lifts them up and includes their humble ministries in biblical history. It is extremely amazing that God of the universe chose a “bush” in the wilderness and attracted Moses the great leader of the Israelites,who was supposed to lead them from Egypt to the land of Canan:ThePromised Land to Abraham His friend, and his descendants. He uses mountains, whirlwinds, deserts,lonely places and so onto speak to His people. “Though the Lord is exalted, he looks kindly on the lowly”(Psalms 138:6). In this article, four nameless individuals, two from the OT and two from the NT are chosen for discussion.

**The Little Servant Girl (2 Kings 5: 1-14).**

The healing of Naman the Commander of the King of Syria from leprosy is illustrated in the above-mentioned passage. He was highly favored by the king, a great man through whom Syria won victory. During the raids, the Syrian army carried a little girl from the land of Israel, and she worked in the service of Naman’s wife. This servant girl informed her mistress that there is a prophet in Samaria, Israel’s capital during that time. She was concerned and wanted her Master to get healed from leprosy. She expresses her faith and assurance in the healing power of God through Elisha, God’s prophet, by saying to Naman’s wife, “Would that my Lord were with the prophet who is in Samaria, he would cure him from leprosy.” (2 Kings 5: 3). She had the wisdom to understand that Jehovah, God of Israel heals not only Israelites, but gentiles(non-Israelites) also. Naman agrees to go to the prophet. Even though he was reluctant to obey the simple method of cure, he dipped himself 7 times in river Jordan with the requests from his servants. He got free from leprosy. What a valuable service by this little girl!

**The Egyptian Servant (1 Samuel 30).**

The background of the event mentioned in 1 Samuel chapter 30 is, when David was residing in the



Rosamma Thomas

land of Philistines in the village named Ziklag under the care of King Achish, David became his favorite and faithful servant. The Philistines planned a great war with Israelites and David wanted to join the army of Philistines. Achish wanted David to be his bodyguard during the war, but the lords in Philistines did notwant David to join them since he was a Hebrew.David was requested to return to his village, Ziklag. When he returned from the King’s court, he found that Amalekites, the enemy of Israelites has raided andburned the place and taken captive the women and all who were in it, both small and great.

David became greatly distressed. His own group planned to stone him because all were bitter in their souls since their own sons and daughters were captured by

**Rosamma Thomas**

the enemy. David had no other choice but strengthened himself in the Lord his God. He inquired of the Lord, “Shall I pursue after this band? Shall I overtake them” (1 Samuel 30: 8)? God granted the permission to overtake the enemy and to rescue his people.On their way, his two hundred men found an Egyptian in the open country and brought him to David. He was abandoned by his Amalekite master since he fell sick three days back. The team gave him food and drink and his spirit revived. He described how they raided Ziklag and burned the place. David requested him to take him down to the Amalekite band to rescue his people from the enemy’s camp. The Egyptian agreed to lead David and the group to the enemy’s band with one swear that David would not kill him or turn him over into the hands of his previous group. God used this “almost dying” servant to lead His servant David to capture the enemy and return every one of the captives in addition to all the wealth belonged to his enemy. Taking care of the enemy during his hunger and need brought them a great victory!

**The Woman of Samaria (John 4: 1-42).**

In this beautiful story, a woman has been encountered by Jesus at Jacob’s well, in the town of Sycharat Samaria, on His way to Galilee from Judea. The journeys of Jesus were purposeful in the past, present and in the future also. The spiritual and prophetical conversation between the woman and Jesus opened her inner eyes and heart in such a way that she realized who stood before her: Jesus the Messiah! Once she realized the TRUTH, she did not want to keep it to herself. Realizing the emergency to share the good news, she leaves the water jar and went away into her town and said to the people, “Come, see a man who told me all that I ever did. Can this be the Christ”? (John 4:29). Eventually, many Samaritans from the town believed in Jesus because of the woman’s testimony and later they heard themselves and knew that Jesus is indeed the Savior of the world. Even before Jesus commissioned Mary Magdeline as the first evangelist after His resurrection, the Samaritan woman stands as the first woman who stands as a witness to Jesus the Savior without any ordination or title in her ministry.

**The Demon-free Man(Luke 8: 26-39).**

In the country of Gerasene, which is opposite to Galilee, Jesus met a man from the city who had demons. His condition was devastating: He wore no clothes, bound with chains, lived among the tombs etc. No one could approach him, and the unclean spirits tortured him beyond human suffering. The all-knowing God with full of compassion, saw him, knew his hopeless condition, and came for his rescue. Jesus delivered him from the demonic afflictions. He begged Jesus to follow Him, but Jesus requested him to return to his house and declare how much God has done for him. This demon-free man went away proclaiming throughout the whole province of Decapolis how much Jesus had done for him (Mark 5 :20). Decapolis in biblical times, was a league of 10 ancient Greek cities formed in Palestine after the Roman conquest of 63 BC (Encyclopedia.com).

The four individuals who are mentioned in this write up realized their responsibilities to people around them and took very bold steps for the deliverance of others in whatever manner they could. God Almighty, the Holy Trinity notices simple services His children do, appreciates them, and rewards each of these deeds. There is absolutely no need to get attention and rewards from anyone around us.The Lord’s eyes are even upon the sparrows. Apostle Paul reminds the believers, “Whatever you do, work at it with all your heart, as working for the Lord, not for human masters” (Colossians 3:23).

## വി.പി. ജോസിന് മിനിസ്ട്രിയിൽ ഡോക്ടറേറ്റ്

**രാജൻ ആര്യപ്പള്ളിൽ**



ഡാളസ്: വെച്ചൂച്ചിറ ഡൂലോസ് ബിബ്ലിക്കൽ സെമിനാരി ഡയറക്ടർ പാസ്റ്റർ വി.പി. ജോസിന് മിനിസ്ട്രിയിൽ ഡോക്ടറേറ്റ് ലഭിച്ചു. കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജ്, ഫിലാഡൽഫിയാ ഈസ്റ്റേൺ ബാപ്റ്റിസ്റ്റ് തിയോളജിക്കൽ സെമിനാരി എന്നിവിടങ്ങളിൽ ദൈവവചനം അഭ്യസിച്ചിട്ടുണ്ട്. ഇൻഡ്യാനാ ന്യൂബഗ്ഗ് തിയോളജിക്കൽ സെമിനാരിയിലെ വചനപഠനാനന്തരം ഇപ്പോൾ അവിടെനിന്നും മിനിസ്ട്രിയിൽ ഡോക്ടറേറ്റും ലഭിക്കുകയുണ്ടായി. അമേരിക്കയിലെ ഫിലാഡൽഫിയ, ഒർലാൻഡോ, ചിക്കാഗോ, അറ്റ്ലാന്റാ ഐപിസി സഭകളിൽ ശുശ്രൂഷകനായിരുന്നു. ഇപ്പോൾ ഡാളസിലെ ഗ്രാൻഡ് പ്രയറി ഐപിസി ശാലേം സഭയുടെ ശുശ്രൂഷകനായിരിക്കുന്നു.



Mathew Kunjappy
Managing Broker
Emsons Realty LTD

BEST TIME TO BUY!!!
GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS
IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA
The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.
For more details, please email or call!
Call: 1-630-935-4333 • Fax: 630-359-5885
Email: mk@emsonsrealty.com
240 E- LAKE STREET, SUITE No 109B, ADDISON, IL 60101

## വിനേഷ് ഫോഗട്ട് ഖേൽരത്നയും അർജുന അവാർഡും തിരിച്ചുനല്കി

ന്യൂഡൽഹി: ഗുസ്തി ഫെഡറേഷൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രതിഷേധം തുടർന്ന് ഗുസ്തി താരങ്ങൾ. ഖേൽരത്ന, അർജുന അവാർഡ് പുരസ്കാരങ്ങൾ പ്രമുഖ ഗുസ്തി താരം വിനേഷ് ഫോഗട്ട് തിരിച്ചു നല്കി. പ്രധാനമന്ത്രിയുടെ ഓഫീസിലേക്ക് പ്രവേശിക്കാൻ ശ്രമിച്ച വിനേഷിനെ പോലീസ് തടഞ്ഞു. തുടർന്ന് കർത്തവ്യപഥിൽ മെഡലുകൾ ഉപേക്ഷിച്ച് വിനേഷ് മടങ്ങുകയായിരുന്നു. പോലീസെത്തി മെഡലുകൾ കൊണ്ടുപോയി. ലോക ചാമ്പ്യൻഷിപ്പിൽ മെഡലുകൾ നേടിയ താരമാണ് വിനേഷ് ഫോഗട്ട്. പുരസ്കാരങ്ങൾ തിരികെ നല്കുമെന്ന് നേരത്തെ വിനേഷ് പ്രധാനമന്ത്രിക്ക് കത്ത് നല്കിയിരുന്നു. ഗുസ്തി താരങ്ങളെ ലൈംഗികമായി പീഡിപ്പിച്ചെന്ന ആരോപണം നേരിടുന്ന ബ്രിജ്ഭൂഷൺ ശരൺ സിംഗിന്റെ കൂട്ടാളി സഞ്ജയ് സിംഗ് ഗുസ്തി ഫെഡറേഷൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് വൻപ്രതിഷേധവുമായി ഗുസ്തി താരങ്ങൾ രംഗത്തെത്തിയത്. ഒളിമ്പിക് മെഡൽ ജേതാവ് സാക്ഷി മാലിക് ഗുസ്തിയിൽ നിന്നും വിരമിക്കുകയാണെന്നും പ്രഖ്യാപിച്ചിരുന്നു.

# പ്രധാനമന്ത്രിയുടെ സന്ദർശനം; തൃശൂരിൽ കനത്ത സുരക്ഷ

തൃശൂർ: പ്രധാനമന്ത്രി നരേന്ദ്രമോദി ജനുവരി മൂന്നിന് തൃശൂരിൽ എത്തുന്നു. നഗരത്തിൽ കനത്ത സുരക്ഷയാണ് പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് ഒരുക്കിയിട്ടുള്ളത്. തൃശൂർ നഗരത്തിന്റെയും പ്രധാനമന്ത്രി പങ്കെടുക്കുന്ന മഹിളാസമ്മേളനത്തിന്റെ വേദിയായ തേക്കിൻകാട് മൈതാനത്തിന്റെയും സുരക്ഷാക്രമീകരണങ്ങൾ കേന്ദ്ര സുരക്ഷാസേന ഏറ്റെടുത്തു കഴിഞ്ഞു. തേക്കിൻകാട് മൈതാനത്തിലേക്കുള്ള പ്രവേശനം കർശനമായി നിയന്ത്രിച്ചിട്ടുണ്ട്.

മൂന്നാം തീയതി വൈകിട്ട് മൂന്നേകാലോടെ നരേന്ദ്രമോദി കുട്ടനെല്ലൂർ ഹെലിപാഡിലെത്തും. അവിടെനിന്ന് റോഡ് മാർഗം 3.20-ഓടെ തൃശൂർ നഗരത്തിലേക്കുമെത്തും.

ജനറൽ ആശുപത്രിക്കു മുന്നിൽ നിന്ന് മൂന്നരയോടെ റോഡ് ഷോ ആരംഭിക്കും. ജനറൽ ആശുപത്രിക്കു മുന്നിൽനിന്ന് നായ്ക്കനാൽ വരെയാണ് റോഡ് ഷോ. റോഡ് ഷോയിൽ പ്രധാനമന്ത്രി കാൽനടയായാണ് പങ്കെടുക്കുകയെന്നാണ് വിവരം. നാലേകാലോടെ പ്രധാനമന്ത്രി തേക്കിൻകാട് മൈതാനിയിലെ വേദിയിലെത്തും.

പ്രധാനമന്ത്രി പങ്കെടുക്കുന്ന മഹിളാ സമ്മേളനത്തിൽ ആണുങ്ങൾക്ക് റോൾ കുറവ്. വേദിയിലും സദസിലും വി.വി.ഐ.പികൾ വനിതകൾ തന്നെയാണ്. ബി.ജെ.പിയുടെ വനിതാ നേതാക്കളും പ്രവർത്തകരുമടങ്ങുന്ന വലിയൊരു നിര തന്നെ സമ്മേളനത്തിനെത്തുമ്പോൾ വി.വി.ഐ.പി. പട്ടികയിൽ ചലച്ചിത്രനടി ശോഭന, പി.ടി. ഉഷ, മിന്നുമണി, മറിയക്കുട്ടി തുടങ്ങിയവരുമുണ്ടാകും.

മഹിളകൾക്ക് മുഖ്യപ്രാധാന്യം നൽകുന്ന സമ്മേളനവേദിയിൽ പുരുഷ സാന്നിധ്യമായി ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ, സുരേഷ്ഗോപി എന്നിവരടക്കമുള്ള വളരെ പ്രധാനപ്പെട്ടവർ മാത്രമാണുണ്ടാകുക.

വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകൾക്കായി സമ്മേളനഗരിയിലെ വേദിക്കുമുന്നിൽ പ്രത്യേകം സ്ഥലം ഒഴിച്ചിടും. പാർട്ടി പ്രവർത്തകർക്കു പുറമെ വിവിധ രംഗങ്ങളിലെ സജീവ സാന്നിധ്യങ്ങളായ പ്രമുഖ വ്യക്തികളായ വനിതകളും പങ്കെടുക്കും. പാർട്ടിയിലെ പുരുഷ നേതാക്കൾക്കും പ്രവർത്തകർക്കും റൗണ്ടിലായിരിക്കും ഡ്യൂട്ടി. ഇവർക്ക് സമ്മേളനനഗരിക്ക് അകത്തേക്ക് പ്രവേശനമുണ്ടാകില്ല. തെക്കേഗോപുര നടയിലും നായ്ക്കനാലിലുമെല്ലാം നേതാക്കൾക്കായി ഇരിപ്പിട സൗകര്യമൊരുക്കും. സി.സി.ടി.വിയിലൂടെ പ്രധാനമന്ത്രിയുടെ സമ്മേളന പരിപാടി ലൈവായി നഗരത്തിൽ സ്ഥാപിക്കുന്ന വിവിധയിടങ്ങളിലെ സ്ക്രീനുകളിൽ പ്രദർശിപ്പിക്കും.

നഗരത്തിൽ മൂന്നാം തീയതി രണ്ടു ലക്ഷത്തോളം പേർ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സുധാകരൻ – സുധീരൻ വാക്പോര്

കോട്ടയം: കെപിസിസി അദ്ധ്യക്ഷൻ കെ. സുധാകരനും മുൻ പ്രസിഡണ്ട് വി.എം. സുധീരനും തമ്മിൽ നേർക്കുനേർ. കെപിസിസി നേതൃത്വത്തിനെതിരെ സുധീരൻ നടത്തിയ വിമർശനമാണ് പ്രകോപനമായത്. ഇതോടെ വി.എം. സുധീരന്റെ പ്രസ്താവനകൾക്ക് വില കല്പിക്കുന്നില്ലെന്ന് കെപിസിസി പ്രസിഡണ്ട് കെ. സുധാകരൻ വ്യക്തമാക്കി. സുധീരന്റെ പ്രസ്താവനകൾ അസ്ഥാനത്തുള്ളവയാണെന്നും പൂർണമായും തള്ളിക്കളയുന്നതായും സുധാകരൻ പറഞ്ഞു. പാർട്ടി നേതൃത്വത്തിനെതിരെ അനാവശ്യ സമയത്ത് പ്രതികരണം നടത്തുന്നത് അദ്ദേഹത്തിന്റെ സംസ്കാരമെന്നും സുധാകരൻ കുറ്റപ്പെടുത്തി.

ഇതോടെ സുധാകരനെതിരെ രൂക്ഷവിമർശനവുമായി സുധീരനും രംഗത്തെത്തി. കേരളത്തിലെ കോൺഗ്രസിൽ ഗ്രൂപ്പ് കളി അതിരുവിട്ടെന്നു സുധീരൻ കുറ്റപ്പെടുത്തി. പ്രതിപക്ഷ നേതാവായി വി.ഡി. സതീശനും കെപിസിസി അദ്ധ്യക്ഷനായി കെ. സുധാകരനും ചുമതലയേറ്റപ്പോൾ അവരെ സ്വാഗതം ചെയ്ത ആളാണ് താൻ. ഗ്രൂപ്പ് അധിഷ്ഠിതമായ സംഘടനാശൈലിക്ക് സമൂലമായ മാറ്റം വരുമെന്നായിരുന്നു പ്രതീക്ഷ. ഗ്രൂപ്പ് അതിപ്രസരത്തിന്റെ കെടുതികൾ അനുഭവിച്ച ആളുകളാണ് കേരളത്തിലെ കോൺഗ്രസ് പ്രവർത്തകർ. പുതിയ നേതൃത്വത്തിന്റെ കീഴിൽ ഗ്രൂപ്പ് പ്രവർത്തനം കൂടി. ഇടപെടൽ ആവശ്യപ്പെട്ട് ഹൈക്കമാൻഡിനു കത്തയച്ചു. എന്നാൽ, നടപടിയുണ്ടായില്ല. ഇതോടെ രാഷ്ട്രീയ കാര്യ സമിതിയിൽ നിന്ന് രാജിവെച്ചു.

പിന്നീട് രാഹുൽ ഗാന്ധി വിളിച്ചു പ്രശ്നങ്ങളിൽ പരിഹാരമുണ്ടാക്കുമെന്നു പറഞ്ഞിരുന്നു. കഴിഞ്ഞ രണ്ടു വർഷമായി യാതൊരു പരിഹാരവും ഉണ്ടായില്ല. ഗ്രൂപ്പ് രാഷ്ട്രീയം കുറേക്കൂടി വിപുലമായ തലത്തിലേക്ക് പോയി. നേരത്തെ രണ്ട് ഗ്രൂപ്പാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അഞ്ച് ഗ്രൂപ്പ് ഇവിടെയുണ്ട്. ഗ്രൂപ്പിന്റെ ഉള്ളിൽ ഉപഗ്രൂപ്പുകളുമുണ്ട്. അത് സംഘടനയ്ക്കു വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് അവർ ചിന്തിക്കുന്നില്ല.

തുടർന്നാണ് കെപിസിസി നടത്തുന്ന പരിപാടികളിൽ പങ്കെടുക്കില്ലെന്ന് തീരുമാനിച്ചത്. എന്നാൽ, ജില്ലാ കോൺഗ്രസ് കമ്മിറ്റികൾ നടത്തുന്ന പരിപാടികളിൽ പങ്കെടുക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കെപിസിസി പ്രസിഡണ്ട് പല കാര്യങ്ങളും പറയുന്നുണ്ട്. എന്നാൽ, അദ്ദേഹം പറയുന്ന പല കാര്യങ്ങളും അദ്ദേഹത്തിനു തന്നെ മനസ്സിലാക്കാൻ സാധിക്കുന്നില്ല. അദ്ദേഹത്തിനു തിരുത്തേണ്ടി വരുന്നുണ്ട്. ഇക്കാര്യവും അദ്ദേഹത്തിനു തിരുത്തേണ്ടിവരും: സുധീരൻ പറഞ്ഞു.

## അയോധ്യയിൽനിന്ന് പുതിയ കുതിപ്പ്

(ഒന്നാം പേജിൽ നിന്നും)

ഇന്ത്യയിലെ ആദ്യത്തെ അമൃത് ഭാരത് ട്രെയിനുകൾ, ആറ് പുതിയ വന്ദേഭാരത് ട്രെയിനുകൾ എന്നിവ വെർച്ചലായി പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്തു. അയോധ്യ ക്ഷേത്രത്തിലേക്കുള്ള നവീകരിച്ച റോഡുകളുടെ ഉദ്ഘാടനവും അയോധ്യ ഗ്രീൻഫീൽഡ് ടൗൺഷിപ്പിന്റെ ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു.

ക്ഷേത്രത്തിലെ വിഗ്രഹപ്രതിഷ്ഠാ ചടങ്ങ് ജനുവരി 22-ന് നടക്കാനിരിക്കെയാണു പ്രധാനമന്ത്രിയുടെ സന്ദർശനം. ആധുനിക അയോധ്യ ഇന്ത്യൻ ഭൂപടത്തിന്റെ അഭിമാനമാകുമെന്നും രാമക്ഷേത്രം ഇന്ത്യയുടെ സ്വന്തമാണെന്നും പൊതുസമ്മേളനത്തിൽ പ്രസംഗിക്കവേ മോദി പറഞ്ഞു.

പ്രതിഷ്ഠാദിന ചടങ്ങ് എല്ലാ വീടുകളിലും ആചരിക്കണം. വികസിത ഭാരതത്തിലേക്കുള്ള യാത്രയിൽ അയോധ്യ വലിയ ഊർജം നൽകുന്നു. വികസനവും പാരമ്പര്യവും ഭാരതത്തെ മുന്നോട്ടു നയിക്കും. പ്രതിഷ്ഠാ ചടങ്ങിനായി ലോകം മുഴുവൻ കാത്തിരിക്കുകയാണ്. ഭാവിയിൽ യു.പിയുടെ വികസനത്തിന് ദിശ കാട്ടുന്നത് അയോധ്യയാകും. അയോധ്യയിലെ വികസനം തൊഴിലവസരങ്ങൾ സൃഷ്ടിക്കും: മോദി പറഞ്ഞു.

അയോധ്യ ലോകത്തെ ഏറ്റവും വൃത്തിയുള്ള നഗരമായിരിക്കണമെന്നും ഇത് അയോധ്യാവാസികളുടെ ഉത്തരവാദിത്വമാണെന്നും പ്രതിഷ്ഠാദിനത്തിൽ വീടുകളിൽ ശ്രീരാമജ്യോതി തെളിയിക്കണമെന്നും നരേന്ദ്ര മോദി ആഹ്വാനം ചെയ്തു.

അയോധ്യയിലെത്തിയ പ്രധാനമന്ത്രിയെ, ബാബരി മസ്ജിദ് കേസിൽ കക്ഷിയായിരുന്ന ഹാഷിം അൻസാരിയുടെ മകൻ ഇക്ബാൽ അൻസാരി പൂവിട്ട് സ്വീകരിച്ചു. പിതാവിന്റെ മരണശേഷം കേസ് നടത്തിയിരുന്നത് ഇക്ബാൽ അൻസാരിയായിരുന്നു.

## ഇമ്രാൻഖാന്റെ പത്രിക തള്ളി



ഇസ്ലാമാബാദ്: ഫെബ്രുവരി എട്ടിനു നടക്കുന്ന പാക്കിസ്ഥാൻ പൊതുതെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് മുൻ പ്രധാനമന്ത്രിയും തെഹ്രിക് ഇ ഇൻസാഫ് പാർട്ടി അദ്ധ്യക്ഷനുമായ ഇമ്രാൻഖാൻ നല്കിയ രണ്ട് പത്രികകളും തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. പഞ്ചാബ് പ്രവിശ്യയിലെ ലാഹോർ, മിയാൻവാലി സീറ്റുകളിൽ നിന്നാണ് ഇമ്രാൻഖാൻ പത്രിക സമർപ്പിച്ചിരുന്നത്. അഴിമതിക്കേസിൽ ശിക്ഷിക്കപ്പെട്ടു, പത്രികകളെ പിന്താങ്ങുന്നവർ അതതു മണ്ഡലങ്ങളിൽ നിന്നുള്ളവരല്ല തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് പത്രിക തള്ളിയത്. തൊഷാഖാന അഴിമതിക്കേസിൽ ഇമ്രാന് കോടതി അഞ്ചുവർഷം തടവ്ശിക്ഷ വിധിക്കുകയും ഇതേത്തുടർന്ന് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് അയോഗ്യമാകുകയും ചെയ്തിരുന്നു.

## മന്ത്രിമാരായി സ്ഥാനമേറ്റു

(ഒന്നാം പേജിൽ നിന്നും)

പുരാവസ്തു, ആർക്കൈവ്സ് വകുപ്പുകളാണു പുതുതായി ചുമതലയേറ്റ കടന്നപ്പള്ളിക്കു നൽകിയത്. വി.എൻ. വാസവനായിരുന്നു രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയുണ്ടായിരുന്നത്. സഹകരണ വകുപ്പ് വാസവന്റെ ചുമതലയിൽത്തന്നെ തുടരും. കടന്നപ്പള്ളിക്കു തുറമുഖ വകുപ്പെന്നു സൂചനയുണ്ടായിരുന്നെങ്കിലും നൽകിയില്ല. സി.പി.എമ്മിലെ വി.എൻ. വാസവന് തുറമുഖ വകുപ്പിന്റെ ചുമതല നൽകി. ഒന്നാം പിണറായി സർക്കാരിൽ തുറമുഖ വകുപ്പ് കടന്നപ്പള്ളിയായിരുന്നു കൈകാര്യം ചെയ്തിരുന്നത്. വിഴിഞ്ഞം രാജ്യാന്തര തുറമുഖമടക്കം പ്രവർത്തനസജ്ജമായതിനു പിന്നാലെയാണു മാറ്റമെന്നതും ശ്രദ്ധേയമാണ്.

ഗതാഗതം, മോട്ടോർ വെഹിക്കിൾസ്, ജലഗതാഗത വകുപ്പുകളുടെ ചുമതലയാണ് ഗണേഷ്കുമാർ വഹിക്കുക. ഇവ മൂന്നും ആന്റണി രാജു വഹിച്ച വകുപ്പുകളാണ്. നടൻകൂടിയായ കെ.ബി. ഗണേഷ്കുമാറിന് സിനിമ വകുപ്പും നൽകിയില്ല. ഗണേഷിനു സിനിമ വകുപ്പുകൂടി വേണമെന്നു കേരള കോൺഗ്രസ്-ബി മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതായി പ്രചാരണമുണ്ടായിരുന്നു.

സത്യപ്രതിജ്ഞയ്ക്കു സാക്ഷ്യംവഹിക്കുന്നതിനായി നൂറുകണക്കിനാളുകൾ രാജ്ഭവനിൽ എത്തിച്ചേർന്നിരുന്നു. ആദ്യം രാമചന്ദ്രൻ കടന്നപ്പള്ളിയെയാണ് സത്യപ്രതിജ്ഞയ്ക്കായി ക്ഷണിച്ചത്.

സഗൗരവ പ്രതിജ്ഞയെടുത്ത് കടന്നപ്പള്ളി രാമചന്ദ്രൻ ചുമതലയേറ്റെടുത്തപ്പോൾ ദൈവനാമത്തിലായിരുന്നു കെ.ബി. ഗണേഷ്കുമാർ സത്യപ്രതിജ്ഞ ചെയ്തത്. തൊട്ടുപിന്നാലെ ഗവർണറും തുടർന്ന് മുഖ്യമന്ത്രിയും പുതിയ മന്ത്രിമാർക്ക് ബൊക്കെ നൽകി. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ചടങ്ങ് പ്രതിപക്ഷം ബഹിഷ്കരിച്ചു. പുതിയ മന്ത്രിമാരുടെ വകുപ്പുകൾ മുഖ്യമന്ത്രി തീരുമാനിച്ച് ഗവർണറുടെ അംഗീകാരത്തിനായി അയച്ചത് രാജ്ഭവൻ അംഗീകരിച്ചു. ചടങ്ങിൽ മന്ത്രിമാരും കുടുംബാംഗങ്ങളും എം.എൽ.എമാരും എ.പിമാരും രാഷ്ട്രീയ നേതാക്കളും വിവിധ മേഖലകളിലെ പ്രധാന വ്യക്തികളും പങ്കെടുത്തു.

## ഡോ. അരവിന്ദ് പനഗാരിയ

(ഒന്നാം പേജിൽ നിന്നും)

ശിപാർശകൾ നല്കുന്ന ഭരണഘടനാ സ്ഥാപനമാണ് ധനകാര്യ കമ്മീഷൻ. കേന്ദ്രത്തിന്റെ മൊത്തം നികുതിവരുമാനത്തിൽ നിന്ന് സംസ്ഥാനങ്ങൾക്ക് എത്ര വീതം നല്കണമെന്നു ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യും. ഓരോ സംസ്ഥാനത്തിന്റെയും ജനസംഖ്യ അടക്കമുള്ള ഘടകങ്ങൾ പരിഗണിച്ചായിരിക്കും ഇത്. 2005-ലെ ദുരന്തനിവാരണ നിയമപ്രകാരമുള്ള ഫണ്ടുകളുടെ അവലോകനം, വരുമാന വർദ്ധനയ്ക്കുള്ള ശിപാർശകൾ അടക്കം കമ്മീഷൻ നല്കും. 2026 ഏപ്രിൽ ഒന്നു മുതൽ 5 വർഷത്തേക്കുള്ള നികുതിവിഹിതം പങ്കിടൽ നിരക്ക് ഈ കമ്മീഷനാണ് നിർദേശിക്കുന്നത്. റിപ്പോർട്ട് 2025 ഒക്ടോബർ 31-നു മുൻപ് സമർപ്പിക്കണം.

കൊളംബിയ സർവകലാശാലാ പ്രഫസറായ അരവിന്ദ് പനഗാരിയ 2015-ലാണ് നീതി ആയോഗിന്റെ തലപ്പത്തെത്തിയത്. ഏഷ്യൻ വികസന ബാങ്കിന്റെ ചീഫ് ഇക്കണോമിസ്റ്റായി സേവനമനുഷ്ഠിച്ചിരുന്നു. ലോകബാങ്ക്, രാജ്യാന്തര നാണയനിധി, ലോക വ്യാപാരസംഘടന തുടങ്ങിയ സ്ഥാപനങ്ങളിലും സേവനപരിചയമുണ്ട്. 2017-ൽ നീതി ആയോഗ് വൈസ് ചെയർമാൻ സ്ഥാനം രാജിവെച്ചു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ആർഎസ്എസിന്റെയും ബിഎംഎസിന്റെയും സ്വദേശി ജാഗരൺ മഞ്ചിന്റെയും കടുത്ത എതിർപ്പിനെ തുടർന്നാണ് പനഗാരിയ ഒഴിഞ്ഞതെന്ന് അഭ്യൂഹങ്ങളുണ്ടായിരുന്നു.

## സിൽവർലൈൻ

(ഒന്നാം പേജിൽ നിന്നും)

സ്റ്റേഷൻ ഉൾപ്പെടെയുള്ള നിർമിതികളോടു ചേർന്നു സിൽവർലൈൻ ട്രാക്ക് കടന്നുപോകുമ്പോൾ അതു ട്രെയിൻ സർവീസിനുണ്ടാക്കുന്ന ആഘാതം, റെയിൽവേ നിർമിതികൾ ഇളക്കുമ്പോഴും പുനർനിർമിക്കുമ്പോഴുമുള്ള പ്രശ്നങ്ങൾ എന്നിവ പരിഗണിച്ചിട്ടില്ല. പൊളിച്ചുമാറ്റുന്നവ പുനർനിർമിക്കുന്നതിനുള്ള ചെലവ് പദ്ധതിച്ചെലവിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിച്ചെലവ് റെയിൽവേ കൂടി വഹിക്കുന്നതിനാൽ അധിക സാമ്പത്തിക ബാധ്യതുണ്ടാകും.

സിൽവർലൈൻ വിരുദ്ധ സമിതി പ്രവർത്തകനായ കോട്ടയം മുളക്കുളം സ്വദേശി എം.ടി. തോമസിനു വിവരാവകാശ നിയമം വഴിയാണു റിപ്പോർട്ടിന്റെ പകർപ്പ് ലഭിച്ചത്.

# SEEKING BRIDEGROOM

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at **mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact

# SEEKING BRIDE

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com, +44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5' 11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at **JOHNVUSA321@gmail.com**

*Pentecostal Malayalee parents are seeking proposals for their son. He is 30 years 5'-8". Born and brought-up in USA. He will be graduating in Masters of Science (MS) biology major by end of this year 2023. Seeking for a right partner while obtaining a suitable job after the graduation. Future plan may include work and study for PhD or MD program. Parents of USA born citizen daughters who are working or studying with same faith may contact me via email: **jvarghese645@yahoo.com** with picture and general details.

*Pentecostal Malaylee parents settled in the USA are seeking proposals for their son. He is 30 years old, 5'11 USA born and newly graduated from medical school and awaiting placement in residency. Seeking girls from same faith background, working professionals (medical, finance, etc.), age 26-29, USA citizen preferably. Please contact **karapuzha1@gmail.com** with details and picture if interested.

*Parents invite proposals for our son, 28 years old. Seeking god fearing bride in U.S. from any denomination. Our son, who is born and brought up in the U.S. is a god fearing Marthoma person, family oriented. We are currently looking for a caring partner for him. He has completed his education in the U.S. and is now working as a RN-BSN as a nurse manager. Please contact with details to: **kottayam1995@gmail.com**

*Well settled Jacobite parents in Kerala invite proposals for their son, 25 years 5'6', MS from UCLA and presently working as a Structural Engineer at Dallas from parents of suitably qualified Jacobite/Orthodox/Marthoma girls.
E mail: **joshychandy@yahoo.in** or call **+ 91 9446947299 or +91 9495130660**

*Pentecostal parents in India inviting proposals for their son raised in India, born again, 30 years old completed B. Tech in Aerospace Engineering, currently working and finishing Masters in Quality and Design Engineering in UK. Seeking proposals from qualified born again girls in USA or Canada.
Interested parents please send details to **diniphilip123@gmail.com** or call **516-728-8409.**

## SEEKING BRIDEGROOM CONTD.....

**224-856-0429** with details and pictures.

*Hindu, BSC Nurse with work permit in USA, 39 years, Avittom, 5"1, Medium complexion- Slim built , remarriage, with no liabilities, religion, finance is not an issue. US CITIZENS ONLY. **215 880 3341, vincentemmanuel@aol.com**

*Pentecostal parents settled in TX, USA prayerfully inviting proposals for their daughter, BS in Biology and Pharm D licensed in Texas, Age 28; 4'10". She is born again, baptized and spirit-filled. Parents of born again, baptized and spirit-filled professionally qualified boys (employed or studying in USA is preferred) may please respond with details by contacting **214-517-8037**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

## കെ.ഐ. ജോൺ

**ബാംഗ്ളൂരു:** വ്യോമസേന റിട്ട. ഉദ്യോഗസ്ഥൻ തിരുവല്ല കാഞ്ഞിരക്കാട്ട് തെക്കേതിൽ കെ.ഐ. ജോൺ (രാജൻ-80) ഫിലാഡൽഫിയയിൽ അന്തരിച്ചു. ഭാര്യ റിട്ട. ബിഇഎൽ ഉദ്യോഗസ്ഥ പാമ്പാടി കുറ്റൻപാറക്കൽ (മാക്കൽ) അന്നമ്മ ജോൺ. മക്കൾ: മിനിമോൾ ബാബു ജോർജ് (ദോഹ), സുനിൽ മാത്യൂസ് (യുഎസ്), ജോർജ് ജോൺ (ദോഹ). മരുമക്കൾ: ബാബു ജോർജ്, റെൻസി മാത്യൂസ്, ജെസി ജോർജ്.

**പുലിക്കുട്ടിശേരി:** വെട്ടിമുകൾ മുടിയൂർക്കര ഗവ. എൽ.പി. സ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക കരിങ്ങണാതൊട്ടിയിൽ കെ.എം. മറിയക്കുട്ടി (88) അന്തരിച്ചു.

**പനയമ്പാല:** വലിയകുന്നും പുറത്ത് കത്രിക്കുട്ടി യോഹന്നാൻ (മേരിക്കുട്ടി-85) അന്തരിച്ചു.

**അയ്മനം:** സിഎംഎസ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. കായികാദ്ധ്യാപകൻ മണ്ണൂപറമ്പിൽ (പന്നയ്ക്കൽ) തോമസ് ജോസഫ് (തൊമ്മച്ചൻ-77) അന്തരിച്ചു.

**കോട്ടയം:** താഴത്തങ്ങാടി പരുവയ്ക്കൽ മറിയാമ്മ ജേക്കബ് (കുഞ്ഞമ്മ-85) നിര്യാതയായി.

**പുളിക്കീഴ്:** തലയണപറമ്പിൽ തങ്കമ്മ ജോൺ (98) അന്തരിച്ചു.

**തൃശൂർ:** കാനാട്ടുകര വൈലോപ്പിള്ളി നഗർ രാഗത്തിൽ ഡോ. രാജമ്മ കാർത്തികേയൻ (78) അന്തരിച്ചു.

**തിരുവനന്തപുരം:** നെട്ടയം മംഗലത്തുമണ്ണിൽ ഡോ. വർഗീസ് ജോർജ് (76) അന്തരിച്ചു.

**എരുമേലി:** കനകപ്പലം കാരിത്തോട് ചെങ്ങോട്ടായിൽ മേരിക്കുട്ടി ഐപ് (84) അന്തരിച്ചു.

**മാങ്ങാനം:** കളമ്പുകാട്ടുകുന്ന് പുത്തൻപുരയ്ക്കൽ മേരി (70) അന്തരിച്ചു.

**ചെങ്ങളം:** മങ്ങാട്ട് മറിയാമ്മ ഏബ്രഹാം (പെണ്ണമ്മ-82) അന്തരിച്ചു.

## അന്നമ്മ കുറിയാക്കോസ്



**ഹൂസ്റ്റൺ:** അന്നമ്മ കുറിയാക്കോസ് ഹൂസ്റ്റണിൽ അന്തരിച്ചു. പെരുമ്പാവൂർ പുരുമണി കരവാത്ത് നാമകുഴിയിൽ കുടുംബാംഗമാണ് പരേത. ഭർത്താവ് പരേതനായ കെ.റ്റി. കുറിയാക്കോസ്. മക്കൾ: ജോൺ കുര്യൻ, ലിസി ബാബു, ബെന്നി കുറിയാക്കോസ്, ഷീലാ വറുഗീസ്. മരുമക്കൾ: ഓമന ജോൺ, ബാബു വറുഗീസ്, എലിസബേത്ത് ബെന്നി, പാസ്റ്റർ പി.ഐ. വറുഗീസ് (എല്ലാവരും യുഎസ്എ). സഹോദരങ്ങൾ: മറിയാമ്മ പൗലോസ്, ഏലിയാമ്മ വറുഗീസ്.

**ചങ്ങനാശേരി:** എസ്.ബി. കോളജ് ഇംഗ്ലീഷ് വിഭാഗം റിട്ട. പ്രഫ. കുരിശുംമൂട് വാലുമണ്ണിൽ വി.എസ്. ജോസഫ് (89) അന്തരിച്ചു.

**അങ്കമാലി:** എറണാകുളം-അങ്കമാലി അതിരൂപത വൈദികൻ ഫാ. ജോസ് പോൾ നെല്ലിശേരി (82) അന്തരിച്ചു.


**കൂത്രപ്പള്ളി:** കൊണ്ടോടിക്കലായ വെള്ളാപ്പള്ളിൽ വി.ജെ. ജോസഫ് (ജോസ്-79) അന്തരിച്ചു.

**അമലഗിരി:** വിളയങ്ങാട്ടിൽ ലീനസ് ബേബിയുടെയും ജിജിയുടെയും മകൻ ജരാർദ് മാത്യു ലീനസ് (17) അന്തരിച്ചു.

**എലിക്കുളം:** നടുവിലാത്ത് ഭാസ്കരൻ നായർ (85) അന്തരിച്ചു.

**രാമമംഗലം:** ഊരമന ദർശനയിൽ എം.ജെ. ജഗദമ്മ (86) അന്തരിച്ചു.

## കെ.സി. വർഗീസ് കയ്യാലക്കകത്തു അന്തരിച്ചു



ഡാളസ്: കോയിപ്പുറം മട്ടക്കൽ കുടുംബാംഗവും റിട്ട. തഹസിൽദാറുമായിരുന്ന കെ.സി. വർഗീസ് (94) അന്തരിച്ചു. ഭാര്യ പരേതയായ മറിയാമ്മ വർഗീസ് നെല്ലിക്കൽ അരിപ്പിനെത്തു കുടുംബാംഗമാണ്. മക്കൾ: തങ്കച്ചൻ, മോനച്ചൻ (വർഗീസ്), ബാബു, ഷേർലി, റെജി, ഷാജി. മരുമക്കൾ: കുഞ്ഞുമോൾ, ഷീല, സുബി, ജോയിക്കുട്ടി, ബിന്ദു, ഷൈനി (എല്ലാവരും ഡാളസിൽ). ഡാളസിലെ സാമൂഹിക സാംസ്കാരിക രംഗത്തും പ്രവാസി കേരളാ കോൺഗ്രസ് നോർത്ത് അമേരിക്കയുടെ ചാപ്റ്റർ പ്രസിഡണ്ടും ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ കോ-ഓർഡിനേറ്ററുമായ മോനച്ചന്റെ പിതാവാണ് പരേതൻ. പ്രവാസി കേരള കോൺഗ്രസ് നോർത്ത് അമേരിക്ക കോ-ഓർഡിനേറ്റർ മാത്തുക്കുട്ടി ആലുംപറമ്പിൽ, ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ പ്രസിഡണ്ട് പി.സി. മാത്യു. സുധീൻ നമ്പ്യാർ, പ്രഫ. ജോയ് പല്ലാട്ടുമഠം, ജോൺസി വർഗീസ്, ബാബു പടവത്തിൽ തുടങ്ങിയവർ അനുശോചനം അറിയിച്ചു.

## പി.വി. ജേക്കബ്

**ചെമ്മലമറ്റം:** ബിഎസ്എൻഎൽ റിട്ട. ഡിവിഷണൽ എൻജിനീയർ പള്ളിപ്പറമ്പിൽ പി.വി. ജേക്കബ് (പാപ്പച്ചൻ-73) അന്തരിച്ചു. ഭാര്യ കൂട്ടിക്കൽ ഇടത്തിൽ മേരിക്കുട്ടി (റിട്ട. അദ്ധ്യാപിക, ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ ചെമ്മലമറ്റം). മക്കൾ: സ്മിത, ആഷ (ഇരുവരും യുഎസ്). മരുമക്കൾ: ടോണി ജോസ് ഇരയമംഗലം ചങ്ങനാശേരി, ജെന്റിൽ സെബാസ്റ്റ്യൻ മാത്തൻകുന്നേൽ പൂഞ്ഞാർ (ഇരുവരും യുഎസ്).

**തിരുവനന്തപുരം:** മേരി മക്കൾ സന്യാസിനി സമൂഹത്തിന്റെ സെ. മേരീസ് പ്രൊവിൻസ് അംഗമായ സിസ്റ്റർ മേരി എൽസിയ ഡിഎം (81) അന്തരിച്ചു.

## തോമസ് പുതുശ്ശേരിൽ



**ഫ്ളോറിഡ:** തോമസ് പുതുശ്ശേരിൽ (68) താമ്പയിൽ അന്തരിച്ചു. ഭാര്യ മേഴ്സി പടമുഖം നെല്ലിപ്പുഴക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: ജെഫ്റി, ജെസ്റ്റിൻ. മരുമകൾ: സ്മിത മച്ചാനിക്കൽ. സഹോദരങ്ങൾ: ബേബി പുതുശ്ശേരിൽ, ജോണി പുതുശ്ശേരിൽ, ജെസ്സി വള്ളിപറമ്പിൽ, പരേതയായ ശൈലമ്മ ഓണിശ്ശേരിൽ.

**പ്ലാശനാൽ:** മണ്ണാരെട്ടൊന്നിൽ (കുറ്റാരപ്പള്ളിക്കുന്നേൽ) മേരിക്കുട്ടി തോമസ് (73) അന്തരിച്ചു.

**പത്തനാപുരം:** നാടകനടനും ഗായകനും സംഗീത സംവിധായകനുമായ ആലപ്പി ബെന്നി (ബെന്നി ഫെർണാണ്ടസ് -72) അന്തരിച്ചു.

**വടവാതൂർ:** പൂപ്പട പാലയ്ക്കാട്ട് പി.സി. തോമസ് (64) അന്തരിച്ചു.

**ആർപ്പൂക്കര:** കറങ്ങാമറ്റത്തിൽ ലീലാമ്മ മാത്തൻ (70) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** ആലുങ്കൽപ്പറമ്പിൽ മറിയാമ്മ യോഹന്നാൻ (89) അന്തരിച്ചു.

**കാഞ്ഞിരം:** വേളൂർ ഇരവുകേരിൽ പ്രസന്നൻ (46) അന്തരിച്ചു.

**രാമപുരം:** അമനകര ചക്കാംകുന്നേൽ കെ.ജെ. തോമസ് (79) അന്തരിച്ചു.

**കൊഴുവനാൽ:** ചൂരയ്ക്കൽ സി.ടി. മാത്യു (പാപ്പച്ചൻ -72) അന്തരിച്ചു.

**കുമാരനല്ലൂർ:** മേമന പറമ്പിൽ ഗോപാലൻ നായർ (98) അന്തരിച്ചു.

## മറിയാമ്മ ഉലഹന്നാൻ കണിയാലിൽ



**കിടങ്ങൂർ സൗത്ത്:** പുന്നത്തുറ സെ. തോമസ് ക്നാനായ ഇടവകാംഗം കണിയാലിൽ (തെക്കനാട്ട് പീടികയിൽ) പരേതനായ ഉലഹന്നാന്റെ ഭാര്യ മറിയാമ്മ ഉലഹന്നാൻ (100) അന്തരിച്ചു. പരേത കല്ലറ കാരുവള്ളിൽ കുടുംബാംഗമാണ്. മക്കൾ: പരേതനായ തോമസ് കണിയാലിൽ, ഏലിയാമ്മ ചാണ്ടി അരീച്ചിറ (ഡാളസ്), അന്നമ്മ തോമസ് ചിലമ്പത്ത് (ചിക്കാഗോ). മരുമക്കൾ: ഏലിയാമ്മ (പന്തലാമറ്റം കുറുമുള്ളൂർ), ചാണ്ടി അരീച്ചിറ (ഇരവിമംഗലം), പരേതനായ തോമസ് ചിലമ്പത്ത് (കോട്ടയം).

**വളകോട്:** പുളിങ്കട്ട വരിക്കാനിക്കൽ ജോസഫ് മാത്യു (64) അന്തരിച്ചു.

**ചെങ്ങന്നൂർ:** ക്രിസ്ത്യൻ കോളജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവി അങ്ങാടിക്കൽ തെക്ക് വെള്ളൂർ ജ്യോതിയിൽ പ്രഫ. ജോസഫ് ജേക്കബ് (ജെ.ജെ-89) അന്തരിച്ചു.

**ചീരംചിറ:** റിട്ട. ടൗൺ പ്ലാനിങ് ഡിപ്പാർട്മെന്റ് ഉദ്യോഗസ്ഥൻ ചിറത്തലയ്ക്കൽ സി.വി. തോമസ് (തോമാച്ചൻ-83) അന്തരിച്ചു.

**കാഞ്ഞിരമറ്റം:** മാത്തിനാൽ സത്യപ്രഭ (82) അന്തരിച്ചു.

**പാലാ:** പോണാട് ആനിത്തോട്ടത്തിൽ ജോയി ഐസക്ക് (അപ്പച്ചൻ-67) അന്തരിച്ചു.

**തൃക്കൊടിത്താനം:** കടമാഞ്ചിറ പുതുപ്പറമ്പിൽ തോമസ് ദേവസ്യ (കമ്മിറ്റി ബേബിച്ചൻ-87) അന്തരിച്ചു.

**മുക്കൂട്ടുതറ:** മുട്ടപ്പള്ളി കണിയാംപറമ്പിൽ അന്നമ്മ സ്കറിയ (79) അന്തരിച്ചു.

**കൂത്താട്ടുകുളം:** യാക്കോബായ സഭ മൈലാപ്പൂർ ഭദ്രാസന സെക്രട്ടറി കോഴിപ്പള്ളി പെഞ്ചത്തിൽ പുത്തൻപുരയ്ക്കൽ കെ.ജെ. ജോൺ കോറെപ്പിസ്കോപ്പ (81) അന്തരിച്ചു.

**മൂവാറ്റുപുഴ:** എൽഐസി റിട്ട. ഉദ്യോഗസ്ഥൻ മാടശേരിൽ എം.കെ. ഏലിയാസ് (91) അന്തരിച്ചു.

**പൂവത്തോട്:** ചൊവ്വാറ്റുകുന്നേൽ സി.ടി. സെബാസ്റ്റ്യൻ (കുഞ്ഞുദേവസ്യ-96) അന്തരിച്ചു.

**തെക്കേത്തുകവല:** കുന്നത്ത് പ്രമോദിന്റെയും സുജയുടെയും മകൻ ആനന്ദ് പ്രമോദ് (21) അന്തരിച്ചു.

## മാത്യു ജേക്കബ്

**കാക്കനാട്:** തൃക്കാക്കര ഭാരതമാതാ കോളജ് റിട്ട. പ്രഫസർ മൈത്രീപുരം (പാലാ ആനിത്തോട്ടം) മാത്യു ജേക്കബ് (68) അന്തരിച്ചു. ഭാര്യ ബെറ്റി ജോസഫ് (റിട്ട. വൈസ് പ്രിൻസിപ്പൽ സെ. തെരേസാസ് കോളജ്) മകൻ: ജേക്കബ് മാത്യു (യുഎസ്).

**അടൂർ:** പീടികയിൽ പരേതനായ പി.വി. ജോർജിന്റെ ഭാര്യ ആലീസ് ജോർജ് (93) അന്തരിച്ചു.

**തോട്ടയ്ക്കാട്:** പുതുപ്പറമ്പിൽ റെജിസൺ വർഗീസ് (റെജി-58) അന്തരിച്ചു.

**ആർപ്പൂക്കര:** ചങ്ങനാശേരി ഹോളി ക്വീൻസ് പ്രോവിൻസിലെ വില്ലൂന്നി സെ. ജോൺ ഓഫ് ദി ക്രോസ് മഠാംഗം സിസ്റ്റർ ഏവുപ്രസീന (മറിയാമ്മ-88) അന്തരിച്ചു.

**പാദുവ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ പാലാ അൽഫോൻസാ പ്രോവിൻസിലെ പാദുവ സെ. മേരീസ് മഠത്തിലെ സിസ്റ്റർ ഫ്ളോറാ ചൂരക്കാട്ട് (ചിന്നമ്മ-97) അന്തരിച്ചു.

## തങ്കമ്മ യോഹന്നാൻ



**കുണ്ടറ:** ആറുമുറിക്കട തൃപ്പിലഴികം ആലുവിള വീട്ടിൽ (എട്ടുവീട്ടിൽ) പരേതനായ തര്യൻ യോഹന്നാന്റെ ഭാര്യ തങ്കമ്മ യോഹന്നാൻ (85) അന്തരിച്ചു. മക്കൾ: ലീലാമ്മ സണ്ണി, അലക്സ് യോഹന്നാൻ (യുഎസ്), ജോൺസൺ യോഹന്നാൻ, ലിസിമോൾ (ഡൽഹി). മരുമക്കൾ: സണ്ണി തര്യൻ, ജെസ്സി അലക്സ് (യുഎസ്), സിനി ജോൺസൺ, വർഗീസ് തരകൻ (ദോഹ).

**കിടങ്ങൂർ സൗത്ത്:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് റിട്ട. അദ്ധ്യാപകൻ വൈക്കത്തുശേരിൽ (തറപ്പേൽ) വി.ആർ. സുകുമാരൻ (79) അന്തരിച്ചു.

**ചളിക്കവട്ടം:** കുറ്റൻപറമ്പിൽ റിട്ട. ലഫ്റ്റനന്റ് തോമസ് ജോൺ (86) അന്തരിച്ചു.

**ചിങ്ങവനം:** കേളംകവല കുന്നുതറയിൽ മറിയാമ്മ (തങ്കമ്മ-85) അന്തരിച്ചു.

**കോട്ടയം:** കഞ്ഞിക്കുഴി താഴേതിൽ ടി.സി. കോശി (കുഞ്ഞുമോൻ-92) അന്തരിച്ചു.

**വണ്ടിപ്പെരിയാർ:** വള്ളക്കടവ് തുണ്ടിയിൽ മറിയാമ്മ തോമസ് (കുട്ടിയമ്മ-77) അന്തരിച്ചു.

**മുട്ടുചിറ:** കിഴമുറി ഒടമ്പാടത്ത് ഐപ്പ് ചെറിയാൻ (കുഞ്ഞുമോൻ-62) അന്തരിച്ചു.

## ചാച്ചിമ്മ

**ജിയോവാലി:** എലിവാലി മേരിലാൻഡ് അറയ്ക്കൽകദളിയിൽ ചാച്ചിമ്മ(85) അന്തരിച്ചു. ചേന്നാട് പുത്തൂർ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസുക്കുട്ടി. മക്കൾ: അഗസ്റ്റിൻ ജോസ് (ദുബായ്),ജെസി, ജിസി, സിസ്റ്റർ റെജി ജോസ് (സെക്കന്തരാബാദ്), സിബി ജോസ്, ബിനോയ് ജോസ് (യുഎസ്). മരുമക്കൾ: സുമ മാത്യു തുരുത്തി കാവിത്താഴെ (ദുബായ്), കങ്കച്ചൻ പുള്ളിക്കാട്ടിൽ (കൊടുമ്പിടി), ബോബൻ കുര്യന്താനം (ബൽത്തങ്ങാടി), റീനാ ബിനോയ് കെറ്റം (കോതമംഗലം).

**കൊച്ചി:** പ്രമുഖ ഓർത്തോപീഡിക് സർജനും ലേക്ഷോർ ഓർത്തോപീഡിക് ട്രോമാറ്റോളജി ആക്സിഡന്റ് എമർജൻസി വിഭാഗം മേധാവിയുമായിരുന്ന ഡോ. ലാസർ ജെ. ചാണ്ടി (72) അന്തരിച്ചു.

**പാമ്പാടി വെള്ളൂർ:** തേമ്പള്ളിൽ കുടുംബാംഗം വെള്ളൂർ വടക്കേക്കര കല്ലോലിക്കൽ കെ.എസ്. കുര്യാക്കോസ് (കുഞ്ഞൂഞ്ഞച്ചൻ-76) അന്തരിച്ചു.

**കെ.എസ്.പുരം:** ഇലഞ്ഞിക്കുഴിയിൽ ഇ.ജെ. തോമസ് (79) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** ഹാൻഡ്മെയ്ഡ്സ് ഓഫ് മേരി സഭാംഗം സിസ്റ്റർ സെയിൽസ് (പെണ്ണമ്മ-88) അന്തരിച്ചു.

**പൂവന്തുരുത്ത്:** ട്രാവൻകൂർ സിമന്റ്സ് റിട്ട. ഉദ്യോഗസ്ഥൻ കൊച്ചുപറമ്പിൽ കെ.പി. മാത്യു (അച്ചൻകുഞ്ഞ്-65) അന്തരിച്ചു.

**വാകത്താനം:** കൈതയിൽ ശോശാമ്മ കോര (കുഞ്ഞമ്മ-82) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** ആനക്കല്ല് മടുക്കക്കുഴി ജോസ് ആന്റണി (59) അന്തരിച്ചു.

**പാലാ:** വലിയ തെക്കുംതല പി.എൻ. ലീല (84) അന്തരിച്ചു.

**രാമപുരം:** മുണ്ടയ്ക്കൽ എലിസബത്ത് (88) അന്തരിച്ചു.

**മുടിയൂർക്കര:** അടിച്ചിറ കോശാക്കൽ മാത്യു ജോസഫ് (65) അന്തരിച്ചു.

**ചങ്ങനാശേരി:** പെരുന്ന വാളംപറമ്പിൽ പി.എ. ജയലക്ഷ്മി (49) അന്തരിച്ചു.

**ഏനാച്ചിറ:** റിട്ട. ലൈറ്റ് ഹൗസ് ഓഫീസർ നടുവിലേഴം പി.സി. വർഗീസ് (കുഞ്ഞൂഞ്ഞ്-83) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** കന്നുവെട്ടിയിൽ റേയ്ച്ചൽ ഏബ്രഹാം (കുഞ്ഞൂഞ്ഞമ്മ-86) അന്തരിച്ചു.

**പമ്പാവാലി:** എയ്ഞ്ചൽവാലി കുറ്റിയാനിക്കൽ അന്നമ്മ യോഹന്നാൻ (98) അന്തരിച്ചു.

**മേമ്മുറി:** മഞ്ഞപ്രയിൽ (പടിഞ്ഞാറെ പുളിനിൽക്കും കാലായിൽ) പ്രിയ ചെറിയാൻ (43) അന്തരിച്ചു.

**ചെന്നൈ:** പ്രമുഖ തമിഴ് ഹാസ്യനടൻ ബോണ്ട മണി (60) അന്തരിച്ചു.

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ:**

**(630) 205-5078**

## CAREGIVER WANTED IN SAN JOSE, CA.

A Malayalee family is looking for a live-in (preferred) nanny for their kids.

**Please contact**

**+1 281-386-7472**

## BABYSITTER NEEDED IN CHICAGO (UPTOWN)

Babysitter needed 3-4 days a week starting December 2023 for 6 month old in the north side of Chicago (Uptown).

**Please call**

**708-250-4845**

**for more information**

### ഉപകാരസ്മരണ



*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



*Inserted by: Firm Believer, Chicago*

**Visit Our Website:** **www.keralaexpress.com for Classified Advt.**

## NANNY WANTED IN CHICAGO AREA

Looking for a Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.

**If interested,**

**please TEXT 630-465-1059**

**We offer competitive pay.**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവായ ദൈവമേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എനിക്കുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. (കാര്യം പറയുക)

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

*Inserted by: Firm Believer, New York*

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവായ ദൈവമേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എനിക്കുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. (കാര്യം പറയുക)

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. മല്ലികച്ചിറ്റയുടെ വീട്ടിലെത്തിയ സന്ദീപും കൂട്ടരും വന്ന കാർ ഹേമചന്ദ്രൻ കൊണ്ടുവന്ന ഗുണ്ടകൾ അടിച്ച് തകർത്തു. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലം എല്ലാറ്റിനും ഹേമചന്ദ്രൻ പരിഹാരം ചെയ്യേണ്ടി വരുന്നു. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഹേമചന്ദ്രന്റെ കാർ മോഷ്ടിച്ചുവെന്നാരോപിച്ച് മടക്കയാത്രയിൽ പോലീസ് അവരെ കസ്റ്റഡിയിലെടുത്തെങ്കിലും വിട്ടയയ്ക്കേണ്ടി വരുന്നു. തന്നെ കാണാനെത്തിയ സഹോദരൻ ഭാസ്കരമേനോനോട്, തന്റെ മകൾ മാളവിക എവിടെയുണ്ടെന്ന് മല്ലിക കർശനമായി ചോദിക്കുന്നു...**

## 77

ഉണ്ണി തന്റെ ഉണ്ടക്കണ്ണുകൾ ഇമവെട്ടാതെ തുറന്നു പിടിച്ച്, വായും അൽപം തുറന്ന് തന്റെ നേർക്കുതന്നെ തുറിച്ചു നോക്കുന്നതു കണ്ട് ഭാസ്കരമേനോൻ ലാഘവത്തോടെ പറഞ്ഞു:

"അവന്റെ നോട്ടം കണ്ടോ? അവനെ ബാധിക്കുന്ന എന്തോ വല്യ കാര്യം കേൾക്കാൻ നിൽക്കുന്നപോലെ, അവനെന്തെങ്കിലും മനസ്സിലായിട്ടാണോ?"

"അവനു ചിലതൊക്കെ മനസ്സിലാകും ഭാസിയമ്മാമേ..." ഉണ്ണിമായ പറഞ്ഞു. "ബുദ്ധീം സാമർഥ്യോം ഉള്ളവർക്കുകൂടി മനസ്സിലാകാത്ത ചില കാര്യങ്ങൾ അവനു മനസ്സിലാക്കാൻ പറ്റും."

ഭാസ്കരമേനോനോട് സ്ത്രീകളാരും അങ്ങനെ നേരിൽ സംസാരിക്കുന്ന ശീലം പണ്ടുമുതലേ ഇല്ലാത്തതാണ്. ഭാസ്കരമേനോന്റെ സഹോദരിമാർ പോലും അത്യാവശ്യ കാര്യങ്ങൾക്കുമാത്രമേ രണ്ടോ നാലോ വാക്ക് സംസാരിക്കുമായിരുന്നുള്ളൂ. ബഹുമാനക്കൂടുതൽ കൊണ്ടായിരുന്നു അത്. തറവാട്ടിലെ ഗവർണർ സ്ഥാനമായിരുന്നു ഭാസ്കരമേനോന്. തറവാടിന്റെ പൊതുവായ ഒരു പ്രശ്നത്തിൽ, ഭൂരിപക്ഷ തീരുമാനം അനുസരിച്ചു നയപ്രഖ്യാപനം നടത്തുകയോ എല്ലാവരും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടുന്ന ഒരുത്തരവിൽ ഒപ്പുവെക്കുകയോ ചെയ്യാൻ ഉത്തരവാദപ്പെട്ട ആളെന്നപോലുള്ള ഒരു ബഹുമാനവും അനുസരണയും വിധേയത്വവും തറവാട്ടിൽ എല്ലാവർക്കും ഭാസ്കരമേനോനോട് ഉണ്ടായിരുന്നു.

ഉണ്ണിമായ ഇടയ്ക്കു കയറിപ്പറഞ്ഞത് ഒരു കല്ലുകടിയുടെ തോന്നൽ കുടുംബാന്തരീക്ഷത്തിൽ ഉണ്ടാക്കി. അതു തിരിച്ചറിഞ്ഞെങ്കിലും അവൾ പിൻമാറാൻ കൂട്ടാക്കിയില്ല.

"ഇവിടെ ആ പെൺകുട്ടി വന്നപ്പോ ഉണ്ണി ചെന്ന് അവളെ കൂട്ടിക്കൊണ്ടു നേരെ അമ്മയുടെ മുറിയിലേക്കു പോയി. ആരും ഒന്നും പറഞ്ഞിട്ടല്ല. ഉണ്ണിക്കു തോന്നി അവൾ ഇവിടുത്തെ ആരോ ആണെന്ന്. ഇവിടെത്രപേര് വരികേം പോവുകേം ചെയ്യുന്നു. ഇന്നേവരെ അവനിങ്ങനെ ചെയ്തിട്ടില്ല- മറ്റാരോടും..."

"അവന്റെ മനസ്സിലെന്താണെന്ന് നമുക്കറിയില്ലല്ലോ. അവനു കല്യാണം കഴിക്കാൻ ഇഷ്ടം തോന്നിയ പെണ്ണിനെ കൂട്ടിക്കൊണ്ടുപോയി മല്ലികയ്ക്കു കാട്ടിക്കൊടുത്തതായിരിക്കും. പൊട്ടനാണെങ്കിലും അവനൊരാണല്ലേ. പ്രായോം ഒണ്ടല്ലോ."

ഭാസ്കരമേനോന്റെ പരിഹാസം പുരണ്ട മറുപടിയിൽ ഉണ്ണിമായയുടെ മുഖം ചുവന്നു.

"ഉണ്ണീടെ കല്യാണക്കാര്യമാണല്ലോ- ഇപ്പോ അമ്മാമ ചോദിച്ചത്. മാളൂന്റെ മോള് അവന്റെ മുറപ്പെണ്ണായിട്ട് വരൂല്ലോ. പറ്റുംന്നുണ്ടെങ്കി എല്ലാവരുംകൂടെ ആലോചിച്ചു നടത്തിത്തരിക. ഭാസിയമ്മാമയാണല്ലോ വല്യേട്ടൻ."

ഭാസ്കരമേനോൻ മുഖത്തടിയേറ്റ കണക്കെ നിന്നു.

"മായേ നിർത്ത്. നീ സംസാരിക്കണ്ട." ഹരീന്ദ്രൻ ശാസിച്ചു.

"എന്താ സംസാരിച്ചാൽ? സ്ത്രീകൾക്കു സംസാരിക്കാൻ നാവും വാക്കും ഉള്ള തറവാട്ടിലാ ഞാൻ ജനിച്ചത്. അതുകൊണ്ടാണ് നിങ്ങൾക്കെന്നെ കിട്ടിയതും കെട്ടി ഈ കുടുംബത്തിൽ കൊണ്ടുവരാൻ പറ്റിയതും. ദുരഭിമാനംകൊണ്ടും സ്വത്തിനു കണ്ണുവെച്ചും കൊന്നു തള്ളുന്ന കൂട്ടരായിരുന്നു എന്റെ വീട്ടുകാരെങ്കിൽ ഇന്നു നിങ്ങളും ജീവനോടെ കാണില്ല. ഞാനുംണ്ടാവില്ല..."

ഉണ്ണിമായ പറഞ്ഞു നിർത്തിയ ശേഷമുണ്ടായ നിശ്ശബ്ദത വാചാലവും അർഥപൂർണവുമായിരുന്നു. ഭാസ്കരമേനോന് ഒരിക്കലും സ്ത്രീകളോട് ഇടയേണ്ടി വന്നിട്ടില്ല. അയാളുടെ ജീവിതം ആ മട്ടിലല്ല സംവിധാനം ചെയ്യപ്പെട്ടിരുന്നത്. ഇത് ആദ്യമായിട്ടാണ് ഒരു എതിർ സ്വരം. സിംഹത്തെപ്പോലെ ജീവിച്ചിട്ട് വാർധക്യത്തിൽ ഒരടി കിട്ടിയതുപോലായി അയാൾ. ഇവളെ നിലയ്ക്കു നിർത്താൻ ഇവിടാരുമില്ലേ എന്ന മട്ടിൽ അയാൾ ജഗന്നാഥക്കുറുപ്പിനെയും ഹരീന്ദ്രനെയും ഒടുവിൽ മല്ലികയെയും നോക്കി.

ഉണ്ണിമായ ഇനിയൊരക്ഷരം മിണ്ടാതെ ഉണ്ണിയെ ചേർത്തു പിടിച്ച് ഹാളിൽനിന്നു പിൻവാങ്ങിയതോടെ പിരിമുറുക്കത്തിന് ഒരയവു വന്നു.

"അഹങ്കാരം!"

ഭാസ്കരമേനോൻ നിസ്സഹായത പ്രകടിപ്പിച്ചു.

"അവനവന്റെ നിലയ്ക്കും വിലയ്ക്കും മീതെ നിൽക്കുന്നിടത്തുന്ന് ബന്ധം പിടിച്ചാൽ ഇതിലും വലുത് സഹിക്കേണ്ടി വരും."

അനുകൂലമായോ പ്രതികൂലമായോ ഒന്നും പറയാതിരിക്കുന്നതാണു ഭംഗിയെന്ന് എല്ലാവരും വിചാരിച്ചു.

"ഭാസിയേട്ടൻ എനിക്കൊരു മറുപടി തന്നില്ലല്ലോ? ഞാനൊരിക്കലും ഏട്ടനോട് മറുത്തു പറഞ്ഞിട്ടില്ല. ഒന്നും ചോദിച്ചിട്ടു കൂടിയില്ല."

മല്ലികയുടെ ചോദ്യം വിഷയം മാറ്റി.

"നിന്നെ ആരാണു തെറ്റിദ്ധരിപ്പിച്ചതെന്ന് എനിക്കറിഞ്ഞൂടാ. നിന്റെ ഭർത്താവും മകനും പറഞ്ഞാൽ നിനക്കു വിശ്വാസമില്ലെങ്കി പിന്നെ ഞാൻ പറഞ്ഞാ വിശ്വാസം വരുവോ? നീ ബാലകൃഷ്ണനോട് ചോദിച്ചില്ലേ?"

"അവര് പറയണതൊന്നും എനിക്ക് കേക്കണ്ട. ഭാസിയേട്ടനാ പോണ്ടിച്ചേരീൽ താമസിക്കണതും അവിടെ വീടും ചുറ്റുപാടുകളും ഒള്ളതും. മാളുവിനെ ഭാസിയേട്ടന്റെ വീട്ടിൽ കൊണ്ടുവന്നിട്ടുണ്ടാരുന്നോ എന്ന് അറിഞ്ഞാ മതി എനിക്ക്."

"എന്റെ വീട്ടിൽ മാളുവിനെ കൊണ്ടുവന്നിട്ടില്ല."

"അവിടെ എവിടെയെങ്കിലുംവെച്ച് ഭാസിയേട്ടൻ മാളുവിനെ കണ്ടിട്ടുണ്ടോ?"

"എന്റെ വീട്ടിലെന്നല്ല, പോണ്ടിച്ചേരീൽ എവിടെവെച്ചും നിന്റെ മകളെ കണ്ടതായിട്ട് ഞാനോർക്കുന്നില്ല."

"ജയദേവന്റെ മകൻ ഇവിടെവന്നു പറഞ്ഞല്ലോ – മാളു പോണ്ടിച്ചേരീലെ ഒരാശുപത്രീൽവെച്ച് പ്രസവിച്ചെന്ന്. അതിന്റെ തീയതീം അവൻ പറഞ്ഞു."

"അതു ശരിയാണോ തെറ്റാണോ എന്നു പറയാൻ ഞാനാളല്ല. അതൊക്കെ അവനോടുതന്നെ ചോദിക്കണം."

ഭാസ്കരമേനോൻ തർക്കിച്ചു.

"അന്നേ ദിവസം തങ്കം പ്രസവിച്ചതായിട്ടാ ആശുപത്രീലെ കടലാസെന്നും അവൻ പറഞ്ഞു."

"അവന് ഭ്രാന്താണ്. തങ്കം പ്രസവിച്ചത് ജിഗ്മർ ഹോസ്പിറ്റലിലാണ്. അവൾ പ്രസവിച്ച കുട്ടി ഇപ്പോഴും ഞങ്ങൾടെ വീട്ടിലൊണ്ട്..."

"ഇവിടെ വന്ന പെൺകുട്ടിയെ കണ്ടപ്പോ എനിക്കും തോന്നി അതു ചെലപ്പോ മാളുവിന്റെ മോളായിരിക്കുംന്ന്. അല്ലെങ്കി അവളെന്തിന് ഇവിടെ വരണം. എന്തിനാ എന്നെ കാണണത്?"

മല്ലിക വേവലാതിപൂണ്ട് സഹോദരനെ ഉറ്റുനോക്കി.

"ഇവിടെ നിന്നെക്കാണാൻ വന്നത് മാളൂന്റെ മകളാണോ അല്ലയോ എന്നൊന്നും എനിക്കറിയില്ല. അഥവാ, ആണെന്നുതന്നെ ഇരിക്കട്ടെ. ഇതിലെന്താണിത്ര ചോദിക്കാനും പറയാനും ഉള്ളത്?"

"അതു ശരിയാണെങ്കി മാളു പോണ്ടിച്ചേരിയിൽവെച്ച് പ്രസവിച്ചൂന്നു പറയണതും ശരിയല്ലേ."

"അതും ചെലപ്പോ ശരിയായിരിക്കും?"

"മാളു പ്രസവിച്ച കുഞ്ഞിനെ തെരുവിൽ ഉപേക്ഷിച്ചെന്നു പറയുന്നതോ?"

"അതും ശരിയായിരിക്കാം..."

"ഭാസിയേട്ടൻ തന്നെയല്ലേ പറഞ്ഞത് മാളുവിനെ പോണ്ടിച്ചേരിയിൽവെച്ച് കണ്ടിട്ടേയില്ലെന്ന്."

"മാളു പോണ്ടിച്ചേരിയിലെ ഏതെങ്കിലും ഹോസ്പിറ്റലിൽവെച്ച് പ്രസവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം എങ്ങനെ എന്റെ തലയിൽ വരും മല്ലികേ? അവളെ അവൾടെ ഹസ്ബെൻഡും ബന്ധുക്കളുംകൂടി പോണ്ടിച്ചേരിയിൽ കൊണ്ടുവന്നിരിക്കാം. അല്ലെങ്കിൽ പോണ്ടിച്ചേരിയിൽ അവർക്ക് ജോലിയും താമസസൗകര്യവും ഉണ്ടായിരുന്നിരിക്കാം. അല്ലെങ്കിൽ ബന്ധുക്കളാരെങ്കിലും അവിടെ താമസിക്കുന്നുണ്ടായിരിക്കാം. ഇതൊന്നുമല്ലെങ്കിൽ അവളെ വല്ല തമിഴനും വിറ്റുകളഞ്ഞിരിക്കാം. അവളെ വാങ്ങിയവൻ പോണ്ടിച്ചേരിയിൽ കൊണ്ടുവന്നു താമസിപ്പിച്ചിരിക്കാം. അവൾ ഗർഭിണിയായെങ്കിൽ പോണ്ടിച്ചേരിയിൽ എന്നല്ല, ലോകത്തെവിടെ ആയിരുന്നാലും പ്രസവിച്ചല്ലേ പറ്റൂ. അതിനിടയ്ക്ക് എന്നെയെന്തിനു പിടിച്ചിടുന്നു. അതാണെന്റെ ചോദ്യം?"

ഭാസ്കരമേനോൻ തന്റെ നിലപാട് ഉറപ്പിച്ചു.

"ഭാസിയേട്ടനും മധുവും തങ്കവുമൊക്കെ മാളുവിന്റെ കാര്യത്തിൽ ഇടപെട്ടിട്ടുണ്ടെന്നാ ജയദേവന്റെ മോൻ പറഞ്ഞത്."

"അവനു വട്ടാണ്. അവൻ വെറുതെ പറഞ്ഞാ മതിയോ? എന്തെങ്കിലും തെളിവു വേണ്ടേ? ഞാനോ മധുവോ തങ്കമോ ഇതിൽ ഇൻവോൾവ്ഡാണെന്നു പ്രൂവ് ചെയ്യാൻ അവനെക്കൊണ്ടു സാധിക്കോ? മാളുവിനെ ആര് പോണ്ടിച്ചേരിക്കു കൊണ്ടുവന്നു? അതിന് എന്തെങ്കിലും തെളിവ് ഉണ്ടോ?"

"ഇവിടുള്ളവരായിരിക്കും. എന്റെ ഭർത്താവും എന്റെ മകനും. സന്ദു പറഞ്ഞതു കേട്ടിട്ട് എനിക്കു മനസ്സിലായത് ബാലേട്ടനും ഹേമചന്ദ്രനും അതിൽ പങ്കൊണ്ടെന്നാണ്..."

"അവൻ പറഞ്ഞതല്ലേ തെളിയിക്കട്ടെ. ഇവിടെ അവൻ കൂട്ടി

കൊണ്ടുവന്ന പെൺകുട്ടി മാളുവിന്റെ മകളാണെന്ന് അവനു തെളിയിക്കാൻ പറ്റ്വോ? ആദ്യം അതു തെളിയിക്കട്ടെ."

"അത് നിഷ്പ്രയാസം സാധിക്കുമെന്നാ അവൻ പറഞ്ഞത്. മെറ്റേണൽ ഡി.എൻ.എ. ടെസ്റ്റ് ചെയ്താ മതിയെന്ന്."

"ആയ്ക്കോട്ടെ. അവനങ്ങനെ തെളിയിക്കട്ടെ. എന്നിട്ട് എന്തു ചെയ്യാനാണ് നിന്റെ ഉദ്ദേശ്യം? അവൾ മാളുവിന്റെ മകളാണ്. അത് ബോധ്യപ്പെട്ടു കഴിഞ്ഞൂന്നിരിക്കട്ടെ... അവളെ ദത്തെടുക്കാൻ നിനക്ക് ഉദ്ദേശ്യമുണ്ടോ?"

"ഞാൻ ഒന്നും ഉദ്ദേശിച്ചിട്ടില്ല."

"അവൾക്ക് കൊടുക്കാൻവേണ്ടി എന്തെങ്കിലും നീ കരുതിവെച്ചിട്ടുണ്ടോ? ഇനി അഥവാ ഉണ്ടെങ്കിത്തന്നെ നിന്റെ ഭർത്താവിനും മകനും മനസ്സില്ലാതെ, അവരുടെ സമ്മതമില്ലാതെ എന്തെങ്കിലും ചെയ്യാൻ നിനക്ക് സാധിക്ക്വോ? അവരെ എതിർത്തോണ്ട് അവളെ ഈ വീട്ടിൽ കയറ്റാൻ നിനക്ക് പറ്റ്വോ?"

ഭാസ്കരമേനോന്റെ ചോദ്യങ്ങൾക്കു മുന്നിൽ ഭഗ്നാശയായിപ്പോയി മല്ലിക. താൻ ആരോടാണ് പൊരുതേണ്ടത്? എന്തിനു വേണ്ടിയാണ്? പ്രതിസ്ഥാനത്തു നിൽക്കേണ്ടി വരുന്നത് ആരൊക്കെയാണ്. അല്ലെങ്കിൽത്തന്നെ ആ പെൺകുട്ടിക്കു വേണ്ടി തനിക്ക് എന്തു ചെയ്യാൻ സാധിക്കും? ഭയാശങ്കകൾ നിറഞ്ഞതും നിസ്സഹായവുമായ വാർധക്യത്തിന്റെ മരണശയ്യയിൽ, ഇനി എണ്ണിത്തീർക്കാൻ ദിനരാത്രങ്ങൾ അധികമൊന്നുമില്ലാത്ത താൻ.

"ചെലപ്പോ എന്തെങ്കിലും അവകാശം പിടിച്ചു പറ്റാൻ വേണ്ടിയായിരിക്കും ഇങ്ങനത്തെ കഥകളുമായിട്ട് വരുന്നത്. ഇനിയീ വയസ്സുകാലത്ത് മാളുവിന് ഒന്നും കൊടുക്കാൻ പറ്റിയില്ലല്ലോ എന്നൊരു കുറ്റബോധം നിനക്കൊണ്ടെങ്കി ഇങ്ങോട്ടു വിളിച്ചു വരുത്തി കൊടുക്കണ്ട. അങ്ങോട്ട് എത്തിച്ചു കൊടുത്താ മതി. പുകഞ്ഞ കൊള്ളി ഇത്രയും കാലവും പുറത്തുതന്നെ ആയിരുന്നല്ലോ. ഇവിടുന്നാരും അങ്ങോട്ട് അന്വേഷിച്ചു പോയിട്ടില്ല. അവിടുന്നാരും ഇങ്ങോട്ടും തെരക്കി വന്നിട്ടില്ല. മാളു അവൾടെ ഭർത്താവും കുടുംബോം ആയിട്ട് ഇത്രകാലം ജീവിച്ചപോലെതന്നെ ഇനീം ജീവിച്ചു പോട്ടെ. അവൾക്ക് ചെലപ്പോ ആ പെൺകുട്ടി മാത്രമല്ല, വേറേം മക്കളൊണ്ടായിരിക്കും. നമ്മളതൊന്നും അന്വേഷിക്ക്വോ അറിയ്യോ ചെയ്യേണ്ട കാര്യമില്ല. അവരെ ഇങ്ങോട്ട് അടുപ്പിക്കാൻ ഇവിടാർക്കും യാതൊരു താൽപര്യോം ഇല്ല. ഈ അവസാന കാലത്ത് നിനക്കെന്തെങ്കിലും മനപ്രയാസം തോന്നുന്നൊണ്ടെങ്കി എന്താ കൊടുക്കണ്ടെതെന്നുവെച്ചാ നിങ്ങളെല്ലാരുംകൂടി ആലോചിച്ച് കൊടുത്തേക്ക്. കല്യാണപ്രായമായ പെണ്ണല്ലേ. ഒരു സഹായം നമ്മള് ചെയ്തില്ലെന്നു വരണ്ട."

ഭാസ്കരമേനോൻ പറഞ്ഞു നിർത്തി.

ആ പറഞ്ഞതാണു ശരിയെന്നു മല്ലികയ്ക്കുപോലും തോന്നിപ്പോയി. ഇവിടെ വന്ന പെൺകുട്ടി മാളുവിന്റെ മകളാണെന്നു സ്ഥാപിച്ചെടുത്തിട്ട് എന്തു ചെയ്യാനാണ്. ഈ കുടുംബത്തിൽ അവൾ സ്വീകാര്യയല്ലതന്നെ. മാളുവിനെപോലും പിന്നീട് ഈ വീട്ടിൽ കയറ്റിയിട്ടില്ല.

പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ല. എന്തെങ്കിലും സഹായം വേണമെങ്കിൽ നൽകാമെന്നല്ലാതെ വേറേ എന്തെങ്കിലുമുണ്ടോ? തന്റെ ഞരമ്പുകൾ തണുക്കുകയാണെന്നു മല്ലികയ്ക്കു തോന്നി. ചോരയിൽ നുരഞ്ഞുകൊണ്ടിരുന്ന അമർഷം അടങ്ങുന്നു.

"അങ്കിളൊക്കെ നാളെ തിരിച്ചു പോകുവോ? അതോ, രണ്ടു ദിവസം ഇവിടുണ്ടാവ്വോ?"

ഹരീന്ദ്രൻ വിഷയം മാറ്റാനായി ചോദിച്ചു.

"നാളെയില്ല. മറ്റന്നാൾ." മധുചന്ദ്രൻ പറഞ്ഞു.

"തങ്കം എന്താ മക്കളെ കൂട്ടിക്കൊണ്ടു വരാതിരുന്നെ?"

മല്ലിക ചോദിച്ചു.

"ബാലഭാസ്കറിനു ജോലിക്കു പോണം. വീണ ചെന്നൈയിലാ പഠിക്കണത്. ഗ്രീഷ്മയ്ക്കും ക്ലാസുണ്ട്." തങ്കം പറഞ്ഞു.



മല്ലിക തങ്കത്തിന്റെ മക്കളെപ്പറ്റി വിശദമായി ചോദിച്ചു തുടങ്ങിയപ്പോൾ ഭാസ്കരമേനോനും ജഗന്നാഥക്കുറുപ്പും ഹരീന്ദ്രനുംകൂടി ലിവിങ് റൂമിലേക്കു മാറി ഒത്തുകൂടി.

"ഞാൻ കറക്ടായിട്ട് കാര്യങ്ങൾ പറഞ്ഞില്ലേ?"

ഭാസ്കരമേനോൻ കുറുപ്പിന്റെയും മകന്റെയും പ്രശംസ ആഗ്രഹിച്ചു ചോദിച്ചു.

"കൃത്യമായിരുന്നു." ഹരീന്ദ്രൻ പറഞ്ഞു:

"അമ്മയ്ക്കു തൃപ്തിയായി. ഇനി എന്തെങ്കിലും സംശയം ഒണ്ടെങ്കിത്തന്നെ അമ്മ ചോദിക്കുന്നില്ലെന്നു വെച്ചു."

"ഹരീ... കാര്യങ്ങൾ വ്യക്തമായിട്ട് പഠിച്ച്, കൃത്യതയോടെ പറയണം. ലൂപ്ഹോൾസ് ഉണ്ടാകരുത്."

ഭാസ്കരമേനോൻ സംതൃപ്തിയോടെ പറഞ്ഞു.

വീടിന്റെ മുൻഭാഗത്തുനിന്നു വാഹനത്തിന്റെ ഇരമ്പൽ കേട്ട് ഹരീന്ദ്രൻ എഴുന്നേറ്റ് ജനൽ കർട്ടൻ വകഞ്ഞു മാറ്റി നോക്കി.

"ആരാ?" ജഗന്നാഥക്കുറുപ്പ് ചോദിച്ചു.

"പോലീസ് വന്നിരിക്കുന്നു."

ഹരീന്ദ്രന്റെ നെറ്റി ചുളിഞ്ഞു.

"ഏതു പോലീസ്?" ജഗന്നാഥക്കുറുപ്പ് തിരക്കി.

"മണിമല പോലീസാണ്... അച്ഛനും ഭാസിയമ്മാമേം ഇവിടിരുന്നോ. ഞാൻ ചെന്നു ചോദിക്കട്ടെ. എന്തെങ്കിലും കാര്യം കാണും."

ഹരീന്ദ്രൻ മുറിവിട്ടിറങ്ങിപ്പോയി.

"എന്തൊക്കെപ്പറഞ്ഞാലും ഒരു സമാധാനമില്ല ഭാസിയേട്ടാ. പോലീസൊന്നും ഇവിടെ വരാറില്ലാത്തതാ. ആ ഹേമചന്ദ്രനൊണ്ടല്ലോ അവന് നെഗളിപ്പ് കൂടുതലാ. ഈയിടെത്തന്നെ പ്രശ്നം ഇത്രേം വഷളാക്കിയത് അവന്റെ അഹങ്കാരം കാരണമാ..."

"അഞ്ജന കേൾക്കണ്ട. അവൾടെ ഹസ്ബെൻഡിന്റെ കുറ്റം."

"അവൾക്കറിയാം. അവളും കുറെ സഹിക്കുന്നുണ്ട്."

"ഉം ഞാൻ തിരിച്ചു പോകുന്നതിനു മുൻപ് ബാലകൃഷ്ണനോടും ഹേമചന്ദ്രനോടും സംസാരിക്കുന്നുണ്ട്. കുറച്ച് സൂക്ഷിക്കണംന്നു പറയാം."

"കുറച്ചല്ല കൂടുതൽ സൂക്ഷിക്കണം." ജഗന്നാഥക്കുറുപ്പ് പിറുപിറുത്തു.

ഹരീന്ദ്രൻ സിറ്റൗട്ടിലേക്കു ചെന്നപ്പോൾ എസ്.ഐ. ജെയിംസ് കുര്യൻ ജീപ്പിൽനിന്നിറങ്ങി വരുന്നുണ്ടായിരുന്നു. ജീപ്പ് മുറ്റത്തിന്റെ കോണിലേക്ക് ഒതുക്കിയിട്ടിരിക്കുന്നത് ഹരീന്ദ്രനെ സംശയാലുവാക്കി - ഉടനെ തിരിച്ചു പോകാനുദ്ദേശ്യമില്ല.

"ഗുഡ്‌ഈവനിങ് സാർ." ഹരീന്ദ്രൻ അഭിവാദ്യം ചെയ്തു.

"ആ - ഗുഡ്‌ഈവനിങ്." ജെയിംസ് കുര്യൻ പ്രതിവചിച്ചു.

"സാറെന്താ, അന്നത്തെ അടിപിടീടെ അന്വേഷണത്തിലാണോ?"

"അല്ല ഹരീന്ദ്രാ... ആ മറ്റവൻ വരുന്നൊണ്ട്. അവനിവിടെ കുഴപ്പമൊന്നും ഉണ്ടാകാതെ നോക്കണം."

"ആര് വരുന്നൊണ്ടെന്നാ?"

"ആ പത്രക്കാരനില്ലേ നിങ്ങടെ ബന്ധു."

"സന്ദീപോ അവൻ ബന്ധുവല്ല, ശത്രുവാ..."

"ബന്ധുക്കളാണല്ലോ പലേടത്തും ശത്രുക്കൾ."

"അവനെന്തിനാ വരുന്നെ?"

"ആർക്കറിയാം- എസ്.പി. ഓഫീസിൽ നിന്നു വിളിച്ചു പറഞ്ഞു. അവൻ വരുമ്പോ പ്രശ്നങ്ങളൊന്നും ഉണ്ടാകാതെ നോക്കണമെന്ന്."

"വരുന്നപാടെ അവനിട്ടു രണ്ടെണ്ണം പൊട്ടിച്ചാൽ നിങ്ങളത് കേസാക്കുമോ?"

"വീട്ടിനകത്തിട്ട് എന്തുവേണമെങ്കിലും ചെയ്തോ. പക്ഷേ, കംപ്ലെയ്ന്റുണ്ടാകരുത്."

സംസാരിച്ചു നിൽക്കെ ടയോട്ട ഫോർച്യൂണർ ഗേറ്റ് കടന്നു വന്നു. കാർ മുറ്റത്തിന്റെ നേരേ മുൻഭാഗത്തു വന്നിട്ട് റിവേഴ്സിൽ വടക്കുപുറത്തേക്കു നീങ്ങി. പിന്നെ ഗേറ്റിനഭിമുഖമായി നിന്നു.

ഇപ്പോൾ ഫോർച്യൂണറിനു കറുപ്പ്കൂടിയ സൺഫിലിമാണ് ഒട്ടിച്ചിട്ടുള്ളത്. അതിനാൽ പുറമെ നിൽക്കുന്നവർക്ക് അകത്തെ കാഴ്ചകൾ അത്ര വ്യക്തമല്ല.

ഡ്രൈവിങ് സീറ്റിൽനിന്നു സന്ദീപ് ഇറങ്ങി സിറ്റൗട്ടിനു നേർക്കു വന്നു.

"വീട്ടിലോട്ട് കേറാമല്ലോ, അല്ലേ. തടസ്സം എന്തെങ്കിലും ഒണ്ടോ?" സന്ദീപ് ജെയിംസ് കുര്യനോടു ചോദിച്ചു.

"ഇല്ല, നിങ്ങൾടെ ബന്ധുവീടല്ലേ."

എസ്.എച്ച്.ഒ. പറഞ്ഞു.

"ഓകെ. ഹരീന്ദ്രനങ്കിളേ... എന്തുണ്ട് വിശേഷം? ഒരു യാത്ര പോയിട്ട് വരികയാ. ശരിക്കും പറഞ്ഞാ ഇതിലെയല്ല വരേണ്ടത്. വണ്ണപ്പുറം മൂവാറ്റുപുഴ വഴി പോകേണ്ടതാ. അപ്പോ എസ്.പി. ഓഫീസീന്നു വിളിച്ചു പറഞ്ഞു അവിടെ ചെന്നിട്ടേ പോകാവൂന്ന്. അതു കാരണം കട്ടപ്പന കുട്ടിക്കാനം വഴി നേരെ ഇങ്ങു പോന്നു."

സന്ദീപ് സിറ്റൗട്ടിലേക്കു കയറി.

"ഒറ്റയ്ക്കേയുള്ളോ?"

ഹരീന്ദ്രൻ നെറ്റി ചുളിച്ച് അതൃപ്തിയോടെ ചോദിച്ചു.

"വേറെ ആളൊണ്ട്. നമുക്കൽപം സംസാരിച്ചിട്ട് വേണെങ്കി മാത്രം മറ്റുള്ളവരറിഞ്ഞാ മതിയല്ലോ."

"ഇവിടെ ഗെസ്റ്റൊണ്ട്. എന്തെങ്കിലും പറയാനൊണ്ടെങ്കി ഇവിടെ നിന്നോണ്ട് പറയാം."

"എനിക്ക് മല്ലികച്ചിറ്റയെ ഒന്നു കാണണം. അതാണ് പ്രധാനപ്പെട്ട സംഗതി. അഞ്ചു മിനിറ്റ് മതി. തടസ്സം ഒണ്ടോ? ഒണ്ടെങ്കിലും എനിക്കു സംസാരിച്ചേ പറ്റൂ."

ഹരീന്ദ്രൻ മറുപടി എന്തെങ്കിലും പറയുന്നതിനു മുൻപേ സന്ദീപ് സിറ്റൗട്ട് കടന്ന് ലിവിങ് റൂമിലേക്കും അവിടെനിന്നു ഹാളിലേക്കും പോയി.

ഹാളിൽ സംസാരിച്ചുകൊണ്ടിരുന്ന മല്ലികയും മധുവും തങ്കവും അഞ്ജനയും ഓർക്കാപ്പുറത്തു സന്ദീപിനെ കണ്ട് ആശ്ചര്യസ്തബ്ധരായി.

"ആഹാ! മധുവങ്കിൾ... തങ്കം ആന്റി നിങ്ങളായിരുന്നോ ഹരീന്ദ്രനങ്കിൾ പറഞ്ഞ ഗെസ്റ്റ്സ്. ഇത് വല്യ സർപ്രൈസാണല്ലോ."

സന്ദീപ് അതിശയംപൂണ്ട് അവരെയെല്ലാം മാറിമാറി നോക്കി. എന്നിട്ട് മല്ലികയുടെ അടുത്തേക്കു ചെന്നു.

"മല്ലികച്ചിറ്റയെ കാണാൻവേണ്ടി വന്നതാ ഞാൻ."

(ശേഷം 30-ാം പേജിൽ)

## മറക്കാതിരിക്കുക

(19-ാം പേജിൽനിന്നും)

നമുക്കു ദോഷം ആരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അവരോട് മനപ്പൂർവമായി ക്ഷമിക്കുക. ക്ഷമ ബലം എന്നു കേട്ടിട്ടില്ലേ? നമ്മെ ചതിച്ചവരോട്, വഞ്ചിച്ചവരോട്, വാക്കു പറഞ്ഞിട്ടു മാറിയവരോട് നാം ക്ഷമിക്കുമ്പോൾ ദൈവം നേരിട്ട് ഇടപെടാനുള്ള അവസരം നാം ഉണ്ടാക്കി കൊടുക്കുകയാണെന്ന കാര്യം ഓർത്താൽമതി. വിശുദ്ധ ബൈബിളിൽ മത്തായി സുവിശേഷം ആറാം അദ്ധ്യായത്തിൽ യേശു പറഞ്ഞു: "നിങ്ങൾ മനുഷ്യരോടും അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല." പുതുവത്സരത്തിൽ, ഇന്നുവരെ സഞ്ചരിച്ചിട്ടില്ലാത്ത പുതുവത്സര പാതയിൽകൂടി മുന്നേറുവാൻ ദൈവത്തിന്റെ സംരക്ഷണവും നല്ല സുഹൃത്തുക്കളുടെ കൈത്താങ്ങലും നമുക്കാവശ്യമാണ്. അതുറപ്പാക്കി മുന്നേറുന്നതോടൊപ്പം കഴിഞ്ഞകാലങ്ങളിൽ നമ്മെ സ്നേഹിച്ചവരെയും പ്രോത്സാഹിപ്പിച്ചവരെയും ഒന്ന് ഓർത്ത് നന്ദി പറയുവാനും മറക്കല്ലേ!

## മിനിമം വേജസ് വർദ്ധിപ്പിക്കുന്നു

(13-ാം പേജിൽനിന്നും)

രാജ്യത്തുടനീളമുള്ള ഏറ്റവും ഉയർന്ന നിരക്ക് നോക്കിയാൽ സാങ്കേതികമായി ഏറ്റവും ഉയർന്ന മണിക്കൂർ മിനിമം വേതനം $16.28 ഉള്ള സംസ്ഥാനമാണ് വാഷിങ്ടൺ.

ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുന്ന നെവാഡയുടെയും ഒറിഗോണിന്റെയും പുതിയ മിനിമം വേതനം യഥാക്രമം മണിക്കൂറിന് $12-ഉം $14.20-ഉം ആയിരിക്കും. ഫ്ളോറിഡയിലെ മിനിമം വേതനം സെപ്റ്റംബർ 30-ന് മണിക്കൂറിന് 13 ഡോളറായി ഉയർത്തും.

ഇമിഗ്രേഷൻ സ്റ്റാറ്റസ്, വൈകല്യം അല്ലെങ്കിൽ ബുദ്ധിമുട്ടുള്ള ജോലി സ്ഥലം എന്നിവ കാരണം ചൂഷണത്തിന് ഇരയാകാൻ സാദ്ധ്യതയുള്ള നിരവധി തൊഴിലാളികൾക്ക് മിനിമം വേതന വർദ്ധനവ് സുപ്രധാനമാണ്. (മാത്രമല്ല, വരാനിരിക്കുന്ന ഇലക്ഷനിൽ വോട്ടുകൾ കുറയാതിരിക്കാനും).

## പ്രകാശഗോപുരങ്ങൾ

(18-ാം പേജിൽനിന്നും)

ജീവനും ജീവിക്കുക എന്നതും തന്നെ പ്രധാനം. സാധാരണ മനുഷ്യരുടെയല്ല മനുഷ്യരെ നയിക്കുന്ന പണിയിൽ കച്ചകെട്ടിയിറങ്ങിയിരിക്കുന്നവരുടെ കണ്ണുകളാണ് തുറക്കപ്പെടേണ്ടത്. നമുക്ക് ഇനിയും ധാരാളം പ്രകാശഗോപുരങ്ങൾ വേണം. കാരണം, പ്രപഞ്ചം കൂടുതൽ വിശാലമായിരിക്കുന്നു. അല്ലെങ്കിൽ വെളുത്ത ഉടുപ്പുമിട്ട് ചതിക്കുന്ന ഇരുട്ട് വർദ്ധിച്ചിരിക്കുന്നു.

പ്രസംഗങ്ങൾക്കല്ല പ്രവൃത്തികൾക്കാണ് വില. നയിക്കേണ്ടവരുടെ മൂല്യച്യുതിയും ആത്മവഞ്ചനാപരമായ പ്രവർത്തനങ്ങളും അണികളുടെ ആത്മബലം തകർക്കും. ജീവിതം ദുസ്സഹമാകും.

ആത്മീയർ, അദ്ധ്യാപകർ, രാഷ്ട്രീയനേതാക്കൾ മുതലായ ജനങ്ങളുടെ വഴികാട്ടികളാകേണ്ടവരുടെ തെറ്റുകൾക്ക് വലിപ്പം കൂടുതലാണ് എന്ന തിരിച്ചറിവ് ലഭിക്കട്ടെ.

പക്ഷേ, രോഗങ്ങൾ കൃത്രിമമായി സൃഷ്ടിച്ച് അതിനു പിന്നെ മരുന്നുണ്ടാക്കി വിറ്റു കാശാക്കുന്ന ഈ കാലം എന്തൊരു കലികാലം അല്ലേ? തന്റെ പിതാവിന്റെ ആലയം വില്പനചരക്കാക്കുന്നവരെ ആട്ടിയോടിക്കുകയും വിഗ്രഹാരാധന തച്ചുടയ്ക്കുകയും ചെയ്തവനെയും മറ്റു ദൈവങ്ങളെയും വീണ്ടും വിറ്റു കാശുണ്ടാക്കുന്നവരുടെ കൂടെയായിരിക്കുന്ന കാലം എന്തൊരു കലികാലം, അല്ലേ? പക്ഷേ, പ്രതീക്ഷ കൈവിടാതെ നമുക്ക് പ്രാർത്ഥന തുടരാം അല്ലേ?

മുഹൂർത്തം ജ്വലിതം ശ്രേയോഃ

നഃ തു ധൂമായിതം ചിരം... (മഹാഭാരതം)

ഒന്നാളിക്കത്തുന്നതാണ് ഏറെ നേരം പുകഞ്ഞു കിടക്കുന്നതിനേക്കാൾ അഭികാമ്യം.

കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ അല്ലേ?

## പുതുവർഷം പൂകിയിരുന്നെങ്കിൽ!

(18-ാം പേജിൽനിന്നും)

പെട്ടെന്നാണ് തന്റെ കാതുകളിൽ മുഴങ്ങിയ ശബ്ദം തന്നിലെ കനലുകളെ ജ്വാലയാക്കി മാറ്റിയത്. "നിന്റെ പൂർവ്വസ്ഥിതി അല്പമായി തോന്നും; നിന്റെ അന്ത്യസ്ഥിതി അതിമഹത്തായിരിക്കും."

ഇതു കേവലം ഭംഗിവാക്കുകളായിരുന്നില്ല. ഈയോബിന്റെ പുസ്തകത്തിലെ നാല്പത്തിയൊന്ന് അദ്ധ്യായങ്ങൾ വേദനകളുടെയും നഷ്ടങ്ങളുടെയും ആക്ഷേപങ്ങളുടെയും അക്ഷരങ്ങൾ കൊണ്ട് കുത്തിനിറച്ചതായിരുന്നെങ്കിൽ നാല്പത്തിരണ്ടാം അദ്ധ്യായം ഇന്നലെകളുടെ ചരിത്രം തിരുത്തിക്കുറിക്കുന്നതാണ്. നിന്ദിച്ചവർ പോലും വന്ദിക്കുന്ന ചരിത്രമാണ് കാണുന്നത്.

ദൈവം നമ്മുടെ സ്ഥിതികളെ മാറ്റുവാൻ കഴിവുള്ളവനാണ്. നാം നീതിയുടെ പക്ഷത്തു നിന്നുകൊടുത്താൽ മതി. പുതുവർഷത്തിൽ പൂർവ്വകാലങ്ങളേക്കാൾ നമ്മുടെ സ്ഥിതി അതിമഹത്വമുള്ളതായി മാറട്ടെ.

അതിന് ആരെങ്കിലും കൂടെയുണ്ടോ എന്നു നോക്കി നിരാശപ്പെടാതെ ദൈവം കൂടെയുണ്ടോ എന്ന് ഉറപ്പുവരുത്തുക.

നന്മയും കരുണയും ഏവരെയും പിന്തുടരുവാൻ ദൈവം അനുവദിക്കട്ടെ!

## നോവൽ

(29-ാം പേജിൽ നിന്നും)

അവൻ അവരുടെ നേർക്കു കൈനീട്ടി. മല്ലിക ആ കയ്യിൽ ബലമായി പിടിച്ച്, കസേരയിൽനിന്ന് എഴുന്നേറ്റു. സന്ദീപ് അവരെ മൃദുവായി ആശ്ലേഷിച്ചു.

പിന്നെ ആലിംഗനം വിട്ട് അവരോടു പുഞ്ചിരിച്ചു.

"എന്നെ കാണാൻ വേണ്ടിയോ?" മല്ലിക അവന്റെ വിരലുകളിൽ തെരുപ്പിടിച്ചുകൊണ്ട് സന്തോഷം പൂണ്ടു.

"നീ വന്നുപോയിട്ട് അധികം ദിവസം ആയില്ലല്ലോ."

"ഞാൻ ഇനി കൂടെക്കൂടെ വരും. ഞാനൊരു അന്വേഷണത്തിലല്ലേ. അതിന്റെ വിവരങ്ങൾ ചിറ്റയെ അറിയിക്കണ്ടേ."

"ആ- അതുവേണം." മല്ലിക പുഞ്ചിരിച്ച് തലയാട്ടി.

അപ്പോഴേക്കും ഭാസ്കരമേനോനും ജഗന്നാഥക്കുറുപ്പും കൂടി ഹാളിലേക്കു വന്നു.

"ഹായ് - ഇതാര്! ഭാസിയമ്മാമ...!"

സന്ദീപ് അദ്ഭുതസ്തബ്ധനായി.

"ഇതെപ്പോ വന്നു... എന്നു വന്നു? ആരും പറഞ്ഞില്ല. ഭയങ്കര സർപ്രൈസായല്ലോ."

ഭാസ്കരമേനോന്റെ മുഖത്ത് യാതൊരു തെളിച്ചവും ഉണ്ടായില്ല.

"ഞാൻ എവിടെയൊക്കെ പോകുന്നെന്ന് നീയെന്തിനാ അറിയുന്നത്... നിന്നോടു പറയണമെന്നു നിയമം വല്ലതും ഒണ്ടോ? പോണ്ടിച്ചേരീൽ വന്നിട്ട് ആരോടും പറയാതെ മുങ്ങിയവനല്ലേ നീ."

"ഭാസിയമ്മാമേ സോറി. അങ്ങനൊക്കെ സംഭവിച്ചുപോയി. ഞാൻ പോണ്ടിച്ചേരിക്കു വന്നതിന്റെ ആഫ്ടർ എഫക്ടായിരിക്കുമല്ലോ ഭാസിയമ്മാമേടെ ഈ മണിമല വിസിറ്റ്."

"അതവിടെ നിൽക്കട്ടെ. നീയിപ്പോ എന്തിനാ ഇങ്ങോട്ടു വന്നിരിക്കുന്നെ?"

"മല്ലികച്ചിറ്റയെ ഒന്നു കണ്ടിട്ടു പോകാമെന്നു കരുതി."

"കണ്ടല്ലോ- ഇനി സ്ഥലം വിട്ടേക്ക്."

"എനിക്കു സംസാരിക്കണം ഭാസിയമ്മാമേ..."

"ഇവിടെയാർക്കും നിന്റെ പ്രസംഗം കേൾക്കണ്ട. വേഗം സ്ഥലം വിടാൻ നോക്ക്."

"ഭാസിയമ്മാമേ, ഞാൻ പോലീസ് എസ്കോർട്ടോടെയാണു വന്നിരിക്കുന്നെ. എന്നെ നിങ്ങൾക്കു തടയാൻ പറ്റില്ല."

ഭാസ്ക്കരമേനോൻ തലതിരിച്ചു നോക്കിയപ്പോൾ ലിവിങ് റൂമിന്റെ വാതിൽക്കൽ ഹരീന്ദ്രൻ മിണ്ടാതെ നിൽക്കുന്നതു കണ്ടു.

അതിനു പിന്നിൽ സിറ്റൗട്ടിൽ പോലീസ് യൂണിഫോമും കാണായി.

"രണ്ടുമൂന്നു കാര്യങ്ങൾ പറഞ്ഞിട്ട് ഞാൻ പെട്ടെന്ന് പൊയ്ക്കോളാം."

ആരും അനങ്ങിയില്ല. വേണ്ടത്ര തയാറെടുപ്പിലാണു സന്ദീപ് എത്തിയിരിക്കുന്നതെന്ന് എല്ലാവർക്കും ബോധ്യപ്പെട്ടു കഴിഞ്ഞു.

ഉണ്ണിമായയും ഉണ്ണിയും ഡൈനിങ് ടേബിളിനടുത്ത് പ്രത്യക്ഷപ്പെട്ടു. സന്ദീപ് അവരെ കയ്യുയർത്തിക്കാട്ടി.

"ആന്റീ നമസ്കാരം."

ഉണ്ണിമായ സൗഹാർദ ഭാവത്തിൽ പുഞ്ചിരിച്ചു.

"മല്ലികച്ചിറ്റ അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട ചില സംഗതികൾ മാത്രം പറയാം. അതിലൊന്ന്-

മാളവികയും ചന്ദ്രബാബുവും മക്കളും കുടുംബവുമൊക്കെയായിട്ട് എവിടെയോ സുഖമായിട്ട് ജീവിച്ചിരിപ്പുണ്ടെന്നാണല്ലോ ചിറ്റയുടെ സങ്കൽപം. എന്നാൽ അതു തെറ്റാണ്. മണിമലയിൽ നിന്ന് പോയി മുറിഞ്ഞപുഴ എന്ന സ്ഥലത്ത് വീടും സ്ഥലവും വാങ്ങി താമസിച്ചുകൊണ്ട്, ഏലപ്പാറ-കുമളി റൂട്ടിലെ ഒരു ബസിൽ കണ്ടക്ടറായി ജോലി ചെയ്തോണ്ടിരുന്ന ചന്ദ്രബാബുവിനെ ആറുമാസത്തിനുശേഷം ഒരു രാത്രി ഏലപ്പാറയിൽവെച്ച് കാണാതായി. ഇരുപത്തിരണ്ടു വർഷം കഴിഞ്ഞു- ഇതുവരെ യാതൊരു വിവരവുമില്ല."

മല്ലിക താൻ കേൾക്കുന്നത് സത്യമോ മിഥ്യയോ എന്നു തീർച്ചയില്ലാതെ സ്തബ്ധയായി നിന്നു.

"രണ്ടാമത്തെ സംഗതി- മകനെ നഷ്ടപ്പെട്ടശേഷം വീടും സ്ഥലവും വിറ്റ് ഇടുക്കിക്കു സമീപം പെരിയാർവാലി എന്ന സ്ഥലത്തേക്കു പോയ ശേഖരൻ കുട്ടിയെയും കുടുംബത്തെയും മാളവികയെയും നിങ്ങളുടെ കുടുംബക്കാർ വെറുതെ വിട്ടില്ല.

മാളവികയ്ക്കു സുഖപ്രസവോം ചികിത്സാ സൗകര്യോം ശരിയാക്കാനെന്നു പറഞ്ഞ് ചിറ്റേടെ ആളുകൾ ഒരു രാത്രി പെരിയാർവാലിയിൽ ചെന്ന് മാളവികയെ കൂട്ടിക്കൊണ്ടു പോയി.

പിന്നീടിന്നേവരെ ആ വീട്ടുകാർ അവളെ കണ്ടിട്ടില്ല.

വർഷം ഇരുപത്തിരണ്ട് ആകുന്നു. ഞാനീ സ്ഥലങ്ങളിലെല്ലാം പോയി അന്വേഷിച്ച് തെളിവെടുത്തു കൊണ്ടുവന്നിരിക്കയാണ്."

മല്ലികയുടെ ചകിതമായ നോട്ടം പതറിപ്പതറി തന്റെ ഭർത്താവിലും മകനിലും ഒടുവിൽ ഭാസ്കരമേനോനിലും ചെന്നു തടഞ്ഞു.

സന്ദീപ് ഫോൺ എടുത്ത് ഒരു നമ്പർ വിളിച്ചു. മറുവശത്തുനിന്നു ഹലോ കേട്ടപ്പോൾ അവൻ പറഞ്ഞു:

"കിച്ചൂ... പ്ലീസ്..." അവൻ കോൾ കട്ട് ചെയ്തു.

"ഇതെല്ലാം അന്വേഷിച്ചു കണ്ടുപിടിച്ചിട്ട് നീ എന്തു ചെയ്യാനാ ഉദ്ദേശിക്കുന്നത്?" ഭാസ്കരമേനോൻ ചോദിച്ചു.

"ഒന്നുമില്ല ഭാസിയമ്മാമേ... നിങ്ങളെയാരേം ഒന്നും ചെയ്യാൻ വേണ്ടിയല്ല. ഒരു മിനിറ്റ് - ഇതുവരെ പറയാത്ത ഒരു കാര്യംകൂടി പറഞ്ഞിട്ട് ഞാൻ പൊയ്ക്കോളാം..." സന്ദീപ് പറഞ്ഞു.

ഹാളിൽ മൊട്ടുസൂചി വീണാൽ കേൾക്കാവുന്ന നിശ്ശബ്ദതയായി.

(തുടരും)


SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

*Subscription fee non-refundable*

VISA

MasterCard

DISCOVER


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863


കൈരളി ടി. വി.
KAIRALI
THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI
THE MALAYALAM CHANNEL
People
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**